കുട്ടികൾക്കു വേണ്ടിയുള്ള ജില്ലാതല കർമ്മ പരിപാടി

(ബാലസൗഹൃദ ജില്ലക്കൊരു രൂപരേഖ)

ജില്ലാ ആസൂത്രണ സമിതി, തൃശ്ശൂർ

കുട്ടികൾക്കായുള്ള ജില്ലാ കർമ്മപരിപാടി

(ബാലസൗഹൃദ ജില്ലക്കൊരു രൂപരേഖ)

ജില്ലാ ആസൂത്രണ സമിതി - തൃശൂർ

ആമുഖം

തൃശ്ശൂർ ജില്ലയിലെ തദ്ദേശസ്ഥാപനങ്ങൾ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും നടപ്പിലാക്കുന്നതിനും എന്നും മുൻ നിരയിലാണ്. ഇത് സാധ്യമാകുന്നത് പ്രധാനമായും കിലയുടെ നിർലോഭമായ സഹകരണവും ജില്ലയിലെ തദ്ദേശഭരണസ്ഥാപനങ്ങളുടെ പങ്കാളിത്തവും കൊണ്ടാണ്. ബാലസൗഹൃദ തദ്ദേശഭരണം എന്ന ആശയം കിലയുടെ സഹകരണത്തോടെ വിഭാവനം ചെയ്യുമ്പോൾ കുട്ടികൾക്ക് അനുയോജ്യമായ ജില്ല എന്ന ലക്ഷ്യത്തിലേക്കാണ് ഊന്നൽ നൽകിയിട്ടുള്ളത്. പ്രധാനമായും ബാലസൗഹൃദതദ്ദേശഭരണം ഗ്രാമപഞ്ചായത്ത്, മുനിസിസപ്പൽ തലത്തിലാണെങ്കിലും തൃശ്ശൂർ ജില്ല ആസൂത്രണ സമിതി അത് ജില്ലയിലെ മുഴുവൻ തദ്ദേശഭരണസ്ഥാപനങ്ങളിലും പ്രവർത്തിപഥത്തിൽ കൊണ്ട് വരുന്നതിന് മുൻകൈ എടുക്കുകയായിരുന്നു. അത്കൊണ്ട് തന്നെ തൃശ്ശൂർ ജില്ല സംസ്ഥാനത്തെ ആദ്യത്തെ ബാലസൗഹൃദജില്ലയായി മാറുന്നതിന് തയ്യാറാവുകയാണ്. ഈ യജ്ഞം സാക്ഷാൽക്കരിക്കുന്നതിന് വിഭാവനം ചെയ്ത തൃശ്ശൂർ ജില്ലയുടെ കുട്ടികൾക്കായുള്ള കർമ്മപരിപാടിയിൽ ജില്ലാപഞ്ചായത്തും, ജില്ലാആസൂത്രണ സമിതിയും കൈകോർത്തിരുന്നു. കിലയും യൂണിസെഫുമായി പലവട്ടം ഈ ആവശ്യത്തിന് ഞങ്ങൾ വിശദമായ ചർച്ചകൾ നടത്തി.. ജില്ല കളക്ടർ ഡോ. എ. കൗശികന്റെ നിർലോഭമായ സഹകരണവും ഈ അവസരത്തിൽ നന്ദി പൂർവ്വം ഓർക്കുന്നു.

മുൻ ജില്ലാആസൂത്രണ സമിതി ചെയർ പേഴ്സണായിരുന്ന ശ്രീമതി ഷീല വിജയകുമാർ വഹിച്ച നേതൃത്വവും, ജില്ലാപഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ ശ്രീമതി പത്മിനി ടീച്ചറുടെ പിൻതുണയും എടുത്തുപറയേണ്ടതാണ്. അത് പോലെ കിലയിലെ ഡയറക്ടർ ഡോ. ജോയ് ഇളമൺ, ഡോ.പീറ്റർ എം രാജ്, പൂക്കോട് വെറ്റിനറി യൂണിവേഴ്സിറ്റിയിലെ സ്റ്റാറ്റിസ്റ്റിക്കൽ ഡിപ്പാർട്ട്മെന്റിലെ ഡോ.സുനന്ദ, കിലയിലെ മറ്റു വിദഗ്ദർ ആയ ശ്രീ. എം.ജി.കാളിദാസൻ, ശ്രീ.സജിവ്.കെ.ജി, ശ്രീ.ഭാസ്ക്കരൻ പള്ളിക്കര, ശ്രീമതി.റിസ്മിയ. ആർ.ഐ എന്നിവരുടെ സേവനങ്ങൾക്ക് ഞങ്ങൾ കടപ്പെട്ടിരിക്കുന്നു. ചെന്നൈ യൂണിസെഫ് ഓഫീസിലെ ശ്രീ. ജോബ് സക്കറിയയുടേയും, ഡോ.അകില രാധാകൃഷ്ണന്റേയും മാർഗ്ഗനിർദ്ദേശങ്ങൾക്കും പിൻതുണക്കും ഞങ്ങൾ നന്ദി അറിയിക്കുന്നു. സംസ്ഥാനത്തിലുടനീളം ഈ മാതൃക പിൻതുടരാൻ ആവശ്യമായ നടപടികൾ കേരള സർക്കാരും കിലയും സ്വീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

തൃശ്ശൂർ
മെയ് 2018

ശ്രീമതി. മേരി തോമസ്സ്
ചെയർപേഴ്സൺ, ജില്ലാ ആസൂത്രണസമിതി, തൃശ്ശൂർ

സന്ദേശം

കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കിലയുടെ സാങ്കേതിക സഹായത്തോടെ നടപ്പിലാക്കിവരുന്ന ബാലസൗഹൃദതദ്ദേശഭരണ സംരംഭം താഴെ തട്ടിൽ നിന്നും ഉയർന്നുവരുന്ന ഭരണപരിഷ്ക്കാരത്തിനുള്ള നല്ലൊരു മാതൃകയാണ്. കേരളത്തിലെ പല തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും ബാലസൗഹൃദതദ്ദേശഭരണത്തിന്റെ പ്രാധാന്യം പ്രാദേശിക വികസനത്തിന് ഒഴിച്ചുകൂടാൻ കഴിയാത്ത ഒരിനമാണെന്ന് തിരിച്ചറിയാൻ തുടങ്ങിയിട്ടുണ്ട്. കുട്ടികളുടെ മേഖലയിലുള്ള ഏതൊരു ഇടപെടലും പലവകുപ്പുകളുടെ കൂട്ടായതും സംയോജിതവുമായ പ്രവർത്തനത്തിലൂടെ മാത്രമേ സാധ്യമാകുകയുള്ളു. ബാലസൗഹൃദതദ്ദേശഭരണ സംരംഭം തൃശ്ശൂർ ജില്ല ആസൂത്രണ സമിതിയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുവാൻ തീരുമാനിച്ചതിലുള്ള അഭിനന്ദനം അറിയിക്കുന്നു. തൃശ്ശൂർ ജില്ല ആസൂത്രണസമിതി ജില്ലയിലെ തദ്ദേശഭരണസ്ഥാപനങ്ങളെ ഏകോപ്പിച്ചുകൊണ്ട് കിലയുടെ സാങ്കേതിക സഹായത്തോടെ ജില്ലക്ക് പൊതുവായി കുട്ടികൾക്കായുള്ള കർമ്മ പരിപാടി തയ്യാറാക്കിയതിനുള്ള സന്തോഷം പങ്ക് വെക്കുന്നതോടൊപ്പം വരും വർഷങ്ങളിൽ കുട്ടികളുടെ അവകാശസംരക്ഷണങ്ങളിൽ ഇടപെടുന്നതിന് ഈ രേഖ സഹായകരമാകുമെന്ന് പ്രത്യാശിക്കുന്നു. സംസ്ഥാനത്തിലുടനീളം ഈ അനുഭവം വ്യാപിപ്പിക്കുന്നതിന് കില ആവശ്യമായ നടപടികൾ ജില്ല ആസൂത്രണ സമിതികളുമായി ബന്ധപ്പെട്ട് സ്വീകരിക്കുന്നതാണ്.

തൃശ്ശൂർ ജില്ല ആസൂത്രണസമിതി അദ്ധ്യക്ഷയായ ശ്രീമതി മേരി തോമസ്സ്, മുൻ അദ്ധ്യക്ഷ ശ്രീമതി ഷീല വിജയകുമാർ, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ ശ്രീമതി പത്മിനി ടീച്ചർ എന്നിവർ ഈ റിപ്പോർട്ട് പൂർത്തീകരിക്കുന്നതിന് നൽകിയ സേവനത്തിനുള്ള നന്ദി ഞാൻ രേഖപ്പെടുത്തുന്നു. യൂണിസെഫ് ചെന്നൈ റീജിയനിലുള്ള ശ്രീ. ജോബ് സക്കറിയ, ഡോ. അകില രാധാകൃഷ്ണൻ എന്നിവർ നൽകിയ മാർഗ്ഗനിർദ്ദേശത്തിനും സഹകരണത്തിനും ഞങ്ങൾ കൃതാർത്ഥരാണ്. കൂടാതെ കിലയിലെ അസോസിയേറ്റ് പ്രൊഫസർ ഡോ. പീറ്റർ എം രാജ്, മറ്റു വിദഗ്ദർ ശ്രീ.എം.ജി.കാളിദാസൻ, ശ്രീ.സജിവ്.കെ.ജി, ശ്രീ. ഭാസ്ക്കരൻ പള്ളിക്കര, ശ്രീമതി.റിസ്മിയ.ആർ.ഐ എന്നിവർ പദ്ധതി പൂർത്തീകരണത്തിന് നൽകിയ ആത്മാർത്ഥ പരിശ്രമത്തെ ഞാൻ പ്രത്യേകം അഭിനന്ദിക്കുന്നു. ഈ രേഖ തീർച്ചയായും തൃശ്ശൂർ ജില്ല ബാലസൗഹൃദമാക്കുന്നതിന്റെ തുടർ നടപടികൾക്ക് പ്രചോദനം ആകുമെന്ന് പ്രതീക്ഷിക്കുന്നു.

കില

മെയ് 2018

ഡോ.ജോയ് ഇളമൺ

ഡയറക്ടർകേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ

കുട്ടികൾക്ക് വേണ്ടിയുള്ള തൃശൂർ ജില്ലാ കർമ്മ പരിപാടി

ആമുഖം

അന്തർദേശീയ, ദേശീയ, സംസ്ഥാനതലത്തിൽ കുട്ടികൾക്കായുള്ള കർമ്മ പദ്ധതികളും കൺവെൻഷനുകളും മുന്നോട്ടു വെക്കുന്ന രീതിശാസ്ത്രവും തത്വങ്ങളെയും അടിസ്ഥാനപെടുത്തി തയ്യാറാക്കിയിട്ടുള്ള കുട്ടികൾക്കായുള്ള ജില്ല കർമ്മപദ്ധതിയുടെ ഒരു സംക്ഷിപ്ത രൂപമാണിത്. വികേന്ദ്രീകൃതാസൂത്രണത്തിന്റെ പശ്ചാത്തലത്തിൽ തയ്യാറാക്കപെടുന്ന ജില്ലാകർമ്മ പദ്ധതി താഴെ തട്ടിൽ നിന്നുള്ള അനുഭവപാഠം ഉൾക്കൊള്ളുന്നതായിരിക്കണം. തദ്ദേശഭരണസ്ഥാപനങ്ങൾക്ക് പങ്കാളിത്ത ആസൂത്രണത്തിലുള്ള അനുഭവസമ്പത്ത് കേരളത്തിൽ കുട്ടികൾക്കായുള്ള ജില്ലാതലകർമ്മപദ്ധതിക്ക് രൂപം കൊടുക്കാനും ബാലസൗഹൃദ ജില്ല എന്ന ആശയത്തിന് തുടക്കം കുറിക്കാനും നടപ്പിൽ വരുത്താനും വഴി തെളിയിക്കും.

കുട്ടികൾക്കായുള്ള തൃശ്ശൂർ ജില്ലാ കർമ്മ പദ്ധതിയിൽ ഏഴ് അദ്ധ്യായങ്ങൾ ഉണ്ട്. ആദ്യത്തെ അദ്ധ്യായം സംസ്ഥാന കർമ്മപദ്ധതികളുടേയും, ദേശീയ അന്തർദേശീയ വിജ്ഞാപനങ്ങളുടേയും പശ്ചാതലത്തിൽ ശിശു വികസനത്തെ പരിചയപ്പെടുത്തുന്നു. രണ്ടാം അദ്ധ്യായം കുട്ടികൾക്കായുള്ള ദേശീയ കർമ്മപദ്ധതിയിൽ നിന്ന് സംസ്ഥാന - ജില്ലാതല കുട്ടികൾക്കായുള്ള കർമ്മ പദ്ധതിയിൽ ഏതൊക്കെ പാഠങ്ങൾ ഉൾകൊള്ളണമെന്ന് ചർച്ച ചെയ്യുന്നു. മൂന്നാം അദ്ധ്യായത്തിൽ തൃശ്ശൂർ ജില്ലാ കർമ്മപദ്ധതിയുടെ രീതി ശാസ്ത്രം, ലക്ഷ്യങ്ങൾ, നയങ്ങൾ തുടങ്ങിയവ ഉൾപ്പെടുത്തിയിരിക്കുന്നു. ലഭ്യമായ വിവരങ്ങളെ അടിസ്ഥാനപ്പെടുത്തി തൃശ്ശൂർ ജില്ലയിലെ കുട്ടികൾക്കായുള്ള ഇടപെടലുകൾ മുൻഗണനാ ക്രമത്തിൽ നാലാം അദ്ധ്യായത്തിൽ അവലോകനം ചെയ്യുന്നു. തൃശ്ശൂർ ജില്ലയിൽ വെച്ച് നടന്ന കുട്ടികൾക്കായുള്ള പ്രത്യേക ഗ്രാമസഭകളിൽ നിന്ന് ഉയർന്നുവന്ന പ്രശ്നങ്ങളും, നിർദ്ദേശങ്ങളും സംഗ്രഹിച്ച് അവതരിപ്പിച്ചിട്ടുണ്ട്. ഹ്രസ്വകാല, മധ്യകാല, ദീർഘകാല അടിസ്ഥാനത്തിൽ കുട്ടികൾക്കായുള്ള ഇടപെടലുകൾ തയ്യാറാക്കുന്നതിനായിട്ടുള്ള രൂപരേഖ അഞ്ചാം അദ്ധ്യായം മുന്നോട്ടുവെയ്ക്കുന്നു. ബാലസൗഹൃദജില്ലയിലേക്ക് നയിക്കുന്ന, ഘട്ടംഘട്ടമായി നടത്തേണ്ട പ്രവർത്തനങ്ങൾ നിർദ്ദേശിക്കുന്നതാണ് ആറാം അദ്ധ്യായം. തൃശ്ശൂർ ജില്ലയിലെ കുട്ടികളുടെ ക്രോഡീകരിച്ച വിവരങ്ങൾ അനുബന്ധം ഒന്ന്, രണ്ട് എന്നിവയിൽ നൽകിയിട്ടുണ്ട്.

തൃശ്ശൂർ ജില്ലയിലെ തദ്ദേശഭരണസ്ഥാപനങ്ങൾ നൽകിയ വിവരങ്ങളും, മറ്റു പല സ്രോതസ്സുകളിൽ നിന്നും ലഭ്യമായ സെക്കണ്ടറി ഡാറ്റയേയും അടിസ്ഥാനപ്പെടുത്തിയാണ് ഈ കർമ്മപദ്ധതി തയ്യാറാക്കിയിട്ടുള്ളത്. ചില വികസ സൂചകങ്ങളിൽ നൽകിയിട്ടുള്ള വിവരങ്ങൾ പൂർണ്ണമല്ല. എന്നിരുന്നാലും കുട്ടികൾക്കായുള്ള കൃത്യമായ ജില്ലാതല കർമ്മപദ്ധതി രൂപീകരിക്കുന്നതിനായി കുട്ടികളുടെ പ്രധാന വികസന മേഖലകളിലെ വിശ്വസിനീയമായ വിവരങ്ങൾ ശേഖരിക്കേണ്ടതിന്റെ ആവശ്യകതയെ സൂചിപ്പിക്കുന്നു. അതുപോലെ തന്നെ കുട്ടികളുടെ വിവരങ്ങൾ കാലോചിതമായി പരിഷ്ക്കരിക്കേണ്ടതും അനിവാര്യമാണ്.

കില
മെയ്2018

ഡോ.പീറ്റർ എം രാജ്
അസോസ്സിയേറ്റ് പ്രൊഫസർ,
കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ

ഉള്ളടക്കം

അദ്ധ്യായം	വിഷയം	പേജ് നം
1	ആമുഖം - കുട്ടികളും കുട്ടികളുടെ വികസനവും	13
2	കുട്ടികൾക്കായുള്ള കർമ്മപരിപാടി	17
3	കുട്ടികൾക്കായുള്ള തൃശ്ശൂർ ജില്ലാതല കർമ്മപരിപാടി	23
4	തൃശ്ശൂർ ജില്ലയിലെ കുട്ടികൾ - പ്രധാന പ്രശ്നങ്ങളും പരിഹാര നടപടികളും	31
എ)	അതിജീവനാവകാശം	33
ബി)	വികസനാവകാശം	40
സി)	സംരക്ഷണാവകാശം	49
ഡി)	പങ്കാളിത്താവകാശം	56
5	കുട്ടികൾക്കായുള്ള കർമ്മപദ്ധതിയിൽ നിന്ന് ഇടപെടലിലേക്ക്	61
6	തൃശ്ശൂർ ജില്ല ബാലസൗഹൃദ തലത്തിലേക്ക്	65
അനുബന്ധം 1	തൃശ്ശൂർജില്ല ഒറ്റനോട്ടത്തിൽ	67
അനുബന്ധം 2	തൃശ്ശൂർ - വിവരശേഖര സംക്ഷിപ്തം	68
അനുബന്ധം 3	തൃശ്ശൂർ ജില്ല - കുട്ടികളുടെ അവസ്ഥാ വിശകലനം	81
അനുബന്ധം 4	പദസംഗ്രഹം	121

പട്ടികകളുടെ ലിസ്റ്റ്

ക്രമ നമ്പർ	ഇനം
3.1	കുട്ടികൾക്കായുള്ള ജില്ലാ കർമ്മപരിപാടി - പ്രധാന നാഴിക കല്ലുകൾ
3.2	തൃശ്ശൂർ ജില്ലയിലെ കുട്ടികളുടെ വിവര ഉറവിടം
4.1	തൃശ്ശൂർ ജില്ലയിലെ കുട്ടികളുടെ അവസ്ഥ ഒറ്റ നോട്ടത്തിൽ
4.2	കുട്ടികളുടെ ലിംഗാനുപാതം
4.3	വിവിധ ജില്ലകളിലെ കുട്ടികളുടെ ലിംഗാനുപാതം
4.4	നിലവിലെ ശിശുമരണ നിരക്ക്
4.5	പ്രതിരോധ കുത്തിവെയ്പ്പും പകർച്ച വ്യാധി തടയലും
4.6	ശിശുസംരക്ഷണവും വിദ്യാഭ്യാസവും - നിലവിലെ അവസ്ഥ
4.7	കുട്ടികളുടെ പോഷണാരോഗ്യം
4.8	അങ്കണവാടി മേന്മവൽക്കരണം
4.9	കുട്ടികളുടെ സ്കൂൾ കൊഴിഞ്ഞുപോക്ക് - മുടങ്ങൾ
4.10	സ്ക്കൂൾ ഭൗതിക സൗകര്യങ്ങൾ
4.11	ഭിന്നശേഷി കുട്ടികളുടെ ജനസംഖ്യ
4.12	ഭിന്നശേഷി കുട്ടികളുടെ വിദ്യാഭ്യാസം
4.13	കുട്ടികളുടെ അപായ സാധ്യതയുടെ അവസ്ഥ
4.14	കുട്ടികളുടെ പങ്കാളിത്ത സംവിധാനങ്ങൾ
4.15	കുട്ടികളുടെ പങ്കാളിത്ത പശ്ചാത്തല സംവിധാനങ്ങൾ
4.16	കുട്ടികളുടെ പ്രത്യേക ഗ്രാമസഭ
5	കുട്ടികളുടെ ഇടപെടൽ മേഖലകൾ
6	ബാലസൗഹൃദ ജില്ല നിർദ്ദേശിക്കപ്പെട്ട പ്രോജക്ടുകൾ

ഗ്രാഫുകളുടെ പട്ടിക

ക്രമ നമ്പർ	ഇനം
4.17	കുട്ടികളുടെ ഇടയിലെ ലിംഗാനുപാതം
4.18	നവജാതശിശുവിന്റെ ആരോഗ്യ നിലവാരം
4.19	അങ്കണവാടികളുടെ ഗുണനിലവാര നിർണ്ണയം
4.20	അടിസ്ഥാന സൗകര്യങ്ങളുടെ പിന്നോക്കാവസ്ഥയിലുള്ള സ്കൂളുകൾ
4.21	ശാരീരികവും മാനസീകവുമായ കുട്ടികളുടെ തരം
4.22	ബാലവികലാംഗ പ്രശ്നപരിഹാരങ്ങൾ

അദ്ധ്യായം-1

കുട്ടികളും, കുട്ടികളുടെ വികസനവും

കുട്ടികൾക്ക് അനുയോജ്യമായ ഒരു ലോകം സൃഷ്ടിക്കുന്നതിന്റെ ആവശ്യകത യു എൻ ജനറൽ അസംബ്ലി ഊന്നി പറഞ്ഞിട്ടുണ്ട്. ''കുട്ടികൾക്കനുയോജ്യമായ ലോകം'' സൃഷ്ടിക്കേണ്ടതിന്റെ ആവശ്യകത 1989 ൽ ഐക്യരാഷ്ട്രസഭ പുറത്തിറക്കിയ കുട്ടികൾക്കായുള്ള അവകാശ ഉടമ്പടിയിൽ പറഞ്ഞിട്ടുള്ള കാര്യമാണ്. 1992 ൽ ഈ ഉടമ്പടി ഇന്ത്യയും അംഗീകരിച്ചു. കുട്ടികളുടെ ആരോഗ്യകരമായ ജീവിതത്തെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കുട്ടികൾക്കായുള്ള ദേശീയ കർമ്മ പദ്ധതി (NPAC)യിലൂടെയാണ് ഇന്ത്യാഗവണ്മെന്റ് ഈ ഉടമ്പടി നടപ്പിലാക്കാൻ ശ്രമിക്കുന്നത്. ''ഏറ്റവും പിന്നോക്കാവസ്ഥയിലുള്ള കുട്ടിയെ മുന്നിലെത്തിക്കുക'' എന്നതാണ് ഈ പ്രഖ്യാപന രേഖയുടെ പ്രധാന ലക്ഷ്യത്തിലൊന്ന്. കുട്ടികൾക്ക് അവരുടെ നിലനിൽപ്പിനും നല്ല ആരോഗ്യം, വികസന അവസരം, സുരക്ഷ, അന്തസ്സ് എന്നിവക്കുള്ള അവകാശമുണ്ട്. ഇന്ന് അവർക്ക് വേണ്ടി നടത്തുന്ന മുതൽ മുടക്ക് ഭാവിയിൽ ഒരു രാഷ്ട്രത്തിന്റെ പുരോഗതിയുടേയും ഗുണമേന്മയുടേയും നിലവാരത്തെ ഗണ്യമായി നിർണ്ണയിക്കും. ലോകത്തിലെ ഏറ്റവും കൂടുതൽ കുട്ടികളുള്ള ഒരു രാജ്യമാണ് ഇന്ത്യ. രാജ്യത്തെ ജനസംഖ്യയുടെ 39 ശതമാനവും കുട്ടികളാണ്. 2011 ലെ സെൻസസ് പ്രകാരം കേരളത്തിലെ ജനസംഖ്യയിൽ 29.73 ശതമാനം കുട്ടികളാണ് എന്നുള്ളതെന്ന് ശ്രദ്ധേയമാണ്.

കുട്ടികളുടെ അവകാശ പ്രഖ്യാപനരേഖ ലോകത്താകമാനമുള്ള കുട്ടികളുടെ അവകാശങ്ങൾ ഉറപ്പാക്കുന്നത് സംബന്ധിച്ച് എല്ലാ ലോകരാജ്യങ്ങൾ തമ്മിലുള്ള ബാധ്യസ്ഥമാക്കുന്ന കരാറാണ്. കുട്ടികൾക്ക് വേണ്ടി ഇത് ലോകത്താകമാനം നടപ്പാക്കാമെന്ന് ഉറപ്പാക്കപ്പെട്ട അനിഷേധ്യമായ നിലവാരങ്ങളാണ് ഇതിന്റെ ഉള്ളടക്കം. എല്ലാ തലത്തിലുള്ള സർക്കാരുകളും (കേന്ദ്ര, സംസ്ഥാന,പ്രാദേശികം) കുട്ടികളുടെ എല്ലാ അവകാശങ്ങളും അനുഭവവേദ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഐക്യരാഷ്ട്രസഭയുടെ കുട്ടികൾക്കായുള്ള അവകാശ പ്രഖ്യാപന രേഖയിൽ 54 അനുഛേദങ്ങളാണ് ഉള്ളത്. ഈ അവകാശങ്ങളെ നാല് ശ്രേണികളിലായി അതിജീവനം, വികസനം, സംരക്ഷണം, പങ്കാളിത്തം എന്നിങ്ങനെ പ്രയോഗത്തിൽ കൊണ്ടു വരുന്നതിനായി തരം തിരിക്കാം. ഭാരത സർക്കാർ കുട്ടികളുടെ അവകാശങ്ങൾ ഉറപ്പാക്കുന്നതിനായി നിരവധി നയങ്ങളും പ്രഖ്യാപിച്ചിട്ടുണ്ട്.

കുട്ടിയെ സംബന്ധിച്ച് സ്നേഹവും പരിചരണവും സംരക്ഷണവും ലഭ്യമാക്കുന്നത് കൂടാതെ അവന്റെ / അവളുടെ അടിസ്ഥാനപരമായ ശാരീരികവും വൈകാരികവും മന:ശാസ്ത്രപരവുമായ ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള പ്രഥമ സാമൂഹ്യ വ്യവസ്ഥിതിയാണ് കുടുംബം. എന്നിരുന്നാലും സാധാരണ വളർച്ച, സുരക്ഷ എന്നിവക്കായി കുടുംബത്തിനു പുറമേ സർക്കാരിന്റെ പ്രത്യേക ശ്രദ്ധയും പരിചരണവും ആവശ്യമുള്ള കുട്ടികളുണ്ട്. ഈ വസ്തുത കണക്കിലെടുത്ത് സ്വാതന്ത്ര്യത്തിനുശേഷം കുട്ടികളുടെ സംരക്ഷണവും ക്ഷേമവും ഉറപ്പാക്കുന്നതിനായി കൂടുതൽ ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കുവാൻ സർക്കാർ ആരംഭിച്ചു. കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും ഉയർത്തികൊണ്ടു വരുന്നതിനും ഉള്ള ഇന്ത്യയുടെ സമീപനം ഭരണഘടനയിൽ കുട്ടികൾക്കായുള്ള അനുകൂല നിലപാടിൽ നിന്നുമാണ് ഉടലെടുത്തിട്ടുള്ളത്. കുട്ടികൾ ദുരുപയോഗങ്ങൾക്ക് വിധേയരാകുന്നില്ലെന്ന് ഉറപ്പു വരുത്തുന്നതിനുംസ്വാതന്ത്ര്യവും അന്തസ്സിനുമൊപ്പം അവരുടെ ആരോഗ്യകരമായ വികസനത്തിനുമുള്ള അവസരങ്ങളും സംവിധാനങ്ങളും പ്രദാനം ചെയ്യുന്നുവെന്ന് ഉറപ്പാക്കാനുള്ള ഉത്തരവാദിത്വം സർക്കാരുകൾക്കുണ്ട്.

കുട്ടികൾക്കായുള്ള വികസന സേവനങ്ങൾ ഇന്ത്യയിൽ

ഗ്രാമ പ്രദേശങ്ങൾക്കായി കേന്ദ്ര സാമൂഹ്യ ക്ഷേമ ബോർഡ് ആവിഷ്ക്കരിച്ച സ്ത്രീകളുടേയും കുട്ടികളുടേയും ദേശീയ പരിപാടി (Extesion projects)കുട്ടികളുടെ പോഷകാഹാരത്തെ സംബന്ധിച്ചആദ്യത്തെ ദേശീയ പരിപാടിയാണ്. നിലവിലുള്ള ക്ഷേമ പദ്ധതികൾ വിലയിരുത്തുന്ന സമിതി 1964 ൽ സംയോജിത അടിസ്ഥാനത്തിൽ കുട്ടികളുടെ വികസനത്തിനായി ബാലവികാസ കേന്ദ്രങ്ങൾ ആരംഭിക്കണമെന്ന് നിർദ്ദേശിച്ചു. ഗർഭകാല സംരക്ഷണം,സ്വയാർജിത പോഷണം (അപ്ലൈഡ് ന്യൂട്രീഷൻ) ഫാമിലി പ്ലാനിംഗ് എന്നിവ പ്രാഥമിക ആരോഗ്യകേന്ദ്രം, സബ് കേന്ദ്രങ്ങൾ എന്നിവയുടെ സേവനങ്ങൾ പ്രയോജനപ്പെടുത്തി പ്രീ-സ്കൂൾ കുട്ടികളുടെ സർവ്വതോമുഖമായ വികസനം ബാലവികാസ കേന്ദ്രങ്ങൾ വഴിയും ഉറപ്പാക്കേണ്ടിയിരിക്കുന്നു. ഇത് കുടുംബ വനിത ശിശു ക്ഷേമ പ്രോജക്ട് (FCWP) എന്ന പേരിൽ അറിയപ്പെട്ടു.സ്ത്രീകൾക്കായി ഇതോടൊപ്പം രൂപീകരിച്ച മഹിളാ മണ്ഡൽ ആയിരുന്നു പ്രധാന പ്രവർത്തന സഹായി. വനിത ശിശു വികസന മന്ത്രാലയം വഴി യൂണിസെഫ്, ലോകഭക്ഷ്യകൃഷി വികസന സംഘടന(FAO),ലോകാരോഗ്യ സംഘടന (WHO)

എന്നിവയുടെ സഹായത്തോടെ നടപ്പാക്കപ്പെട്ട അപ്ലൈഡ് ന്യൂട്രീഷൻ പ്രോഗ്രാം (ANP) ആയിരുന്നു പ്രധാന അനുപൂരക പോഷകാഹാര പരിപാടി. ഈ പരിപാടി 0-6 പ്രായപരിധിയിലുള്ള കുട്ടികൾക്കും ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കുമായി നിജപ്പെടുത്തിയിരുന്നു. 1970-71 ൽ പുതിയതായി സപ്ലിമെന്ററി ന്യൂട്രീഷ്ൻ പ്രോഗ്രാം (SNP) എന്ന പേരിൽ ഭാരതസർക്കാർ മറ്റൊരു പോഷകാഹാര പരിപാടിയും ആരംഭിച്ചു. പ്രതിവർഷം 250 ദിവസം കുട്ടികൾക്ക് 200 കലോറി ഭക്ഷണം കൂടുതലായി നൽകുകയായിരുന്നു ലക്ഷ്യം. ശിശു ക്ഷേമത്തിനായി ഇന്ത്യൻ കൗൺസിൽ ഫോർ ചൈൽഡ് വെൽഫെയറിന്റെ കീഴിൽ ഇതോടൊപ്പം ബാലവാടി പോഷകാഹാര പദ്ധതിയും (BNP) ആരംഭിച്ചിരുന്നു.

1972 ൽ കേന്ദ്ര ആസൂത്രണ മന്ത്രാലയത്തിനു കീഴിൽ ശിശു സംരക്ഷണസേവനങ്ങൾ സംയോജിതമായി നടപ്പാക്കുന്നതിന് ശുപാർശ സമർപ്പിക്കുന്നതിനായി ഒരു ഉപസമിതിയെ നിയോഗിച്ചു. ആസൂത്രണ കമ്മീഷൻ പഠനത്തിനായി പ്രത്യേക സ്റ്റിയറിംഗ് ഗ്രൂപ്പ് തന്നെ രൂപീകരിച്ചു. ഈ സ്റ്റിയറിംഗ് ഗ്രൂപ്പ് സമഗ്ര ശിശു വികസന സേവന പദ്ധതി (ICDS) നടപ്പാക്കാൻ ശുപാർശ ചെയ്തു. ഇതിനെ തുടർന്ന് 1975 ഒക്ടോബർ 2ന് സമഗ്ര ശിശു വികസന സേവന പദ്ധതി പൈലറ്റ് പ്രോജക്ട് ആയി ആരംഭിച്ചു. സ്ത്രീകളുടേയും കുട്ടികളുടേയും വികസനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ ശ്രദ്ധകേന്ദ്രീകരിക്കാൻ വനിതശിശു വികസന വകുപ്പിനെ 2006 ൽ ഒരു സ്വതന്ത്ര മന്ത്രാലയമായി ഉയർത്തി. 2007 ൽ കുട്ടികളുടെ അവകാശ സംരക്ഷണത്തിനായുള്ള ദേശീയ കമ്മീഷൻ രൂപീകരിച്ചു. 1974-75 കാലഘട്ടത്തിൽ താഴെ പറയുന്ന നിരവധി സുപ്രധാന പരിപാടികൾക്ക് തുടക്കം കുറിക്കയുണ്ടായി.

1. കുട്ടികൾക്കായുള്ള ദേശീയ നയപ്രഖ്യാപനം
2. നാഷണൽ ചിൽഡ്രൻസ് ബോർഡ് രൂപീകരണം
3. സാർവ്വത്രിക കുത്തിവെയ്പ് പരിപാടി (യൂണിവേഴ്സൽ ഇമ്മ്യൂണൈസേഷൻ പ്രോഗ്രാം)
4. ഓപ്പറേഷൻ ബ്ലാക്ക് ബോർഡ് (യൂണിവേഴ്സൽ എഡ്യൂക്കേഷൻ)

കുട്ടികളുടെ സവിശേഷമായ ആവശ്യങ്ങളിലേക്ക് ലോകശ്രദ്ധ കൊണ്ടു വരുന്നതിനായി ഐക്യരാഷ്ട്രസഭ, 1979 അന്തർ ദേശീയ ശിശു വർഷമായി (IYC) പ്രഖ്യാപിച്ചു. കുട്ടികളുടെ ഫലപ്രദമായ പുരോഗതിക്കായി കൊണ്ടുവരുന്നമാറ്റങ്ങൾ ഒരു രാഷ്ട്രത്തിന്റെ ഭാവി സാധ്യതകളെ സ്വാധീനിക്കും. കുട്ടികളുടെ അവസ്ഥയും നിലവാരവും സൂചിപ്പിക്കുന്ന അവകാശാധിഷ്ഠിത വികസനത്തിന്റെ അടിസ്ഥാന രേഖയാണ് കുട്ടികൾക്കായുള്ള ദേശീയ കർമ്മ പദ്ധതി. ഏറ്റവും പിന്നോക്കാവസ്ഥയിലുള്ള കുട്ടിയെ കൂടി മുന്നിലെത്തിക്കുക എന്ന മുഖ്യലക്ഷ്യംപ്രഖ്യാപിക്കുക വഴി നിലവിലുള്ള ക്ഷേമ സമീപനത്തെ അവകാശാധിഷ്ഠിത സമീപനത്തിലേക്ക് പുനരാവിഷ്ക്കരിക്കുകയാണ് ചെയ്തത്.

ഇന്ത്യയിലെ കുട്ടികളുടെ അവസ്ഥ പ്രതീക്ഷിക്കുന്ന നിലവാരത്തിലേക്ക് ഉയരുന്നില്ലെന്നും കുട്ടികളുടെ വികാസ സൂചകങ്ങളിൽ (ചൈൽഡ് ഡെവലപ്പ്മെന്റ് ഇൻഡക്സിൽ) ഇന്ത്യ ഇന്നും പിന്നിലാണെന്നും കാണാം.കേരളത്തിലെ കുട്ടികളുടെ സ്ഥിതി ഇന്ത്യയുടെ ഇതരഭാഗങ്ങളിൽ ഉള്ള കുട്ടികളെ അപേക്ഷിച്ച് വളരെ മികച്ചതാണ്. എന്നിരുന്നാലും അന്താരാഷ്ട്ര തലത്തിൽ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ ഇനിയും സംസ്ഥാനത്തിന് നേടാൻ കഴിഞ്ഞിട്ടില്ല. ഇതിൽ തന്നെ പട്ടിക വർഗ്ഗക്കാർക്കിടയി

ലും, തീരപ്രദേശങ്ങളിലും , ഭിന്നശേഷിക്കാർക്കിടയിലും അസമത്വം കൂടുതലായി നിലനിൽക്കുന്നു. കുട്ടികൾക്കായുള്ള സുപ്രധാന ഇടപെടലുകൾ ഇന്നും അതിന്റെ പരമോന്നതിയിൽ എത്തിയിട്ടില്ലെന്നും കുട്ടികളുടെ അവകാശത്തിന്റെ നാലു ശ്രേണികളും സുരക്ഷിതമാക്കാൻ കേരളത്തിലുടനീളം ഇനിയും ശ്രമകരമായ പരിപാടികൾ ആവശ്യമാണെന്ന് ഇത് സൂചിപ്പിക്കുന്നു.

കുട്ടികൾക്കുള്ള ദേശീയ നയം

കുട്ടികൾക്കായുള്ള ദേശീയ നയം (NPC 1974)'കുട്ടികൾ രാജ്യത്തിന്റെ ഏറ്റവും ശ്രേയസ്കരമായ ആസ്തിയാണെന്ന്' പ്രഖ്യാപിച്ചിട്ടുണ്ട്. കുട്ടികളുടെ അതിജീവനം, വികസനം, സംരക്ഷണം എന്നീ അവകാശങ്ങൾ ഉറപ്പാക്കുന്നതിന്റെ പ്രപാധാന്യം 2003 ലെ നാഷണൽ ചാർട്ടർ ഫോർ ചിൽഡ്രൻ (NCC) ഊന്നി പറയുന്നു. മാറിയ പരിസ്ഥിതികളിൽ കുട്ടികളുടെ പ്രാദേശിക നയം 2013 ഏപ്രിൽ 26 ന് സർക്കാർ പുനരാവിഷ്ക്കരിച്ചു. ഈ ദേശീയ നയം താഴെ പറയുന്ന കാര്യങ്ങൾക്ക് ഊന്നൽ നൽകിയിരിക്കുന്നു.

- 18 വയസ്സിന് താഴെയുള്ള ഏത് വ്യക്തിയും ഒരു കുട്ടിയാണെന്ന് കണക്കാക്കപ്പെടുന്നു.
- ബാല്യം ജീവിതത്തിന്റെ മൂല്യവത്തായ ഘടകമാണ്.
- കുട്ടികൾ ഒരു ഏകീകൃത രൂപമല്ല. അപ്രതീക്ഷിതവുംവൈവിധ്യവുമാർന്ന അപകട സാധ്യതകൾ വ്യത്യസ്തമായ സാഹചര്യങ്ങളിൽ (മൾട്ടി-ഡൈമെൻഷണൽ) കുട്ടി അഭിമുഖീകരിക്കേണ്ടി വരുമ്പോൾ അവരുടെ വ്യത്യസ്ത ആവശ്യങ്ങൾക്ക് വ്യത്യസ്ത പ്രതികരണങ്ങൾ അനിവാര്യമാണ്.
- മുഴുവൻ കുട്ടികളേയും ഉൾചേർക്കുന്ന അവരുടെ സർവ്വതോമുഖമായ വികാസവും സംരക്ഷണവും സംയോജിതമായി ഉറപ്പുവരുത്താൻ കഴിയുന്ന ദീർഘസ്ഥായിയായ വ്യത്യസ്ത മേഖലകളെ സമഗ്രമായി സംയോജിപ്പിക്കുന്ന നടപടിക്രമങ്ങൾ അനിവാര്യമാണ്

ഈ നയപ്രഖ്യാപന രേഖ കുട്ടികളെ സംബന്ധിക്കുന്ന നിയമങ്ങൾ നയങ്ങൾ പരിപാടികൾ എന്നിവക്ക് മാർഗ്ഗ നിർദ്ദേശം ആയിരിക്കണം. കുട്ടികളുടെ ആവശ്യങ്ങൾ ഒന്നിലധികം വികസന മേഖലകളായി വ്യന്യസിക്കപ്പെട്ടിരിക്കുന്നതിനാൽ പരസ്പര ബന്ധിതമായ കൂട്ടായ പ്രവർത്തനങ്ങൾ അനിവാര്യമാണ്. ആയതിനാൽ ലക്ഷ്യ പ്രാപ്തിക്കായി വിവിധ മേഖലകളേയും ഭരണ സംവിധാനങ്ങളേയും നിർവ്വഹണതലങ്ങളേയും ബോധപൂർവ്വം ഏകോപിപ്പിക്കാൻ ഈ നയം ലക്ഷ്യമിടുന്നു. എല്ലാ സേവനവിഭാഗങ്ങളുടേയും പങ്കാളിത്തവും കൂട്ടായ്മയും സൃഷ്ടിക്കുക, സമഗ്രവും വിശ്വാസയോഗ്യവുമായ വിവര അടിത്തറ സൃഷ്ടിക്കുക, ഇതിനനുസൃതമായി വേണ്ടത്ര വിഭവങ്ങൾ വകയിരുത്തുക, കുട്ടികൾക്കായി സേവനമനുഷ്ടിക്കുന്ന എല്ലാവരുടേയും ശേഷിയും, ആഭിമുഖ്യവും വികസിപ്പിക്കുക എന്നിവക്ക് പ്രത്യേകം ഊന്നൽ നൽകുന്നു

അദ്ധ്യായം-2

കുട്ടികൾക്കായുള്ള കർമ്മ പരിപാടി

നിയതമായ ലക്ഷ്യങ്ങൾ നേടുന്നതിന് ആവശ്യമായ പ്രവർത്തനങ്ങളുടെ ക്ലിപ്തതയും കൃത്യതയുമാർന്ന രേഖയാണ് കർമ്മപദ്ധതി. ഏതൊരു മേഖലയിലും വ്യക്തികൾക്കോ ഗ്രൂപ്പിനോ സമൂഹത്തിനോ ലഭ്യമാക്കേണ്ട മുഴുവൻ സേവനങ്ങളുടേയും എഴുതി തയ്യാറാക്കപ്പെടുന്ന രേഖയാണിത്. കുട്ടികളുടെ അവകാശ സംരക്ഷണത്തിനുള്ളതും വളർച്ചയുടെ എല്ലാ ഘട്ടത്തിലും ഉറപ്പാക്കേണ്ടതായ സേവനങ്ങൾ നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് കുട്ടികൾക്കായുള്ള കർമ്മപദ്ധതി. കുട്ടികളുടെ അവകാശ സംരക്ഷണത്തിന്റെ നാഴിക കല്ലുകളെ കൃത്യതയോടെ കാണിച്ചു തരുന്ന ആസൂത്രണ മാർഗ്ഗരേഖയും കൂടിയാണ് കർമ്മ പരിപാടി.

കുട്ടികൾക്കായുള്ള ദേശീയ കർമ്മ പദ്ധതി (NPAC)

കുട്ടികൾക്കുവേണ്ടിയുള്ള കേന്ദ്രസർക്കാരിന്റെ ഏറ്റവും പ്രശംസനീയമായ സംരംഭമാണ് കുട്ടികൾക്ക് വേണ്ടിയുള്ള ദേശീയ കർമ്മ പരിപാടി.ദേശീയ കർമ്മ പരിപാടിയിൽ കേന്ദ്രസർക്കാരിനൊപ്പം വിവിധ തട്ടികളിലുള്ള സർക്കാരുകളും പൊതുസമൂഹവും സന്നദ്ധസേവന പ്രവർത്തകരും കൂട്ടായി കുട്ടികളുടെ ക്ഷേമത്തിനായി പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകത എടുത്തു പറയുന്നുണ്ട്. കുട്ടികളുടെ കർമ്മപരിപാടിക്ക് സമയബന്ധിത ലക്ഷ്യങ്ങളുണ്ട്. 2016 ലെ കർമ്മപരിപാടി2005 ലെ കർമ്മപരിപാടിയുടെ പുതുക്കിയ രൂപമാണ്.

ദേശീയ കർമ്മപരിപാടിയിൽ താഴെ പറയുന്ന പ്രധാന 10 ഇനങ്ങൾക്കാണ് മുൻഗണന നൽകിയിരിക്കുന്നത്.

- ശിശു മരണനിരക്ക് കുറക്കുക
- മാതൃമരണനിരക്ക് കുറക്കുക
- കുട്ടികളിലെ പോഷകാഹാരകുറവ് പരിഹരിക്കുക
- ജനനരജിസ്ട്രേഷൻ 100 ശതമാനമാക്കുക
- മുഴുവൻ കുട്ടികൾക്കും സാർവ്വത്രികവും ഗുണനിലവാരമുള്ളതുമായ വിദ്യാഭ്യാസം
- 100 ശതമാനം കുട്ടികളേയും സ്കൂളുകളിൽ നിലനിർത്തുക
- ശൈശവ വിവാഹവും പെൺഭ്രൂണഹത്യയും തടയുക
- പെൺകുട്ടികൾക്ക് അതിജീവനം, വികസനം, സംരക്ഷണം ഉറപ്പാക്കുക
- 100 ശതമാനം അടിസ്ഥാന ശുചിത്വം ഉറപ്പാക്കുക
- എച്ച് ഐ വി അണുബാധയുള്ള കുട്ടികളുടെ നിരക്ക് കുറക്കുക

ഇന്ത്യയിലെ കുട്ടികളുടെ പ്രധാനപ്പെട്ട വികസന സൂചകങ്ങൾ

- മാതൃ മരണ നിരക്ക് 167/100000 ജനനങ്ങൾ (SRS - 2011-13)
- നവജാതശിശു (0-28 ദിവസം) മരണനിരക്ക് 28/1000 ജനനങ്ങൾ(എസ് ആർ എസ് 2013)
- ശിശു മരണ നിരക്ക് 40/1000 ജനനങ്ങൾ(എസ് ആർ എസ് 2013)
- 5 വയസ്സിന് താഴെ കുട്ടികളുടെ മരണനിരക്ക് 49/1000 ജനനങ്ങൾ(എസ് ആർ എസ് 2013)
- 48 ശതമാനം നവജാത ശിശു മരണങ്ങൾക്ക് കാരണം സമയത്തിനു മുമ്പുള്ള പ്രസവവും തൂക്കകുറവും (എസ് ആർ എസ് 2010-13)
- 45.4 ശതമാനം അമ്മമാർക്ക് മാത്രം നാലോ അതിലധികമോ പ്രസവപൂർവ്വ പരിശോധന (ആന്റി നാറ്റൽ ചെക്കപ്പ്) ലഭിക്കുന്നു (ആർഒസി2013-14)
- 78.7 ശതമാനം സ്ഥാപന പ്രസവങ്ങൾ (ആർഒസി2013-14)
- 39.5 % നവജാത ശിശുക്കൾക്ക് മാത്രം 48 മണിക്കൂറിനുള്ളിൽ പരശോധന ലഭിക്കുന്നു (ആർഒസി2013-14)
- 38.7% കുട്ടികൾ 0-59 മാസം പൊക്കകുറവ് ഉള്ളവരാണ് (പട്ടികജാതി/പട്ടികവർഗ്ഗക്കാരിൽ കൂടുതൽ) (ആർഒസി2013-14)
- 15.1 ശതമാനം കുട്ടികൾ (0-59ദിവസം) ഉയരകുറവ് (വെയ്സറ്റഡ്) ആണ് (ആർഒസി2013-14)
- 29.4 ശതമാനം കുട്ടികൾ (0-59 മാസം) തൂക്കകുറവ് ഉള്ളവർ ആണ് (ആർഒസി2013-14)
- 44.6 ശതമാനം കുട്ടികൾ (0-23 മാസം 1) മണിക്കൂറിനകം മുലയൂട്ടപ്പെടുന്നു (ആർഒസി2013-14)

- 65.3 ശതമാനം കുട്ടികൾ (12 - 23 മാസം) പ്രതിരോധ കുത്തിവെയ്പ്പുകൾ എടുക്കുന്നു (ആർഒ സി2013-14)
- 49.84 ശതമാനം കുടുംബങ്ങൾ ഇന്നും തുറസ്സായ സ്ഥലത്ത് മലമൂത്ര വിസർജ്ജനം നടത്തേണ്ടി വരുന്നു(സെൻസസ് 2011)
- പ്രാഥമിക വിദ്യാഭ്യാസത്തിന് ചേർക്കുന്ന കുട്ടികൾ - 88.45 ശതമാനം (U-DISE 2014 – 15)
- സെക്കൻണ്ടറി വിദ്യാഭ്യാസത്തിന് ചേർക്കുന്ന കുട്ടികൾ 48.46 ശതമാനം(U-DISE 2014 – 15)
- പ്രാഥമിക വിദ്യാഭ്യാസത്തിൽ നിന്ന് കൊഴിഞ്ഞ് പോകുന്ന കുട്ടികൾ - 36.3 % (MOHRD,2014)
- പ്രാഥമിക വിദ്യാഭ്യാസത്തിൽ നിന്ന് കൊഴിഞ്ഞ് പോകുന്ന പട്ടികജാതി/വർഗ്ഗവിഭാഗം കുട്ടികൾ യഥാക്രമം 38.8 %, 48.2% എന്നിങ്ങനെയാണ് (U-DISE 2014 – 15)

കുട്ടികളുടെ അവകാശങ്ങളായ അതിജീവനം, വികസനം, സംരക്ഷണം, പങ്കാളിത്തം എന്നിവ ഉറപ്പാക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുന്നതിന് സർക്കാർ ഉത്തരവാദിത്തപ്പെട്ടിരിക്കുന്നു. കുട്ടികൾ ഏകമാത്ര ആവശ്യങ്ങളുള്ള വിഭാഗമല്ലെന്ന് ബോധ്യപ്പെട്ട് അവരുടെ വ്യക്തമായ ഇല്ലായ്മകൾ തിട്ടപ്പെടുത്തി വിദ്യാഭ്യാസം, ആരോഗ്യം, പോഷകാഹാരം, സംരക്ഷണം എന്നിവ സാർവ്വത്രികമായി ഉറപ്പാക്കുന്നതിനുള്ള ഇടപ്പെടലുകളാണ് ഈ ആസൂത്രണം ലക്ഷ്യം വെക്കുന്നത്. ഇതിലൂടെ കുട്ടികളുടെ വികസന സൂചകങ്ങൾ ഉയർത്തി കൊണ്ട് വന്ന് അത് അന്തർദേശീയ നിലവാരത്തിലേക്ക് ഉയർത്തുകയാണ് സർക്കാരിന്റെ ഉദ്ദേശം.

കുട്ടികൾക്കായുള്ള സംസ്ഥാന കർമ്മപരിപാടി

ദേശീയ കർമ്മപരിപാടിയുടെ മാതൃകയിൽ എല്ലാ സംസ്ഥാനങ്ങളോടും തനതായ കർമ്മപരിപാടി വികസിപ്പിക്കുവാൻ സർക്കാർ നിർദ്ദേശം നൽകിയിരുന്നു. ഓരോ മേഖലയിലും കുട്ടികൾ നേരിടുന്ന പ്രശ്നങ്ങൾ കണ്ടെത്തി പ്രശ്നപരിഹാരത്തിന് മുൻഗണന ക്രമം നിശ്ചയിച്ച് സമഗ്രതയാർന്ന കർമ്മപരിപാടി തയ്യാറാക്കാൻ എൻ.പി.എ.സി വിഭാവനം ചെയ്യുന്നു. സംസ്ഥാനങ്ങൾ ഇത്തരത്തിൽ മുൻഗണന അടിസ്ഥാനത്തിൽ കുട്ടികളുടെ ക്ഷേമത്തിനായി പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുകയാണ് വേണ്ടത്. ഈ നിർദ്ദേശങ്ങൾ കണക്കിലെടുത്ത് 2004 ൽ 'ആരോഗ്യകരവും ആഹ്ലാദകരവും സുരക്ഷിതവും സംരക്ഷിതവുമായ ബാല്യം' എന്ന ദർശനത്തോടെ കുട്ടികൾക്കായുള്ള സംസ്ഥാന കർമ്മപദ്ധതി പ്രകാശനം ചെയ്തിരുന്നു. ബാലസൗഹൃദ അന്തരീക്ഷം കുട്ടികളുടെ സർവ്വതോമുഖമായ വികസനത്തിനായി ഉറപ്പുവരുത്തുവാൻ വിവിധ വകുപ്പുകളുടെ പ്രവർത്തന ഏകോപനം സാധ്യമാക്കുന്നതിനായി ഒരു പ്രവർത്തന സമിതി (SCAG) രൂപീകരിച്ചിട്ടുണ്ട്. 5-3-2005 ലെ സർക്കാർ ഉത്തരവ് നം.31/2005.SWD പ്രകാരം കുട്ടികളുടെ പ്രധാന വികസന മേഖലകളായ ആരോഗ്യം, വിദ്യാഭ്യാസം, സാമൂഹ്യനീതി, പട്ടികജാതി പട്ടികവർഗ്ഗ വികസനം തുടങ്ങിയ വകുപ്പുകളുടെ പങ്കാളിത്തത്തോടെ ബാലസൗഹൃദം ഉറപ്പാക്കുന്നതിനായി സംസ്ഥാന കർമ്മപരിപാടിക്ക് രൂപം നൽകിയിരുന്നു. ജില്ലാതലത്തിൽ അതനുസരിച്ച് പരിപാടികളുടെ ഏകോപനത്തിനും നിർവ്വഹണത്തിനും കമ്മിറ്റി രൂപീകരിക്കാനും നിർദ്ദേശിച്ചിരുന്നു. കുട്ടി

കൾക്കായുള്ള കേരള സംസ്ഥാന കർമ്മപരിപാടിയിൽ അവകാശാധിഷ്ഠിതവും തടസ്സവിമുക്തവുമായ പ്രവർത്തനങ്ങൾക്കാണ് ഊന്നൽ നൽകിയിരുന്നത്.കർമ്മപരിപാടിയിൽ 10 ലക്ഷ്യ മേഖലകൾ നിശ്ചയിച്ചതിൽ ശിശുആരോഗ്യം, മാതൃ ആരോഗ്യം, ആരോഗ്യസേവനങ്ങൾ, പോഷകാഹാരം, വിദ്യാഭ്യാസം എന്നിവ മേഖലാതല വകുപ്പ് പ്രവർത്തനത്തിലൂടേയും ഭൗതിക പശ്ചാത്തലം, അംഗ പരിമിതി, കൗമാര സംരക്ഷണം, എച് ഐ വി വ്യാപനം തടയൽ എന്നിവ വിവിധ വകുപ്പുകളുടെ സംയോജിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളിലൂടെ ആർജ്ജിക്കാനാണ് നിശ്ചയിച്ചിരുന്നത്. ഇതിൽ പല ലക്ഷ്യങ്ങളും തദ്ദേശസ്വയംഭരണ വകുപ്പുകളുടെയും സംയോജിച്ചുള്ള പ്രവർത്തനംകൊണ്ട് നേടാൻ കഴിഞ്ഞിട്ടുണ്ട്.

കുട്ടികൾക്കായുള്ള ജില്ലാതല കർമ്മപരിപാടി

കുട്ടികൾക്കായുള്ള ദേശീയ കർമ്മപരിപാടിയിൽ ജില്ലാതലത്തിൽ ജില്ല കലക്ടറുടെ അദ്ധ്യക്ഷതയിൽ ഏകോപന സമിതി രൂപീകരിച്ച് കർമ്മപദ്ധതി പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന് നിർദ്ദേശങ്ങൾ നൽകിയിരുന്നു. കേന്ദ്ര സംസ്ഥാന വകുപ്പുകളേയും പ്രാദേശിക സർക്കാരിനേയും ഏകോപിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് ജില്ലാതലത്തിൽ ചെയ്യേണ്ടത്. വിഭവങ്ങളുടെ ശരിയായ വിനിയോഗം ഉറപ്പു വരുത്തുന്നതിനും വിവിധ പരിപാടികൾ ഏകോപിപ്പിക്കുന്നതിനും അതു വഴി വിഭവ വിനിയോഗം പരമാവധി പ്രയോജനപ്പെടുത്തി ലക്ഷ്യങ്ങൾ ആർജ്ജിക്കുന്നതിനും സമഗ്രമായ ജില്ലാപദ്ധതി രൂപപ്പെടുത്തേണ്ടതുണ്ട്.

ഇതിൽ ഉൾപ്പെടുത്താവുന്ന ലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്.

- കുട്ടികളുടെ നിലവിലെ അവസ്ഥ മനസ്സിലാക്കുക
- കുട്ടികളുടെ അവകാശ സംരക്ഷണരംഗത്ത് പ്രധാന വിടവുകൾ തിരിച്ചറിഞ്ഞ് ഇടപെടലുകൾ കണ്ടെത്തുക
- കുട്ടികൾക്ക് വേണ്ടി ഫലപ്രദമായ ആസൂത്രണം
- ആസൂത്രണത്തിനും നിർവ്വഹണത്തിനും കുട്ടികളുടെ പങ്കാളിത്തം
- കുട്ടികളുടെ ആവശ്യങ്ങളുടെ അടിസ്ഥാനത്തിൽ വിഭവ വകയിരുത്തൽ
- ഓരോ മേഖലയുടേയും ചുമതലകൾ വ്യക്തമാക്കൽ
- കുട്ടികൾക്ക് വേണ്ടിയുള്ള സംയോജിത പ്രവർത്തനങ്ങൾ
- കുട്ടികൾക്ക് വേണ്ടിയുള്ള പരിപാടികളുടെ ഫലപ്രദമായ നിരീക്ഷണം
- ഫലങ്ങൾ വിലയിരുത്തുകയും ലക്ഷ്യങ്ങൾ പുനരാവിഷ്ക്കരിക്കുകയും ചെയ്യുക

കേരളത്തിലെ വികേന്ദ്രീകൃത ഭരണ പശ്ചാതലവും - കുട്ടികൾക്കായുള്ള ജില്ല തല കർമ്മ പദ്ധതിയും

വികേന്ദ്രീകൃത ആസൂത്രണം കേരളത്തിൽ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് വലിയ അധികാരങ്ങൾ കൈമാറിയിട്ടുണ്ട്. ഇതിൻപ്രകാരം കേരളത്തിൽ വികേന്ദ്രീകൃത ആസൂത്രണത്തിലൂടെ ഫണ്ട്, പ്രവർത്തനങ്ങൾ സേവനപ്രവർത്തകർ എന്നിവ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ട്. ഇത് അനുസരിച്ച് സംസ്ഥാന ബജറ്റിന്റെ ഏകദേശം മൂന്നിലൊന്ന് തുക പ്രതിവർഷം തദ്ദേശഭരണസ്ഥാപനങ്ങൾക്ക് ലഭിക്കുന്നുണ്ട്. പല വികസന വിഷയങ്ങളും ഓഫീസുകളും തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് വികേന്ദ്രീകൃത ആസൂത്രണത്തിലൂടെ ലഭിച്ചിട്ടുണ്ട്. കുട്ടികളുമായി ബന്ധപ്പെട്ട കൃഷി, ആരോഗ്യം,പോഷകാഹാരം, ശുചിത്വം, കുടിവെള്ളം, വിദ്യാഭ്യാസം, കുടിവെള്ളം, സാമൂഹ്യസുരക്ഷ, പട്ടികജാതി, പട്ടികവർഗ്ഗ വികസനം തുടങ്ങിയ വിഷയങ്ങളെല്ലാം തദ്ദേശഭരണ സ്ഥാപനങ്ങളുടെ കീഴിലാണ്. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനായ ജില്ല ആസൂത്രണ സമിതിക്ക് ജില്ലയിലെ എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളേയും, ഔദ്യോഗിക സംവിധാനങ്ങളേയും ഏകോപിപ്പിക്കുകയും കുട്ടികൾക്കായുള്ള ഒരു വികസന കാഴ്ചപാട് തയ്യാറാക്കി അത് പ്രവർത്തി പഥത്തിൽ എത്തിക്കുന്നതിനും കഴിയുന്നതാണ്. ഇത്തരത്തിലൊരു ജില്ലാതല കർമ്മപദ്ധതിക്ക് ബാലസൗഹൃദതദ്ദേശ ഭരണം ജില്ലാതലത്തിൽ പ്രയോഗത്തിൽ കൊണ്ടു വരുന്നതിന് സാധ്യമാണ്. കുട്ടികൾക്ക് സ്വയം പ്രകാശനത്തിനുള്ള പങ്കാളിത്ത വേദികൾ അതായത് കുട്ടികൾക്കായുള്ള പ്രത്യേക ഗ്രാമസഭ, വർക്കിംഗ് ഗ്രൂപ്പ്, കൗമാരക്ലബ്ബുകൾ, ബാലസഭകൾ എന്നിവ രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യമാണ്കേരളത്തിന്റെ സവിശേഷത. ഇത് കുട്ടികളുടെ പങ്കാളിത്ത അവകാശം വളർത്തികൊണ്ട് വരുന്നതോടൊപ്പം പ്രാദേശിക ഭരണത്തിൽ കുട്ടികളുടെ ധാരണകൾതിരിച്ചറിയാൻ കഴിയുന്ന ഒരു സമീപനത്തിന് വഴി തെളിയിച്ചിട്ടുണ്ട്.

കുട്ടികൾക്കായുള്ള ജില്ല കർമ്മപദ്ധതി വഴി സമഗ്രവും കൃത്യതയാർന്നതുമായ പരിപാടികളിലൂടെ ബാലവിവാഹം, ബാലവേല, സ്കൂൾ കൊഴിഞ്ഞുപോക്ക്, ബാലപീഢനം തുടങ്ങിയ സങ്കീർണ്ണ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താവുന്നതാണ്. മേൽ പറഞ്ഞ സങ്കീർണ്ണ പ്രശ്നങ്ങൾ സാമൂഹ്യമേഖലയിൽ ഉൾപ്പെടുന്ന ആരോഗ്യം, ഐസിഡിഎസ്, വിദ്യാഭ്യാസം, പട്ടികജാതി, പട്ടിക വർഗ്ഗക്ഷേമം തുടങ്ങിയ വകുപ്പുകളുടെ സേവനശൃംഘലക്കകത്ത് വരുന്നവയാണ്. ഈ കർമ്മപദ്ധതിയുടെ അതിപ്രധാനമായ ഉദ്ദേശം എല്ലാ കുട്ടികൾക്കും വികസനങ്ങൾ സകലിതമായി ലഭ്യമാക്കുകയും പാർശ്വവൽക്കരിക്കപ്പെട്ട ഒരു കുട്ടിപോലും ഒഴിവായി പോകാത്തവിധം അവർക്ക് ലക്ഷ്യത്തോടെയുള്ള ഇടപ്പെടലുകൾ ഉറപ്പാക്കാൻ കഴിയും എന്നതാണ്.

അദ്ധ്യായം-3

കുട്ടികൾക്കായുള്ള തൃശ്ശൂർ ജില്ലാതല കർമ്മ പരിപാടി

തൃശ്ശൂരിനെകുറിച്ച്

കേരളരൂപീകരണത്തിനു മുമ്പ് തൃശ്ശൂർ ജില്ല 1949 ജൂലൈ 1ന് രൂപീകൃതമായി. തിരുവതാംകൂർ കൊച്ചിയുടെ ഭാഗമായിരുന്നു തൃശ്ശൂർ. ജില്ലയുടെ പടിഞ്ഞാറ് അറബിക്കടലും വടക്കേ അതിർത്തി മലപ്പുറം ജില്ലയും പാലക്കാട് ജില്ലയുടെ ഒറ്റപ്പാലം താലൂക്കും ആണ്. പൊള്ളാച്ചിയും പാലക്കാട് ജില്ലയുടെആലത്തൂർ താലൂക്കും ആണ് കിഴക്കേ അതിർത്തി. എറണാകുളം ജില്ലയും ഇടുക്കിയിലെ ദേവീകുളം താലൂക്കും തെക്കെ അതിർത്തിയിൽ സ്ഥിതി ചെയ്യുന്നു. ജില്ലയിൽ ഏകദേശം 54 കിലോമീറ്റർ കടൽതീരമുണ്ട്.കേരളത്തിലെ ഏറ്റവും വലിയ നദിയായ ഭാരതപുഴ വടക്കേ അതിർത്തിയാണ്. ചാലക്കുടി നദിയും തൃശ്ശൂരിലെ പ്രധാന നദിയായി നിലകൊള്ളുന്നു. കേരള ഹെൽത്ത് യൂണിവേഴ്സിറ്റി, കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി, കേരള കലാമണ്ഡലം എന്നീ 3 പ്രധാന യൂണിവേഴ്സിറ്റികൾ, ജില്ലാ പോലീസ് അക്കാദമി, കില എന്നിവ പ്രധാന പരശീലന ഇൻസ്റ്റിറ്റ്യൂട്ടുകൾ ആണ്. 3 മെഡിക്കൽ കോളേജുകൾഎന്നിവയും ഇവിടെ പ്രവർത്തിക്കുന്നു. അതിരംപ്പിള്ളി വെള്ളച്ചാട്ടം, പീച്ചി ഡാം, എന്നിവ പ്രധാന ടൂറിസം കേന്ദ്രങ്ങളാണ്. അന്തർദേശീയ ക്ഷേത്ര ഉത്സവം - തൃശ്ശൂർ പൂരം, ഗുരുവായൂർ ശ്രീകൃഷ്ണ ക്ഷേത്രം, പാലയൂർ കൃസ്ത്യൻ പള്ളി എന്നിവ വലിയ ജനാവലി എത്തുന്ന സ്ഥലങ്ങളാണ്. ഇന്ത്യയിലെ ആദ്യ മുസ്ലീം പള്ളി കൊടുങ്ങല്ലൂർ ജുമാ മസ്ജിദ്, ആദ്യ കൃസ്ത്യൻ പള്ളി സെന്റ് തോമസ്സ് ചർച്ച് അഴീക്കോട് എന്നിവയും ഈ ജില്ലയിൽ സ്ഥിതി ചെയ്യുന്നു.

തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷനും, 7 മുനിസിപാലിറ്റികളും, ജില്ലാ പഞ്ചായത്തും, 14 ബ്ലോക്ക് പഞ്ചായത്തുകളും, 86 ഗ്രാമ പഞ്ചായത്തുകളും ഈ ജില്ലയിൽ ഉൾപ്പെടുന്നു.

2011 സെൻസസ് കണക്കനുസരിച്ച് ജില്ലയിലെ ജനസംഖ്യയിൽ 31.21 ലക്ഷത്തിൽ 10.25 ലക്ഷവും ഗ്രാമീണ പ്രദേശങ്ങളിലും 20.96 ലക്ഷം നഗര പ്രദേശങ്ങളിലുമാണ്. അതിൽ പട്ടികജാതിക്കാരുടെ ജനസംഖ്യ10.39 ശതമാനവും, പട്ടിക വർഗ്ഗക്കാർ 0.30 ശതമാനവുമാണ്. ജില്ലയിൽ സ്ത്രീ ജനസംഖ്യ 52.56 ശതമാനമാണ്. എന്നാൽ 0 - 6 വയസ്സ് പ്രായമുള്ള കുട്ടികളിൽ പെൺകുട്ടികളുടെ ജനസംഖ്യ 48.72 % മാത്രമാണ്. (അനുബന്ധം 3 പൊതു വിവരങ്ങളിൽ കൊടുത്തിരിക്കുന്നു.)

ജില്ല സമ്പൂർണ്ണ ബാല സൗഹൃദമാക്കുക എന്ന സ്വപ്നം സാക്ഷാത്ക്കരിക്കുന്നതിനായി ജില്ല പഞ്ചായത്തിന്റെ പിൻതുണയോടെ തൃശ്ശൂർ ജില്ല ആസൂത്രണ സമിതി മുന്നോട്ടു വരികയുണ്ടായി. ബാലസൗഹൃദ ജില്ല രൂപപെടുത്തണമെങ്കിൽ കുട്ടികൾക്കായുള്ള ജില്ല കർമ്മ പദ്ധതി രൂപീകരിക്കണമെന്ന് തിരിച്ചറിഞ്ഞു. ഈ വിധത്തിലുള്ള ജില്ല കർമ്മ പദ്ധതി കുട്ടികൾക്കായുള്ള ദേശീയ കർമ്മപദ്ധതിയുടെ പ്രധാന താൽപര്യങ്ങളിൽ ഒന്നായിരുന്നു.കുട്ടികളെ സംബന്ധിച്ച പ്രാദേശിക വിവരശേഖരം ലഭ്യമല്ലാത്തതുകൊണ്ട് നാളിതുവരെ ജില്ല കർമ്മപരിപാടി തയ്യാറാക്കുന്നതിന് ഒരിടത്തും കഴിഞ്ഞിരുന്നില്ല. ഈ സന്ദർഭത്തിലാണ് ജില്ല ആസൂത്രണ സമിതി (ഡിപിസി) എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളേയും വിവിധ വകുപ്പുകളേയും ഏകോപിപ്പിച്ചുകൊണ്ട് കുട്ടികൾക്കായുള്ള കർമ്മപദ്ധതി രൂപീകരിക്കാനുള്ള സംവിധാനം ആവിഷ്ക്കരിക്കുവാൻ നേതൃത്വം നൽകിയത്.

കുട്ടികൾക്കായുള്ള ജില്ല കർമ്മ പദ്ധതി രൂപീകരണത്തിൽ ഡി പി സി യുടെ പങ്ക്

കേരള സംസ്ഥാനത്ത് ആദ്യത്തെ പരിശ്രമങ്ങളിലൊന്നാണ് ബാലസൗഹൃദ തൃശ്ശൂർ ജില്ല. തൃശ്ശൂർ ആസൂത്രണ സമിതിയാണ് ഈ മഹത്തായ സംരംഭത്തിന് മുൻകൈ എടുത്ത് പ്രവർത്തിച്ചത്. കുട്ടികളുടെ പ്രശ്നങ്ങൾ, അതിനുള്ള പരിഹാരങ്ങൾ, വികസന ഇടപെടലുകൾ എന്നിവ ഏതെങ്കിലും ഒരു തദ്ദേശഭരണസ്ഥാപനത്തിന്റെ അതിരുകൾക്കുള്ളിൽ മാത്രമായി ഒതുങ്ങുന്ന ഒന്നല്ലെന്നും അത് ഇതര പ്രദേശങ്ങൾ കൂടിഉൾപ്പെടുന്ന ഒന്നാണെന്നും വ്യക്തമാണ്. അതുകൊണ്ട് കുട്ടികളുടെ അവകാശങ്ങൾ ഉറപ്പുവരുത്തുന്നതിന് ജില്ലതലത്തിൽ സംയോജിത ഇടപ്പെടൽ ആവശ്യമാണ്. പ്രാദേശിക സർക്കാരുകളുടെ ആസൂത്രണങ്ങൾക്കൊപ്പം കുട്ടികൾക്കായി വിവിധ വകുപ്പുകൾ സംസ്ഥാന - കേന്ദ്രസർക്കാരുകളുടെ പദ്ധതികളും നടപ്പാക്കുന്നുണ്ട്. തദ്ദേശഭരണസ്ഥാപനങ്ങളുടേയും വകുപ്പുകളുടേയും വികസന പദ്ധതികൾ ഏകോപിപ്പിക്കുന്നതിന് ഡിപിസി ക്ക് നിയമപരമായ അധികാരം ഉണ്ട്. അത്കൊണ്ട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനും ജില്ലാ കലക്ടർ സെക്രട്ടറിയുമായ ഡിപിസിക്ക് കുട്ടികൾക്കായുള്ള ഒരു ഏകീകൃത കർമ്മപരിപാടി രൂപപ്പെടുത്തുന്നതിനുള്ള ഫലവത്തായ സംവിധാനമാകാൻ കഴിഞ്ഞത്. പ്രാദേശിക സർക്കാരുകളുടെ ബാലസൗഹൃദ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനും കർമ്മപദ്ധതിയുടെ അടിസ്ഥാനത്തിൽ ജില്ലയിൽ ഏകീകൃത കാഴ്ചപാടോടെ ബാലസൗഹൃദഭരണം ഉറപ്പാക്കുന്നതിനായി ഓരോ തദ്ദേശഭരണസ്ഥാപനവും കുട്ടികൾക്കു വേണ്ടി പ്രാദേശിക കർമ്മപദ്ധതികൾ വികസിപ്പിക്കുമെന്ന് ഈ പരിപാടി പ്രതീക്ഷിക്കുന്നു.

ജില്ലാ പദ്ധതിയുടെ പ്രധാന പ്രവർത്തനങ്ങൾ

തൃശ്ശൂർ ജില്ലയിലെ കുട്ടികൾക്കായുള്ള ജില്ലാ കർമ്മപദ്ധതി താഴെ പറയുന്ന അവകാശങ്ങളെ അടിസ്ഥാനമാക്കിയുള്ള അവകാശാതിഷ്ഠിത സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്.

1. അതിജീവനാവകാശം
2. വികസനത്തിനുള്ള അവകാശം
3. സംരക്ഷണത്തിനുള്ള അവകാശം
4. പങ്കാളിത്തത്തിനുള്ള അവകാശം

പട്ടിക 3.1 കുട്ടികൾക്കായുള്ള ജില്ലാ കർമ്മപരിപാടി - പ്രധാന നാഴിക കല്ലുകൾ
➢ തൃശ്ശൂർ ഡിപിസി ചെയർപേഴ്സണും ജില്ലാ തല ഉദ്യോഗസ്ഥരുമായി പ്രാരംഭ സമ്മേളനം ➢ ഡിപിസി യിൽ കുട്ടികളുടെ കർമ്മ പരിപാടിയെ സംബന്ധിച്ച ചർച്ച ➢ എല്ലാ തദ്ദേശഭരണസ്ഥാപനങ്ങൾക്കും ഈ കർമ്മപദ്ധതിയെ സംബന്ധിച്ചും, വിവരശേഖരണം കുട്ടികളുടെ ഗ്രാമസഭ എന്നിവ ഉറപ്പാക്കുന്നതിനും ഡിപിസി ചെയർ പേഴ്സന്റെ കത്ത് ➢ തൃശ്ശൂരിലെ എല്ലാ തദ്ദേശഭരണസ്ഥാപനങ്ങൾക്കും ബാലസൗഹൃദ തദ്ദേശഭരണ പരിശീലനം ➢ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് ഡിപിസിയുടെ നേതൃത്വപരമായ പിൻതുണ ➢ പുരോഗതി അവലോകന മീറ്റിംഗുകൾ ➢ ഡാറ്റാ ഫോർമാറ്റുകൾ പൂരിപ്പിക്കൽ ക്രോഡീകരണം ➢ തദ്ദേശഭരണസ്ഥാപനങ്ങൾ സമർപ്പിച്ച ഡാറ്റ ക്രോഡീകരണം, കുറവുകൾ പരിഹരിക്കൽ- അപഗ്രഥനം ➢ കുട്ടികളുടെ കർമ്മപദ്ധതി ജില്ലതല റിപ്പോർട്ട് തയ്യാറാക്കൽ ➢ ജില്ല വികസന കാഴ്ചപാട് ആസൂത്രണ സമിതിയിൽ വെച്ച് അംഗീകരിക്കൽ ➢ ആസൂത്രണ നിർദ്ദേശങ്ങൾ എല്ലാ തദ്ദേശഭരണസ്ഥാപനങ്ങൾക്കും ➢ കിലയിൽ വർക്ക് ഷോപ്പുകൾ, അവലോകന സെമിനാറുകൾ- ഓരോ തദ്ദേശഭരണസ്ഥാപനങ്ങളിൽ നിന്നും രണ്ട് വീതം പ്രതിനിധികൾപങ്കെടുത്തു. (ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ, ഐസിഡിഎസ് സൂപ്പർവൈസർ) ➢ തദ്ദേശഭരണസ്ഥാപനങ്ങളുടെ പദ്ധതി രൂപീകരണം

കുട്ടികൾക്കായുള്ള ജില്ലകർമ്മപദ്ധതി - ഘട്ടങ്ങൾ

താഴെ പറയുന്ന സുപ്രധാന നടപടിക്രമങ്ങളാണ് കുട്ടികൾക്കായുള്ള ജില്ല കർമ്മപദ്ധതിക്കായി തൃശ്ശൂർ പിൻതുടർന്നത്.

കുട്ടികളുടെ അവസ്ഥാ പഠനം - കുട്ടികളുടെ ഡാറ്റ

കുട്ടികളെ സംബന്ധിച്ച വിപുലമായ ഒരു പങ്കാളിത്ത വിവരശേഖരണം ജില്ല ആസൂത്രണ സമിതിയുടെ നിർദ്ദേശാനുസരണം ഗ്രാമപഞ്ചായത്തുകളും മുനിസിപാലിറ്റികളും നടത്തി. കുട്ടികളുടെ അവകാശങ്ങളുടെ നാലു മേഖലകളായ അതിജീവനം, വികസനം, സംരക്ഷണം, പങ്കാളിത്തം എന്നിവയെ അടിസ്ഥാനമാക്കി കില തയ്യാറാക്കിയ 18 ഇനങ്ങളുടെ വിവരശേഖരണ ഫോർമാറ്റാണ്

ഉപയോഗിച്ചത്. ദ്വിതീയ വിവരശേഖരണ രീതിയിൽ കുട്ടികളെ സംബന്ധിച്ച് പ്രദേശികമായി ലഭ്യമായ വിവരങ്ങൾ നിർദ്ദിഷ്ട ഫോർമാറ്റിൽ ശേഖരിച്ചു. അപ്രകാരം പങ്കാളിത്ത ഡാറ്റ ശേഖരണ വഴികളിലൂടെ കുട്ടികളുടെ അടിസ്ഥാന വിവരം ശേഖരിക്കുകയായിരുന്നു പ്രാഥമിക ശ്രമം. ജില്ലയിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലേയും, മുനിസിപ്പാലിറ്റികളിലേയും, മുനിസിപ്പൽ കോർപ്പറേഷന്റേയും വിവരങ്ങൾ അവരുടെ ഓഫീസുകൾ വഴി ശേഖരിച്ചു. കുട്ടികളുടെ സേവനദാതാക്കളായ പിഎച്സി, അങ്കണവാടി, സ്കൂളുകൾ,ഹോസ്റ്റലുകൾ തുടങ്ങിയവയിൽ നിന്നുള്ള ദ്വിതീയ വിവരങ്ങളാണ് ശേഖരിക്കപ്പെട്ടത്. തൃശ്ശൂർ ജില്ലയിൽ ആദ്യ പരിപാടി എന്ന നിലയിൽ കില തന്നെയാണ് ജില്ലതല ഡാറ്റ ക്രോഡീകരണം നടത്തിയത്. ഈ വിവരങ്ങളുടെ ക്രോഡീകരണം വഴി ജില്ലയിലെ കുട്ടികളുടെ വിവരശേഖരം സമ്പൂർണ്ണമാക്കുകയും അത് പ്രയോജനപ്പെടുത്തി ജില്ല പദ്ധതി പ്രവർത്തനം വികസിപ്പിക്കുകയും ചെയ്തു.

ജില്ല പഞ്ചായത്തും കിലയും വിവരശേഖരണത്തിന് തൃശ്ശൂരിൽ നേതൃത്വം നൽകി. ശേഖരിച്ച ഡാറ്റയുടെ പ്രാഥമിക വിശകലനം കിലയിൽ നിർവ്വഹിക്കുകയും ചെയ്തു. എല്ലാ വർഷവും തുടർച്ചയായി ഡാറ്റ പുതുക്കുന്നതിനും ഓട്ടോമാറ്റിക്ക് കമ്പൈലേഷനുകൾക്കും വേണ്ടി ഒരു പ്രോജക്ട് ജില്ല പഞ്ചായത്ത് ഏറ്റെടുക്കുകയും കുട്ടികളുടെ ഡാറ്റ കലക്ഷൻ പ്രാദേശിക സർക്കാർ വഴി എല്ലാ വർഷവും പുതുക്കുന്നതിനുള്ള സംവിധാനം ആവിഷ്ക്കരിക്കുകയും ചെയ്തു.

വിവരശേഖരണ ഫോറത്തിൽ കുട്ടികളുടെ ജനസംഖ്യ കണക്ക്, ശിശു ലിംഗാനുപാതം, ശിശു മരണ നിരക്ക്, പോഷകാഹാര നിലവാരം, പ്രധാന പ്രശ്ന മേഖലകൾ, സ്കൂൾ വിദ്യാഭ്യാസ നിലവാരം, നേരത്തെയുള്ള വിവാഹം, കുട്ടികളുടെ വൈകല്ല്യങ്ങൾ തുടങ്ങിയവ ഉൾക്കൊള്ളുന്നു.

പട്ടിക 3.2 - തൃശ്ശൂർ ജില്ലയിലെ കുട്ടികളുടെ വിവര ഉറവിടം

വിവരം	വിവര ഉറവിടം
കുട്ടികളുടെ വിവരങ്ങൾ ഒറ്റനോട്ടത്തിൽ (ഇന്ത്യ, കേരളം,തൃശ്ശൂർ)	NFHS 2015
ഇന്ത്യയിലെ കുട്ടികൾക്ക് പ്രധാന വികസന സൂചകങ്ങൾ	SRS 2013, RSOC & U-DISE
ചൈൽഡ് ലിംഗാനുപാതം	സെൻസസ് 2011
ശിശു മാതൃ മരണ നിരക്ക്	തദ്ദേശ സ്ഥാപന സെക്കണ്ടറി ഡാറ്റ
രോഗപ്രതിരോധവും രോഗബാധ തടയലും	തദ്ദേശ സ്ഥാപന സെക്കണ്ടറി ഡാറ്റ
ശൈശവകാല പരിചരണവും വിദ്യാഭ്യാസവും	തദ്ദേശ സ്ഥാപന സെക്കണ്ടറി ഡാറ്റ
കുട്ടികളുടെ പോഷണാരോഗ്യം	തദ്ദേശ സ്ഥാപന സെക്കണ്ടറി ഡാറ്റ
അങ്കണവാടി ഗുണനിലവാരം മെച്ചപ്പെടുത്തൽ	തദ്ദേശ സ്ഥാപന സെക്കണ്ടറി ഡാറ്റ
കുട്ടികളുടെ സ്കൂൾ പ്രവേശനവും നിലനിർത്തലും	തദ്ദേശ സ്ഥാപന സെക്കണ്ടറി ഡാറ്റ

സ്കൂൾ പശ്ചാത്തല സൗകര്യങ്ങൾ	തദ്ദേശ സ്ഥാപന സെക്കണ്ടറി ഡാറ്റ
ഭിന്നശേഷിക്കാരായ കുട്ടികൾ	തദ്ദേശ സ്ഥാപന സെക്കണ്ടറി ഡാറ്റ
ഭിന്നശേഷിക്കാരായ കുട്ടികളുടെ വിദ്യാഭ്യാസം	തദ്ദേശ സ്ഥാപന സെക്കണ്ടറി ഡാറ്റ
കുട്ടികൾക്കുള്ള പങ്കാളിത്ത വേദികൾ	തദ്ദേശ സ്ഥാപന സെക്കണ്ടറി ഡാറ്റ

കുട്ടികളെ സംബന്ധിച്ച ജില്ലയുടെ കാഴ്ചപാട്

കുട്ടികളുടെ അവകാശങ്ങൾ ഉറപ്പാക്കപ്പെടുന്നത് പ്രാദേശിക സർക്കാരുകൾ കുട്ടികളുടെ പ്രശ്നങ്ങൾ കണ്ടെത്തുകയും അവ പരിഹരിക്കുന്നതിന് ഭരണനടപടികൾ സ്വീകരിക്കുന്നതിനേയും ആശ്രയിച്ചാണിരിക്കുന്നത്. ശിശു വികസന മേഖലയിൽ തൃശ്ശൂരിലെ പല പ്രാദേശിക സർക്കാരുകളും അർത്ഥവത്തായ ഇടപ്പെടലുകൾ ഇതിനകം നടത്തിയിട്ടുണ്ട്. ജില്ല തലത്തിലുള്ള ദർശന രേഖ ജില്ലയിലെ മുഴുവൻ കുട്ടികളുടേയും പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള കർമ്മ പദ്ധതിക്ക് ദിശാബോധം നൽകാൻ സഹായിക്കും, ജില്ലതലത്തിലുള്ള കാഴ്ചപാട് രേഖ രണ്ട് തരത്തിലുള്ള വിവര സമാഹരണം വഴിയാണ് രൂപപ്പെടുലന്നത്.

1. കുട്ടികളുടെ വിവരശേഖരണം വഴി
2. കുട്ടികളുടെ ഗ്രാമസഭകളിൽ നിന്ന് ഉണ്ടായ ആശയങ്ങൾ വഴി

നാളിതുവരെ വകുപ്പുകൾ തുടർന്നിരുന്ന മേഖലാതല സമീപനമല്ല മറിച്ച് കുട്ടികളുടെ അവകാശാധിഷ്ഠിത സമീപനമാണ് ഈ കർമ്മ പദ്ധതി പിൻതുടരുന്നത്. താഴെ തട്ടിൽ നിന്നും മേൽതട്ടിലേക്ക് നിർദ്ദേശങ്ങൾ (ബോട്ടം അപ്പ്) എന്ന രീതി ശാസ്ത്രമാണ് തൃശ്ശൂർ ജില്ല കർമ്മപരിപാടി സ്വീകരിച്ചിട്ടുള്ളത്. ഓരോ പ്രാദേശിക സർക്കാരുകളോടും അവരുടെ പ്രാദേശിക തല ആവശ്യങ്ങളും പ്രശ്നങ്ങളും കണക്കിലെടുത്ത് പ്രാദേശിക കർമ്മപദ്ധതി ആവിഷ്ക്കരിക്കുവാൻ നിർദ്ദേശിച്ചിരുന്നു. ഇപ്രകാരം എല്ലാ തദ്ദേശ സ്ഥാപനങ്ങളുടേയും പ്രോജക്ടുകൾ ഒരു ചട്ടകൂടിനുകീഴിൽ കൊണ്ടു വരുമ്പോൾ ജില്ലയിലെ കുട്ടികളുടെ കർമ്മപദ്ധതി രൂപപ്പെടും.

ലക്ഷ്യങ്ങളും ക്രമീകരണവും

കുട്ടികൾക്കായുള്ള സംസ്ഥാന കർമ്മ പദ്ധതിയിൽ കുട്ടികൾക്കുവേണ്ടി പ്രവർത്തിക്കുന്ന എല്ലാ വകുപ്പുകൾക്കും ബാധകമായതും ഒരു തലത്തിൽ പോലും വിട്ടുപോകാത്തതുമായ ലക്ഷ്യങ്ങളും തന്ത്രങ്ങളും പ്രവർത്തനങ്ങളും നിഷ്ക്കർഷച്ചിട്ടുണ്ട്. എന്നിരിക്കലും ഓരോ വകുപ്പിനും സന്ദർഭോചിതമായ കൂടുതൽ പരിപാടികളും വ്യത്യസ്തമായ മുൻഗണനകളും സ്വീകരിച്ച് ലക്ഷ്യങ്ങൾ പുരോഗമനപരമായി പുനരാവിഷ്ക്കരിക്കാമെന്ന് നിർദ്ദേശിച്ചിരുന്നു. ഓരോ പ്രാദേശിക സർക്കാരും - ഗ്രാമപഞ്ചായത്തുകൾ നഗരസഭകൾ തുടങ്ങിയവ മേൽ പറഞ്ഞ രൂപരേഖയനുസരിച്ച് പ്രാദേശികമായി പ്രസക്തമായ തനതായ കർമ്മപദ്ധതി തയ്യാറാക്കുവാനും നിർദ്ദേശിച്ചിരുന്നു. പ്രദേശികമായി ലഭ്യമായ കുട്ടികളുടെ വിവരശേഖരത്തിന്റെ അടിസ്ഥാനത്തിൽ കുട്ടികൾ അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങളും പരിഹാരങ്ങളും തിട്ടപ്പെടുത്തി ലക്ഷ്യങ്ങൾ നിർണ്ണയിച്ച് മുഴുവൻ ജില്ലക്കും ബാധകമായ കർമ്മപദ്ധതിക്ക് രൂപം നൽകണം. ഓരോ വികസന മേഖലയും ഉൾപ്പെ

ടുത്തി ഇപ്രകാരം തയ്യാറാക്കുന്ന രേഖയായിരിക്കും കുട്ടികൾക്കായുള്ള ജില്ലാപദ്ധതിയുടെ പ്രധാന ഭാഗം.

എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളിലും കുട്ടികൾക്ക് വേണ്ടി തയ്യാറാക്കിയട്ടുള്ള മുഴുവൻ പ്രോജക്ടുകളും ക്രോഡീകരിച്ചാൽ തന്നെ ജില്ല പദ്ധതിയുടെ ബ്രഹത്തായ പദ്ധതിയാകും. ജില്ലാതലത്തിൽ കുട്ടികൾക്ക് പൊതുവായി ലക്ഷ്യങ്ങൾ നിർദ്ദേശിക്കുക വഴി ബാലസൗഹൃദ ജില്ല രൂപപ്പെടുത്തുന്നതിന് ഈ കർമ്മ പദ്ധതി സഹായകരമായ ഒന്നാകും.

കുട്ടികൾക്കായുള്ള കർമ്മപദ്ധതി തൃശ്ശൂർ - പ്രധാന ലക്ഷ്യങ്ങൾ

1. കുട്ടികളുടെ ലിംഗാനുപാദം സാധാരണനിലയിലെത്തിക്കുക
2. പ്രതിരോധ കുത്തിവെയ്പ്പ് 100%
3. സ്ഥാപനതല പ്രസവങ്ങൾ 100%
4. നവജാത ശിശു മരണം ഗണ്യമായി കുറക്കുക
5. കുട്ടികൾക്ക് സേവനം നൽകുന്ന എല്ലാ സ്ഥാപനങ്ങളിലും ശുചിത്വ സംവിധാനവും കുടിവെള്ളവും
6. എല്ലാ കുട്ടികൾക്കും ഉയർന്ന പോഷണ നിലവാരം - ശാരീരിക ക്ഷമത
7. എല്ലാ കുട്ടികൾക്കും കാലേകൂട്ടിയുള്ള രോഗനിർണ്ണയവും ഇടപെടൽ സംവിധാനങ്ങളും
8. ശൈശവകാല പരിചരണവും സാർവ്വത്രികവിദ്യാഭ്യാസവും
9. എല്ലാ അങ്കണവാടികൾക്കും നിലവാരമുള്ള പഞ്ചായത്തല സൗകര്യം
10. എല്ലാ സ്കൂളുകളും ആരോഗ്യപരവും ബാലസൗഹൃദപരവും
11. സ്കൂൾ കൊഴിഞ്ഞുപോക്കും മുടക്കങ്ങളും ഒഴിവാക്കുക
12. 18 വയസ്സുവരെ സാർവ്വത്രിക വിദ്യാഭ്യാസം
13. ഗുണമേന്മയുള്ള പ്രീ-മെട്രിക്ക് ഹോസ്റ്റലുകൾ
14. എല്ലാ ആദിവാസി വിദ്യാർത്ഥികൾക്കും പഠന നിലവാരവും സ്കോളർഷിപ്പും
15. അനുചിത പെരുമാറ്റങ്ങളിൽ നിന്നും കുട്ടികൾക്ക് സംരക്ഷണം
16. എല്ലാ സ്കൂളുകളും ലഹരി വിമുക്തം
17. ശൈശവ വിവാഹ വിമുക്ത ജില്ല
18. ഭിന്നശേഷിക്കാരായ എല്ലാ കുട്ടികൾക്കും പൊതു വിദ്യാഭ്യാസം ഉറപ്പാക്കുക
19. വൈകല്യബാധിരരായ കുട്ടികൾക്ക് സമഗ്രമായ സാമൂഹ്യ സംരക്ഷണം
20. കൗമാര പ്രായക്കാർക്ക് ആരോഗ്യകരവും സുരക്ഷിതവുമായ ജില്ല
21. ബാലസഭ എല്ലാ വാർഡുകളിലും സജീവം
22. എല്ലാ പൊതു ഇടങ്ങളും തടസ്സവിമുക്തവും ബാലസൗഹൃദവും
23. എല്ലാ വർക്കിംഗ് ഗ്രൂപ്പുകളിലും കുട്ടികൾക്ക് അംഗത്വം
24. ബാലപഞ്ചായത്തുകൾ, ബാല പാർലിമെന്റുകൾ

കുട്ടികൾക്കായുള്ള ജില്ലാ കർമ്മപദ്ധതിയുടെ വിശാലമായ തന്ത്രങ്ങൾ

ഈ തന്ത്രങ്ങൾ എല്ലാ മേഖലകളിലുമുള്ള ലക്ഷ്യങ്ങളും കർമ്മപദ്ധതികളും ഉറപ്പാക്കുന്നതിന് ബാധകമായ ഒന്നാണ്.

എ) കർമ്മപദ്ധതിയിൽ വിവക്ഷിക്കുന്നതുപോലെ 18 വയസ്സുവരെയുള്ള എല്ലാ കുട്ടികളുടേയും അതിജീവനം, വികസനം, സംരക്ഷണം, പങ്കാളിത്തം എന്നിവ ഉറപ്പാക്കുന്നതിനുള്ള എല്ലാ അവശ്യ സേവനങ്ങളും ലഭ്യമാക്കുക

ബി) പൊതുജന പിൻതുണയും അനുകൂല ഇടപെടലുകളും ആർജ്ജിക്കുന്നതിനായി കർമ്മ പദ്ധതിയുടെ ഉദ്ദേശങ്ങളും ലക്ഷ്യങ്ങളും ഉറപ്പാക്കപ്പെടുകയും അവ ബോധവൽക്കരണം വഴി ഉയർത്തികൊണ്ട് വരികയും വേണം

സി) കർമ്മപദ്ധതി നിർദ്ദേശങ്ങൾ മുൻഗണന അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിന് സമഗ്രമായ സാമൂഹ്യ പരിരക്ഷാ ചട്ടകൂട്ട് ഉറപ്പാക്കണം.

ഡി) എല്ലാ സേവനങ്ങളും തുല്ല്യമായി സുരക്ഷിതമായി അന്തസ്സോടെ എല്ലാ കുടുംബങ്ങൾക്കും സമൂഹത്തിനാകെയും പ്രാപ്യമാകുന്ന രീതിയിൽ പരിരക്ഷിതമായ സംവിധാനങ്ങൾ സൃഷ്ടിക്കണം.

ഇ) പെരുമാറ്റത്തിലും രീതി സമ്പ്രദായത്തിലും പരിവർത്തനം - സമൂഹത്തിന്റെ തലത്തിൽ നിലനിൽക്കുന്ന വ്യവഹാര രീതികളും കീഴ്വഴക്കങ്ങളും രീതി സമ്പ്രദായങ്ങളും കുട്ടികളുടെ നിലനിൽപ്പിനേയും വികസനത്തേയും സുരക്ഷയേയും ഉന്നമിപ്പിക്കുന്നതിന് പ്രോത്സാഹിപ്പിക്കുന്ന തരത്തിൽ മാറ്റം കൊണ്ട് വരുന്നതിന് ആവശ്യമായ വ്യവഹാര വ്യതിയാന ആശയ വിനിമയ തന്ത്രങ്ങൾ (Behavioural change communication) വികസിപ്പിക്കുന്നതിന് കർമ്മ പദ്ധതി ഊന്നൽ നൽകണം

അദ്ധ്യായം-4

തൃശ്ശൂർ ജില്ലാ - കുട്ടികളുടെ പ്രധാന പ്രശ്നങ്ങളും പരിഹാര നടപടികളും

തൃശ്ശൂർ ജില്ലയിലെ കുട്ടികളുടെ അവസ്ഥയുമായി ബന്ധപ്പെട്ട സ്ഥിതി വിവരകണക്കുകൾ താഴെ കൊടുത്തിരിക്കുന്നു. ഈ പട്ടികയിൽ കേന്ദ്ര, സംസ്ഥാന ജില്ലാ തലങ്ങളിൽ കുട്ടികളുടെ അവസ്ഥയെ സംബന്ധിച്ച താരതമ്യം ലഭ്യമാക്കിയിട്ടുണ്ട്. തദ്ദേശഭരണസ്ഥാപനങ്ങളിൽ നിന്ന് ലഭ്യമായ വിവരശേഖരണം അനുബന്ധം 5 ൽ കൊടുത്തിട്ടുണ്ട്

പട്ടിക -4.1 കുട്ടികളുടെ അവസ്ഥ ഒറ്റനോട്ടത്തിൽ

ക്രമ നം	ഇനം	ഇന്ത്യ	കേരളം	തൃശ്ശൂർ
1	15 വയസ്സിന് താഴെ പ്രായമുള്ള കുട്ടികളുടെ എണ്ണം (ശതമാനത്തിൽ)	28.6	20.2	18.3
2	പൊതുലിംഗാനുപാതം (1000 പുരുഷന്മാർക്ക് എത്ര സ്ത്രീകൾ)	991	1049	1075
3	6 വയസ്സിന് താഴെയുള്ള കുട്ടികളുടെ ലിംഗാനുപാതം	919	968	950
4	18 വയസ്സിന് മുമ്പ് വിവാഹിതരായ 20-24 പ്രായപരിധിയിൽ ഉൾപ്പെടുന്ന വനിതകൾ (ശതമാനത്തിൽ)	26.8	2.3	7.6
5	15-19 പ്രായപരിധിയിൽഗർഭിണിയായവരുടെ ശതമാനം	7.9	2.8	3
6	ശിശു മരണനിരക്ക്	41	6	4
7	5 വയസ്സിന് താഴെ പ്രായമുള്ള കുട്ടികളുടെ മരണനിരക്ക്	50	7	5
8	കുറഞ്ഞത് നാല് പ്രവശ്യമെങ്കിലും വൈദ്യ പരിശോധനക്ക് വിധേയരായിട്ടുള്ള ഗർഭിണികൾ	58.6	90.2	83.1
9	ഗർഭകാലത്ത് ടെറ്റനസ്സ് കുത്തിവെയ്പ്പ് പൂർണ്ണമായും എടുത്ത അമ്മമാരുടെ ശതമാനം	89	96.5	95.9

ക്രമ നം	ഇനം	ഇന്ത്യ	കേരളം	തൃശ്ശൂർ
10	ഗർഭകാലത്ത് നൂറോ അതിൽ കൂടുതൽ ഫോളിക്ക് ആസിഡ് ഗുളികകൾ കഴിച്ച അമ്മമാരുടെ ശതമാനം	30.3	67.1	70.3
11	പ്രസവാനന്തര വൈദ്യപരിശോധന ലഭിച്ചിട്ടുള്ള അമ്മമാരുടെ ശതമാനം	21	61.2	56.6
12	സ്ത്രീകളിൽ ആശുപത്രി പ്രസവത്തിന് വിധേയരായ ജനനി സുരക്ഷ യോജന പ്രകാരം സാമ്പത്തിക സഹായം ലഭിച്ചിട്ടുള്ള വരുടെ ശതമാനം	36.4	20.4	18.4
13	ആശുപത്രിയിൽ ജനിച്ച കുട്ടികളുടെ ശതമാനം	78.9	99.9	100
14	സർക്കാർ ആശുപത്രിയിൽ നടന്ന പ്രസവങ്ങളുടെ ശതമാനം	52.1	38.4	34.4
15	സിസേറിയൻ പ്രസവങ്ങളുടെ ശതമാനം	17.2	35.8	33.7
16	സ്വാകാര്യ ആശുപത്രിയിൽ നടന്ന സിസേറിയൻ പ്രസവങ്ങളുടെ ശതമാനം	40.9	38.6	34.4
17	സർക്കാർ ആശുപത്രിയിൽ നടന്ന സിസേറിയൻ പ്രസവങ്ങളുടെ ശതമാനം	11.9	31.4	32.5
18	0 -23 മാസം പ്രായപരിധിയിൽ പെടുന്ന കുട്ടികളിൽ സമ്പൂർണ്ണ കുത്തിവെയ്പ്പ് ലഭ്യമായിട്ടുള്ളവർ	62	82.1	88.3
19	പൊതുജനാരോഗ്യ സേവനം വഴി വാക്സിനേഷൻ സ്വീകരിച്ചിട്ടുള്ള 0 - 23 മാസം പ്രായപരിധിയിൽപ്പെട്ട കുട്ടികൾ	90.7	77.6	85.4
20	സ്വകാര്യ ആശുപത്രിയിൽ നിന്ന് വാക്സിനേഷൻ സ്വീകരിച്ചിട്ടുള്ള 0 - 23 മാസം പ്രായപരിധിയിൽപ്പെട്ട കുട്ടികൾ	7.2	22.4	14.6
21	പ്രസവാനന്തര കൊളട്രം മുലപ്പാൽ ലഭിച്ചിട്ടുള്ള കുട്ടികൾ	41.6	64.3	73.1
22	ആറ് മാസം വരെ മുലപ്പാല് മാത്രം കുടിച്ചിട്ടുള്ള കുട്ടികൾ	54.9	53.3	46.7
23	വളർച്ചകുറവ് അനുഭവപ്പെടുന്ന 5 വയസ്സിന് താഴെയുള്ള കുട്ടികൾ	38.4	19.7	20.8
24	ശരീരശോഷണം നേരിടുന്ന 5 വയസ്സിന് താഴെയുള്ള കുട്ടികൾ	21	15.7	15.3
25	5 വയസ്സിന് താഴെ ഗുരുതര പോഷണകുറവുള്ള കുട്ടികൾ (%)	7.5	6.5	9.4
26	ബോഡിമാസ്സ് ഇൻഡെക്സ് പ്രകാരം സാധാരണ തൂക്കം നേടാൻ കഴിയാത്ത സ്ത്രീകൾ	35.7	16.1	14
27	അമിതഭാരമുള്ള സ്ത്രീകൾ	22.9	9.7	8.2
28	6 - 59 മാസത്തിനിടയിലുള്ള വിളർച്ച ബാധിച്ച കുട്ടികൾ (%)	20.7	28.5	28.1
29	15 - 49 വയസ്സിനിടയിൽ പ്രായമുള്ള വിളർച്ച ബാധിച്ച ഗർഭിണികളല്ലാത്ത സ്ത്രീകൾ	58.4	35.6	39.4
30	15 - 49 വയസ്സ് പ്രായമുള്ള വിളർച്ച ബാധിച്ച ഗർഭിണികളായ സ്ത്രീകൾ	53.1	34.6	42.4

ക്രമ നം	ഇനം	ഇന്ത്യ	കേരളം	തൃശ്ശൂർ
31	15-49 വയസ്സിനിടയിൽ പ്രായമുള്ള വിളർച്ച ബാധിച്ച സ്ത്രീകൾ	53.0	34.2	42.1
32	15-49 വയസ്സിനിടയിൽ പ്രായമുള്ള വിളർച്ച ബാധിച്ച പുരുഷൻമാർ	22.7	11.3	11.6

ഉറവിടം NFHS 2015

അവകാശ മേഖലകളായ അതിജീവനം, വികസനം, സരക്ഷണം, പങ്കാളിത്തം എന്നിവയെ അടിസ്ഥാനമാക്കി കുട്ടികളുടെ നിലവിലുള്ള അവസ്ഥബോധ്യപ്പെട്ട് പ്രശ്ന പരിഹാരത്തിനായി ലക്ഷ്യങ്ങൾ, അത് ആർജ്ജിക്കുന്നതിനുള്ള തന്ത്രങ്ങളും കർമ്മപരിപാടികളും രൂപപ്പെടുത്തുന്ന ആസൂത്രണ പ്രക്രിയയാണ് കുട്ടികൾക്കായുള്ള കർമ്മ പദ്ധതി വിഭാവനം ചെയ്യുന്നത്. കുട്ടികൾക്ക് വേണ്ടിയുള്ള ദേശീയ സംസ്ഥാന കർമ്മ പദ്ധതി പിൻതുടരുന്നത് ഇന്ത്യയിലേയും സംസ്ഥാനത്തേയും കുട്ടികളുടെ പൊതുവായ പ്രശ്നങ്ങളും ലക്ഷ്യങ്ങളുമാണ്. ഇതിന്റെ തുടർച്ചയായി പ്രാദേശികമായ വിവരങ്ങളെ അടിസ്ഥാനമാക്കി പ്രശ്നങ്ങളും പരിഹാരങ്ങളും നിർദ്ദേശിക്കുകയും പ്രവർത്തിപഥത്തിൽ എത്തിക്കുകയും ചെയ്യുക എന്നത് കുട്ടികൾക്കായുള്ള ജില്ലാതല കർമ്മപദ്ധതിയുടെ ലക്ഷ്യമാണ്.ജില്ലാതല കർമ്മപദ്ധതിയിൽ രേഖപ്പെടുത്തിയിട്ടുള്ള ലക്ഷ്യങ്ങൾ, തന്ത്രങ്ങൾ, പ്രവർത്തനങ്ങൾ എന്നിവ ദേശീയ സംസ്ഥാനകർമ്മപദ്ധതിയുടെ അടിസ്ഥാനത്തിലാണ് രൂപപ്പെടുത്തിയിട്ടുള്ളത്. കില പ്രസിദ്ധീകരിച്ചിട്ടുള്ള ബാലസൗഹൃദ തദ്ദേശ ഭരണം എന്ന പ്രവർത്തന സഹായിയിലെ നിർദ്ദേശങ്ങളും അപഗ്രഥനങ്ങളും ഇതോടൊപ്പം ഉപയോഗപ്പെടുത്തുന്നതിന് പരിശ്രമിച്ചിട്ടുണ്ട്. ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും മനസ്സിലാകും വിധത്തിൽ വളരെ ലളിതമായ രീതിയിലാണ് ഈ കർമ്മപദ്ധതി രേഖ തയ്യാറാക്കിയിട്ടുള്ളത്.

എ. അതിജീവനത്തിനുള്ള അവകാശം

1. കുട്ടികളുടെ ലിംഗാനുപാതം

ലക്ഷ്യം - 0 - 6 വയസ്സു വരെയുള്ള കുട്ടികളുടെ ലിംഗാനുപാതം ഉയർത്തുക

പട്ടിക -4.2 കുട്ടികളുടെ നിലവിലെ ലിംഗാനുപാതം

ക്രമ നം	വിവരങ്ങൾ	ആൺ	പെൺ	ആകെ	ശതമാനം	ലിംഗാനുപാതം (1000 ആൺകുട്ടികൾക്ക് പെൺകുട്ടികളുടെ എണ്ണം)
1	ജനസംഖ്യ (2011 സെൻസസ്)	1480677	1640350	3121027		1108/1000
2	കുട്ടികൾ (0-6 വയസ്സ്)	155855	148081	303936	9.74	950/1000
3	0-18 കുട്ടികളുടെ ജനസംഖ്യ	450364	431524	881888	28.26	958/1000



ഗ്രാഫ് 4.17 - ജനസംഖ്യയടെ ലിംഗം തിരിച്ചുള്ള താരതമ്യം

അവസ്ഥാ വിശകലനം

2011 ലെ സെൻസസ് പ്രകാരം തൃശ്ശൂർ ജില്ലയിലെ ലിംഗാനുപാതം 1000/1108 ഉം, കേരളത്തിലെ ലിംഗാനുപാതം 1000/1084 ഉം ആണ്. തൃശ്ശൂർ ജില്ലയുടെ ലിംഗാനുപാതം സംസ്ഥാന ശരാശരിയേക്കാൾ മുകളിലാണ്.

പട്ടിക - 4.3. വിവിധ ജില്ലകളിലെ കുട്ടികളുടെ ലിംഗാനുപാതം

ക്രമ നമ്പർ	ജില്ല /സംസ്ഥാനം	മുതിർന്നവരുടെ ലിംഗാനുപാതം	കുട്ടികളുടെ ലിംഗാനുപാതം (0 - 6 വയസ്സ് വരെ)
	കേരളം	1084	964
1	കാസർഗോഡ്	1080	961
2	കണ്ണൂർ	1136	971
3	വയനാട്	995	965
4	കോഴിക്കോട്	1098	969
5	മലപ്പുറം	1098	965

6	പാലക്കാട്	1067	967
7	തൃശ്ശൂർ	1108	950
8	എറണാകുളം	1027	961
9	ഇടുക്കി	1006	964
10	കോട്ടയം	1039	964
11	ആലപ്പുഴ	1079	951
12	പത്തനംതിട്ട	1132	976
13	കൊല്ലം	1113	973
14	തിരുവനന്തപുരം	1087	964

അവലംബം - എക്കണോമിക്ക് റിവ്യു - 2015

2011 ലെ സെൻസസ് അനുസരിച്ച് തൃശ്ശൂർ ജില്ലയിൽ ശിശു ലിംഗാനുപാതം (0-6 വയസ്സ്) 950 ഉം സംസ്ഥാനത്ത് 964 ഉം ആണ്. 2001 ൽ തൃശ്ശൂരിലെ കുട്ടികളുടെ ജനസംഖ്യ (0-6 വയസ്സുവരെയുള്ള) 11.18 ശതമാനമായിരുന്നത് 2011 ൽ 9.74 ശതമാനമായി കുറഞ്ഞു. ഇത് ജനസംഖ്യാ വളർച്ചയിൽ അനുക്രമമായ കുറവ് സൂചിപ്പിക്കുന്നു.

തൃശ്ശൂർ ജില്ലയിൽ പെൺകുട്ടികളുടെ ലിംഗാനുപാതം കുറഞ്ഞു വരുന്നതായി കാണുന്നു.

1. കുറഞ്ഞു വരുന്ന ലിംഗാനുപാതം അനുലോമമായ ലിംഗതുല്യതക്ക് കാരണമാകും
2. എണ്ണം കുറയുന്നത് ദീർഘകാലാടിസ്ഥാനത്തിൽ ഒരു വികസന പ്രശ്നമായി മാറും.
3. കുട്ടികളുടെ ലിംഗാനുപാതം കുറയുന്നത് തടയുന്നതിനും ലിംഗാനുപാതം വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

കർമ്മപദ്ധതി

1. ഗ്രാമീണ/നഗര വ്യത്യാസം കൂടാതെ ലഭ്യമായ എല്ലാ വിഭവങ്ങളും ഉപയോഗിച്ചുകൊണ്ട് കുട്ടികളുടെ ലിംഗാനുപാതം വർദ്ധിപ്പിക്കുന്നതിന് ജില്ലാതല സംയോജിത ആക്ഷൻ പ്ലാൻ വികസിപ്പിക്കുക
2. ആരോഗ്യ, സാമൂഹ്യനീതി വകുപ്പുകളുമായും സ്വകാര്യ പങ്കാളിത്തത്തോടെയും സഹകരിച്ച് ഡിപിസി യുടെ പിൻതുണയോടെ പിസിപിഎൻഡിടി (PCPNDT) ആക്ടിന്റെ ഗുണപരമായ നടത്തിപ്പിന് വേണ്ടി ജില്ലാ മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിൽ യോഗം വിളിച്ചുചേർക്കുകയും അവലോകനം ചെയ്യുകയും ചെയ്യുക
3. എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളും ആരോഗ്യവകുപ്പുമായി ചേർന്ന് ഐഇസി (IEC) കാമ്പയിൽ നടത്തുകയും സൂചകഫലകങ്ങൾ സ്ഥാപിക്കുകയും ചെയ്യുക

4. വിദ്യാഭ്യാസം, ആരോഗ്യ, ഐസിഡിഎസ് വകുപ്പുകളുടെ പിൻതുണയോടുകൂടി അങ്കവാടികൾ, സബ്സെന്ററുകൾ, പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ, സ്കൂളുകൾ എന്നിവ വഴി പ്രചരണവും ബോധവൽക്കരണവും നൽകുക

2.ശിശു മരണം

ലക്ഷ്യം - ശിശു മരണനിരക്ക് കുറക്കൽ

സുവ്യക്ത ലക്ഷ്യങ്ങൾ

1. നവജാത ശിശു മരണനിരക്ക് 2/1000 ആയി കുറക്കുക
2. ശിശുമരണനിരക്ക് 5/1000 ആയി കുറക്കുക
3. മാതൃ മരണനിരക്ക് 30/100000 ആയി കുറക്കുക

ക്ര.നം	വിശദാംശങ്ങൾ	ആകെ എണ്ണം	നിരക്ക് (%)
1	ജനനങ്ങളുടെ എണ്ണം (ആരോഗ്യ/ഐസിഡിഎസ്റിപ്പോർട്ട് പ്രകാരം)	35136	--
2	കുട്ടികളുടെ ജനനരജിസ്ട്രേഷൻ (പുതിയ ജനനം)	35136	100 %
3	അപായസാധ്യതയുള്ള ഗർഭിണികളുടെ എണ്ണം	1814	5.16 %
4	നിർജ്ജീവ ജനനം	97	0.27 %
5	കാലാവധിക്ക് മുമ്പുള്ള പ്രസവങ്ങൾ	420	1.20 %
6	സ്ഥാപന പ്രസവങ്ങൾ	35136	100 %
7	മാതൃമരണങ്ങൾ	18	51/100000
8	നവജാതശിശു മരണങ്ങൾ (0-28 ദിവസം)	109	3/1000
9	ശിശു മരണങ്ങൾ (0-ദിവസം മുതൽ1 വർഷം വരെ)	201	6/1000
10	സിസേറിയൻ കേസുകളുടെ എണ്ണം	-	48%

പട്ടിക - 4.4 നിലവിലെ ശിശുമരണനിരക്ക്

ഉറവിടം പഞ്ചായത്തിൽ ശേഖരിച്ച വിവരം, ജില്ല ആരോഗ്യവകുപ്പ് വിവരം

അവസ്ഥാ വിശകലനം

സ്ഥാപനതല പ്രസവങ്ങൾ 100 ശതമാനം ആണെങ്കിലും ഇതിൽ 48 ശതമാനം പ്രസവങ്ങളും സിസേറിയനാണ്. പൊതുവായി സ്വീകാര്യമായ 15% സിസേറിയൻ പ്രസവങ്ങളെ കുറച്ചുകൊണ്ട് വരുന്നതിന് സ്വീകാര്യമായ ഇടപെടലുകൾ നടത്തേണ്ടതുണ്ടതുണ്ട്. കാലാവധിക്ക് മുമ്പുള്ള പ്രസവങ്ങൾ 5.28 ശതമാനമാണ്. നവജാത ശിശുമരണനിരക്ക് 3/1000, ശിശു മരണനിരക്ക് 6/1000 ആണ്. ഈ നിരക്കുകൾ മറ്റു സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ മികച്ചതാണെങ്കിലും ഇപ്പോഴുള്ള നിരക്കുകൾ കുറച്ചു കൊണ്ടു വരുന്നതിന് നവജാതശിശു പരിചരണത്തിനുള്ള മികച്ച സംവിധാനങ്ങൾ ആശുപത്രികളിൽ സജ്ജീകരിക്കേണ്ടതാണ്.

1. നവജാതശിശു മരണത്തിന് പ്രധാന കാരണങ്ങൾ - അപായസാധ്യതയുള്ള ഗർഭധാരണവും കാലാവധിക്കു മുമ്പുള്ള പ്രസവവുമായി ബന്ധപ്പെട്ടിരിക്കുന്നു. നവജാതശിശു സംരക്ഷണ സേവനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ആവശ്യകത ഇത് സൂചിപ്പിക്കുന്നു.
2. പ്രസവശത്രക്രിയ കേസ്സുകൾ കൂടുന്നത് ഗർഭിണികളുടെ ജീവിത ചര്യകളിലെ കുറവുകൾ ആയിരിക്കാം
3. നവജാത ശിശു പരിചരണ നിലവാരവും സുരക്ഷയും ഉയർത്തുന്നതിനുള്ള സംവിധാനങ്ങൾ കുറവാണ്.

തന്ത്രങ്ങൾ

1. എല്ലാ ഗർഭിണികളേയും കാലേകൂട്ടി രജിസ്റ്റർ ചെയ്യുക
2. നവജാതശിശു പരിപാലനവുമായി ബന്ധപ്പെട്ട് ജനിച്ചയുടനെ കുഞ്ഞിനെ മുലയൂട്ടുന്നതിനെ കുറിച്ചും സമ്പൂർണ്ണ മുലയൂട്ടലിന്റെ പ്രാധാന്യത്തെകുറിച്ചും കുടുംബങ്ങൾക്ക് ബോധവൽക്കരണം നൽകുക
3. ആശുപത്രികളിലെ പ്രസവ വാർഡുകളിൽ മികച്ച സൗകര്യവും സേവനവും നവജാതശിശു പരിപാലനത്തിനുള്ള മികച്ച സംവിധാനങ്ങളും ഉറപ്പു വരുത്തുക

കർമ്മപദ്ധതി

1. മാതൃശിശു ആരോഗ്യ പ്രവർത്തനങ്ങൾ ശക്തിപെടുത്തുന്നതിനു വേണ്ടി എല്ലാ ഏജൻസികളേയും ഏകോപ്പിച്ചുകൊണ്ട് പ്രസവപൂർവ്വ - പ്രസവാനന്തര സംരക്ഷണം ഏർപ്പെടുത്തുക
2. ആശുപത്രികളിലെ ശിശു പരിപാലന പരിപാടികൾ മെച്ചപ്പെടുത്തുക
3. ഗർഭിണികളുടെ രജിസ്ട്രേഷൻ, ആന്റി നാറ്റൽ ചെക്കപ്പുകൾ, അപകട സാധ്യതയുള്ള ഗർഭിണികൾക്ക് സ്പെഷലൈസ്ഡ് സ്ക്രീനിംഗ് എന്നിവ ഉറപ്പാക്കുക
4. ഗർഭിണികൾക്കായുള്ള പ്രതിരോധ ഔഷധ ചികിത്സ, അപായസാധ്യതയുള്ള ഗർഭധാരണത്തിൽ നിർബന്ധപൂർവ്വ പരിശോധനകൾ ഉറപ്പു വരുത്തുക
5. നവജാതശിശു സ്ക്രീനിംഗ്, ശിശു പരിപാലന വിദ്യാഭ്യാസം എന്നിവ അനിവാര്യമായി നടപ്പിലാക്കുക
6. സിസേറിയൻ കുറച്ചുകൊണ്ട് വരുന്നതിന്റെ ഭാഗമായി എല്ലാ ഗർഭിണികൾക്കും നൽകുന്ന പോഷണ ആരോഗ്യ വിദ്യാഭ്യസ പരിപാടിയിൽ ജീവിതശൈലി വിദ്യാഭ്യാസം കൂടി ഉൾപ്പെടുത്തുക

7. പ്രസവപൂർവ്വ പ്രസവാനന്തര പരിശോധനകൾ (ANC\PNC), നവജാതശിശു പരിചരണം, 1000 സുവർണ്ണദിനങ്ങൾ എന്നിവയിലെ സന്ദേശങ്ങളിൽ പ്രധാനപ്പെട്ടവ പരസ്യഫലകങ്ങളായി പ്രചരിപ്പിക്കുക. തദ്ദേശഭരണ സ്ഥാപനം ആരോഗ്യവകുപ്പുമായി സഹകരിച്ച് ഇവ തയ്യാറേക്കേണ്ടതാണ്.

രോഗപ്രതിരോധവും മാരകരോഗബാധ തടയലും

ലക്ഷ്യം

ഇളം പ്രായക്കാരായ കുട്ടികളിൽ പകർച്ച വ്യധികൾ പൂർണ്ണമായി തടയുകയും രോഗപ്രതിരോധ കുത്തിവെയ്പ് 100 % ഉറപ്പാക്കുകയും ചെയ്യുക

സുവ്യക്ത ലക്ഷ്യം

1. സമ്പൂർണ്ണരോഗപ്രതിരോധ പരിപാടി പ്രകാരം കുട്ടികൾക്ക് 100% സാർവ്വത്രിക രോഗപ്രതിരോധ കുത്തിവെയ്പ്പുകൾ ഉറപ്പാക്കുക
2. വൈറ്റമിൻ എ യുടെ അഭാവവും കുട്ടികളിലെ വിളർച്ചയും ഒഴിവാക്കുക
3. കുട്ടികൾക്കിടയിൽ ശ്വാസകോശ രോഗങ്ങളുടേയും വയറിളക്ക രോഗങ്ങളുടേയും ബാധ ഉൽമൂലനം ചെയ്യുക

പട്ടിക - 4.5 - രോഗപ്രതിരോധവും തടയാവുന്ന രോഗങ്ങളും - നിലവിലെ അവസ്ഥ

ക്ര. നം	വിശദാംശങ്ങൾ	ശതമാനം
1	പൂർണ്ണമായി പ്രതിരോധ കുത്തിവെയ്പ്പ് എടുത്ത കുട്ടികൾ	98
2	ഭാഗീകമായി കുത്തിവെയ്പ്പ് എടുത്ത കുട്ടികൾ	2
3	9-59 മാസം പ്രായമുള്ള കുട്ടികളിൽ വൈറ്റമിൻ എ നൽകപ്പെട്ടവർ	73.3
4	വിളർച്ച ബാധിച്ച കുട്ടികൾ (18 ന് താഴെ)	35
5	വിരരോഗം ബാധിച്ച കുട്ടികൾ (എസ് ടി എച്ച്)	35
6	ശ്വാസകോശ രോഗങ്ങൾ ബാധിച്ച കുട്ടികൾ	1.1

ഉറവിടം –NFHS 4

അവസ്ഥാ വിശകലനം

സമ്പൂർണ്ണ കുത്തിവെയ്പ്പ് നടത്തിയ കുട്ടികൾ 98 % ആണ്. ഇതിനർത്ഥം 2 % വിട്ടു നിൽപ്പ് ഇനിയും തുടരുന്നുവെന്നതാണ്. വൈറ്റമിൻ എ കവറേജ് 73.3 % വിളർച്ചരോഗം 35 % മായി തുടരുന്നു. ഇത് അയേൺ, ഫോളിക്ക് ആസിഡ് ഗുളികളുടെ സേവനം കൂടുതൽ ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യം സൂചിപ്പിക്കുന്നു. മണ്ണിൽകൂടി പകരുന്ന ഹെൽമിന്റസ് വിര ബാധ 35 % മാണ്. ഇത് കുട്ടികളുടെ ഇടയിൽ വിര രോഗ പ്രതിരോധ ഗുളികകളുടെ വിതരണത്തിന്റെ ആവശ്യം സൂചിപ്പിക്കുന്നു.

കുട്ടികളിൽ വയറിളക്കരോഗം കുറഞ്ഞിട്ടുണ്ടെങ്കിലും ശ്വാസകോശരോഗങ്ങളുടെ തോത് ഉയരുന്നുവെന്നതാണ് വിശകലനം സൂചിപ്പിക്കുന്നത്. ഇത് അന്തരീക്ഷ മലിനീകരണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളാണ്. ശുദ്ധ

ജലത്തിന്റേയും ശൗചാലയങ്ങളുടേയും ഗുണനിലവാരം ഉറപ്പാക്കേണ്ടതിന്റെ ആവശ്യകതയാണ് വിരരോഗങ്ങളുടെ പകർച്ച സൂചിപ്പിക്കുന്നത്. കുട്ടികൾ ചെറുപ്രായത്തിൽ തന്നെ പാദരക്ഷകൾ ഉപയോഗിക്കുക വിര പ്രതിരോധ മരുന്നുകൾ ഉപയോഗിക്കുക തുടങ്ങിയവ വിവരവിനിമയ വിദ്യാഭ്യാസ പ്രചരണത്തിൽ ഉൾപ്പെടുത്തേണ്ടതാണ്.പരിസര മലിനീകരണം പൊടിപടല നിയന്ത്രണം മാലിന്യ നിർമാർജ്ജനം പൊതുഇടങ്ങളിലെ ചപ്പുചവറുകളുടെ തിയ്യിടൽ പൊതു നിർമ്മിതികളുടെ പൊളിച്ചുനീക്കൽ തുടങ്ങയവയിൽ പുകയും പൊടിപടലങ്ങളും മാലിന്യങ്ങളും നിയന്ത്രിക്കാതിരിക്കുന്നത് ശ്വാസകോശ രോഗവ്യാപനങ്ങൾക്ക് പ്രധാന കാരണമാണ്.

തന്ത്രങ്ങൾ

1. സംയോജിത വിവരശേഖരണത്തെ അടിസ്ഥാനമാക്കിയുള്ള പ്രാദേശിക തലത്തിലുള്ള ഫലപ്രധമായ സൂക്ഷ്മതലത്തിലുള്ള ആസൂത്രണ പ്രക്രിയ രൂപപ്പെടുത്തുക
2. സമ്പൂർണ്ണ രോഗപ്രതിരോധ പ്രവർത്തനത്തിനായി സ്വകാര്യ സേവന ധാതാക്കളെ ഫലപ്രധമായി ഏകോപിക്കുക
3. ഗുരുതര ശ്വാസകോശ രോഗാണുബാധ നിയന്ത്രിക്കാൻ പ്രതിരോധ നടപടികൾ കൈകൊള്ളുക
4. കുട്ടികൾക്കിടയിൽ ഒടിവുകളും മുറിവുകളും തടയുന്നതിന് ഉചിതമായ പ്രവർത്തനങ്ങൾ ഏറ്റെടുക്കുക
5. കുട്ടികളുടെ മരണം സംബന്ധിച്ച മരണ ഓഡിറ്റ് (Death audit) നടപ്പിലാക്കുക

കർമ്മ പദ്ധതി

1. പ്രതിരോധ കുത്തിവെയ്പ്പുകൾ പ്രതിരോധ ഔഷധ ചികിത്സ എന്നിവ കാര്യക്ഷമമാക്കുന്നതിന് സ്വകാര്യ പങ്കാളികൾ, ഐസിഡിഎസ്, പട്ടികജാതി, പട്ടികവർഗ്ഗ, ഫിഷറീസ് തുടങ്ങിയ വകുപ്പുകളുടേയുംമറ്റു ഏജൻസികളുടേയും ആരോഗ്യ സേവനങ്ങൾ ഏകോപിപ്പിക്കുന്നതിന് ജില്ലാതല കർമ്മ പദ്ധതി ഉപയുക്തമാക്കേണ്ടതാണ്.
2. പ്രതിരോധകുത്തിവെയ്പ്പുകൾക്ക് എതിർപ്പുയർത്തുന്ന പ്രദേശങ്ങൾ, സംഘങ്ങൾ എന്നിവ കേന്ദ്രീകരിച്ച് ക്യാമ്പയുനുകളും സാമൂഹ്യ ബോധവൽക്കരണവും നടത്തേണ്ടതാണ്.
3. മുനിസിപ്പൽ തലത്തിലും ബ്ലോക്ക്തലത്തിലും പ്രദേശിക സർക്കാരുകൾ ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചു ചേർത്ത് ഇതിനായുള്ള പരിപാടി തയ്യാറാക്കുക
4. മാലിന്യങ്ങൾ, പൊടിപടലങ്ങൾ, തുറന്ന സ്ഥലത്തെ മാലിന്യം കത്തിക്കൽ, പുക തുടങ്ങിയവയുടെ ലഘൂകരണത്തിനായുള്ള പാരിസ്ഥിതിക സംരക്ഷണത്തെ അടിസ്ഥാനമാക്കിയുള്ള ജില്ലാതല പരിപാടികൾ പഞ്ചായത്തുകളും നഗരസഭകളും ഒരുമിച്ച് ഡിപിസിയുടെ പിൻതുണയോടെ നടപ്പിലാക്കുക

5. സുപ്രധാനമായ ശിശു വികസന രീതികൾ സംബന്ധിച്ച് ജില്ലാ പഞ്ചായത്തും മുനിസിപ്പൽ കൗൺസിലുകളും, ഗ്രാമപഞ്ചായത്തുകളും ബോധവൽക്കരണ ബോർഡുകൾ പ്രദർശിപ്പിക്കുക.
6. പൊതുസ്ഥലങ്ങളിൽ പ്രത്യേകിച്ച് ടോയലറ്റുകൾക്കടുത്ത് കൈകഴുകൽ, ഭക്ഷ്യസംരക്ഷണം, വൃത്തിയാക്കൽ തുടങ്ങിയവ സംബന്ധിച്ച് പോസ്റ്ററുകൾ പ്രദർശിപ്പിക്കുന്നതിന് പ്രോജക്ട് രൂപീകരിക്കൽ

ബി) വികസനാവകാശം

1 ശൈശവക്കാല പരിചരണവും വിദ്യാഭ്യാസവും(ECCE)

ലക്ഷ്യം - 3-5 വയസ്സിനിടയിലുള്ള എല്ലാ കുട്ടികൾക്കും ശൈശവക്കാല പരിചരണ വിദ്യാഭ്യാസ കേന്ദ്രങ്ങളിൽ പ്രവേശനം ഉറപ്പുവരുത്തുക

സുവ്യക്ത ലക്ഷ്യങ്ങൾ

1. തദ്ദേശഭരണസ്ഥാപനങ്ങൾ കുട്ടികളുടെ സമഗ്രവിവരശേഖരണം തയ്യാറാക്കുക
2. പ്രി-സ്കൂൾ പ്രായത്തിലുള്ള മുഴുവൻ കുട്ടികളേയും അങ്കണവാടി /ലഭ്യമായ പ്രി-സ്കൂൾ സ്ഥാപനങ്ങളിൽ പ്രവേശിപ്പിക്കുക
3. മൂന്ന് വയസ്സിന് തഴെ പ്രായമുള്ള എല്ലാ കുട്ടികളുടേയും വളർച്ചാ നിരീക്ഷണം ഉറപ്പുവരുത്തുകയും അനുപൂരക പോഷകാഹാര ലഭ്യത ഉറപ്പാക്കുകയും ചെയ്യുക
4. കുട്ടികളിൽ 5% പേർ ഇസിസിയിൽ പങ്കെടുക്കുന്നില്ല. ഇത് സൂചിപ്പിക്കുന്നത് ഹെൽത്ത് ഡിപ്പാർട്ടുമെന്റും ഐസിഡിഎസിലുമായി ലഭിക്കുന്ന വിവരങ്ങളിൽ നിന്ന്കുട്ടികളുടെ സമഗ്രമായ വിവരങ്ങൾ സൃഷ്ടിക്കേണ്ടതിന്റെ അനിവാര്യതയാണ്.
5. വളർച്ച നിരീക്ഷണത്തിന് വിധേയമാകുന്നത് 40% താഴെ കുട്ടികളാണ് ഇത് കാണിക്കുന്നത് 3 വയസ്സിൽ താഴെയുള്ള കുട്ടികളുടെ വളർച്ചാ നിരീക്ഷണം ഐസിഡിഎസ് മുഖേന സാർവ്വത്രികമാക്കേണ്ടതിന്റെ അനിവാര്യതയാണ്

പട്ടിക -4.6. ശൈശവകാല പരിചരണവും വിദ്യാഭ്യാസവും (ECCE) - നിലവിലെ അവസ്ഥ

ക്ര.നം	വിശദാംശങ്ങൾ	എണ്ണം	ശതമാനം
1	കുട്ടികളുടെ എണ്ണം (6 മാസം മുതൽ 3 വയസ്സു വരെ)	66011	
2	കുട്ടികളുടെ എണ്ണം 3 - 5 വയസ്സ്	78817	
3	പ്രീ-സ്കൂളിൽ പ്രവേശിപ്പിക്കപ്പെട്ട് കുട്ടികൾ (അങ്കണവാടി) 3-5 വയസ്സ്	33534	42.5
4	അങ്കണവാടി ഇതര സ്ഥാപനങ്ങൾ - പ്രീ-സ്കൂളിൽ പ്രവേശിപ്പിക്കപ്പെട്ട കുട്ടികൾ	40869	51.9
5	പ്രീ- സ്കൂളിൽ പ്രവേശിക്കപ്പെടാത്ത കുട്ടികൾ	4414	5.6
6	എസ് എൻപി (SNP)യിൽ ഉൾപ്പെടുന്ന 3-5 വയസ്സ് പ്രായമുള്ള കുട്ടികൾ	32930	41.78

7	ടേക്ക്ഹോം റേഷൻ(THRS) - എസ് എൻ പി യിൽ ഉൾപ്പെട്ടിട്ടുള്ള കുട്ടികൾ (6 മാസം- 3 വർഷം)	38210	58
8	സമ്പൂർണ്ണ മുലയൂട്ടൽ നൽകിയിട്ടുള്ള അമ്മമാരുടെ എണ്ണം	24161	46.7

ഉറവിടം ഐസിഡിഎസ് റിപ്പോർട്ട് 2015

അവസ്ഥാ വിശകലനം

കണക്കുകൾ പ്രകാരം 94% പ്രീ-സ്കൂൾ പ്രായം കുട്ടികൾ ഇസിസിയിൽ പങ്കെടുക്കുന്നുണ്ട്. ഇവയിൽ 42.5 % അങ്കണവാടിയിലും 51.9% മറ്റു പ്രീ-സ്കൂളിലുമാണ്. വിട്ടുപോയവരെ ഉൾപ്പെടുത്തുന്നതിന് പ്രത്യേക ശ്രദ്ധ ആവശ്യമാണ്. സമ്പൂർണ്ണ മുലയൂട്ടൽ നൽകുന്ന അമ്മമാർ 46.7% മാത്രമാണ്. ഇത് ബിഎഫ് എച്ച്ഐ ഇടപെടൽ ആവശ്യകത ചൂണ്ടികാണിക്കുന്നു.

അനുപൂരകപോഷകാഹാരം നൽകി വരുന്ന പ്രീ-സ്കൂൾ കുട്ടികളുടെ ശതമാനം 41.8% ആണ്. 3 വയസ്സിന് താഴെയുള്ള 58% കുട്ടികൾക്കും പോഷകാഹാരം നൽകി വരുന്നു.

തന്ത്രങ്ങൾ

1. അങ്കണവാടികളുടെ നിലവാരം ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കുക
2. എല്ലാ കുട്ടികളേയും പ്രീ-സ്കൂളിൽ പ്രവേശിപ്പിക്കുന്നതിനുള്ള ക്യാമ്പയിൻ സംഘടിപ്പിക്കുക
3. അങ്കണവാടി നിരീക്ഷണ മാനേജ്മെന്റ് സമിതികൾ ശക്തിപ്പെടുത്തുക
4. സവിശേഷ ആവശ്യങ്ങളുള്ള മുഴുവൻ കുട്ടികളേയും അങ്കണവാടികളിലോ /പ്രി-സ്കൂളുകളിലോ പ്രവേശിപ്പിക്കുക

കർമ്മപദ്ധതി

1. എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളും ശിശുക്കളുടെ സമഗ്രവിവര രേഖ തയ്യാറാക്കണം. പട്ടിക ജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾ, തീരദേശവാസികൾ/ ദുർഘട മേഖലകളിലെ കുട്ടികൾ, വൈകല്യമുള്ള കുട്ടികൾ തുടങ്ങിയവർക്ക് പ്രത്യേക ശ്രദ്ധ ഉറപ്പു വരുത്തുക
2. ആരോഗ്യം, ഐസിഡിഎസ്, പ്രീ-സ്കൂൾ ക്രഷ്, സ്വകാര്യശിശു സംരക്ഷണ കേന്ദ്രങ്ങൾ എന്നിവയെ ഉൾപ്പെടുത്തി വളർച്ചാ നിരീക്ഷണം സമഗ്രമാക്കുന്നതിന് നടപടിയും അങ്കണവാടി വഴി നേരിട്ടുള്ള ഇടപെടലും സാധ്യമാക്കുക
3. തദ്ദേശഭരണസ്ഥാപനത്തിന്റെ നേതൃത്വത്തിൽ ശൈശവ കാല പരിരക്ഷ ഉറപ്പാക്കുന്നതിന് ഐസിഡിഎസ് കോർഡിനേഷൻ കമ്മിറ്റി ശക്തിപെടുത്തുക. വില്ലേജ് ഹെൽത്ത് കമ്മിറ്റി, അങ്കണവാടി മോണിട്ടറിംഗ് കമ്മിറ്റി എന്നിവയുടെ പ്രവർത്തനങ്ങൾ മൂന്ന് മാസത്തിലൊരിക്കൽ മോണിട്ടർ ചെയ്യുക
4. ഐസിഡിഎസ് വാർഷീക സർവ്വേയോടനുബന്ധിച്ച് ഏപ്രിൽ മാസത്തിൽ ഇസിസിഇ എന്റോൾമെന്റ് 100% ആക്കുന്നതിന് ക്യാമ്പയിൻ നടത്തുകയും ഭിന്നശേഷി ബാധിച്ച മുഴുവൻ കുട്ടികളേയും പ്രവേശനത്തിൽ ഉൾപെടുത്തുകയും ചെയ്യുക.
5. എല്ലാ സേവനങ്ങളുടേയും ഫലപ്രദമായ പ്രവർത്തനം നിരീക്ഷിക്കുന്നതിനും പ്രത്യേക ലക്ഷ്യങ്ങൾ ഉറപ്പാക്കുന്നതിനും ഐസിഡിഎസിന്റെ ജില്ലാതല ഏകോപനം ശക്തിപ്പെടുത്തുക

6. പ്രി-സ്കൂളുകൾ കുട്ടികളുടെ വളർച്ച നിരീക്ഷണം നിർബന്ധമായി നടത്തുകയും മാസാന്ത്യത്തിൽ ക്ഷേമകാര്യ സ്റ്റാൻന്റിംഗ് കമ്മിറ്റിക്ക് നൽകുകയുംചെയ്യുക
7. ഇളംപ്രായക്കാരായ കുട്ടികളുടെ ഭക്ഷണം(IYCF) സന്ദേശങ്ങൾ ഐഇസി യിലൂടെ പ്രചരിപ്പിക്കണം
8. അങ്കണവാടി നിരീക്ഷണ മാനേജ്മെന്റ് ശക്തിപെടുത്തുകയും, കുട്ടികളിലെ വളർച്ചാ നിരീക്ഷണം സവിശേഷ വിദ്യാഭ്യാസത്തിൽ ചേരുന്ന കുട്ടികൾ അങ്കനവാടിയിൽ നിന്ന് ലഭ്യമാകുന്ന സേവനങ്ങൾ എന്നിവയുടെ ഗുണനിലവാരം നിരീക്ഷിക്കുക

2 കുട്ടികളുടെ പോഷണ ആരോഗ്യം

ലക്ഷ്യം - എല്ലാ കുട്ടികൾക്കും പരമാവധി പോഷണ നിലവാരം ഉറപ്പുവരുത്തുക

സുവ്യക്ത ലക്ഷ്യങ്ങൾ

1. 90% നവജാത ശിശുക്കളുടേയും ജനനഭാരം സാധാരണ നിലയിൽ എത്തിചേരുന്നുവെന്ന് ഉറപ്പു വരുത്തുക
2. 0-5 പ്രായത്തിലുള്ള 90% കുട്ടികൾക്കും കുറഞ്ഞത് സാധാരണ വളർച്ച ഉറപ്പാക്കുന്നതോടൊപ്പം മിതവും തീവ്രവുമായ വളർച്ചകുറവ് കുറക്കുന്നുവെന്ന് ഉറപ്പാക്കുക

പട്ടിക - 4.7. കുഞ്ഞുങ്ങളുടെ പോഷണ ആരോഗ്യം - നിലവിലെ സ്ഥിതി

ക്ര. നം.	വിശദാംശങ്ങൾ	ഭാരം അളന്ന കുട്ടികൾ	സാധാരണയും മുകളിലും	സൗമ്യമായ ഭാരകുറവ്	മിതമായ ഭാരകുറവ്	തീവ്രമായ ഭാരകുറവ്
1	നവജാതശിശു - ജനന ഭാരം	27411	20911 (76.2%)	3736 (13.6%)	2513(9.16%)	251 (.91%)
2	മൂന്ന് വയസ്സിന് താഴെ (0-3)	81295	60353 (74.24%)	11748 (14.45%)	8951 (11.01%)	243 (.30%)
3	3നും - 5 വയസ്സിനുമിടയിൽ (3-5)	61263	44872 (73.2%)	9682 (15.8%)	6491 (10.6%)	218 (.36%)
ആകെ		142558	105225(73.8%)	21430(15.03%)	15442(10.83%)	461 (.32%)

ഉറവിടം ഐസിഡിഎസ് റിപ്പോർട്ട് 2015



ചിത്രം 4.18 നവജാതശിശുവിന്റെ ആരോഗ്യനിലവാരം

അവസ്ഥാവിശകലനം

വിശകലനം സൂചിപ്പിക്കുന്നത് 23.8% കുട്ടികളുടെ ജനനഭാരം സാധാരണയിലും താഴെയും 0-3 പ്രായത്തിലുള്ള കുട്ടികൾ 26% ഭാരകുറവും 3-5 വയസ്സിന് ഇടയിലുള്ള കുട്ടികളിൽ 27% ഭാരകുറവും ഉള്ളവരാണ്. ഇത് ശരിയായ രീതിയിൽ സജ്ജമാക്കാൻ തീവ്ര പരിഹാര ശ്രമം ആവശ്യമാണ്.5 വയസ്സിന് താഴെയുള്ള കുട്ടികളിലെ പോഷകാഹാര നിലവാരം കാണിക്കുന്നത് കുട്ടികളിൽ വളർച്ച പ്രശ്നങ്ങൾ പ്രായം കൂടുന്നതോടെ ഉയരുന്നു എന്നതാണ്; കുട്ടികളുടെ ജനനഭാരം കുറവായി തുടരുന്നത് അമ്മമാരുടെ പോഷകാഹാര ലഭ്യത ശക്തിപ്പെടുത്തലിന്റേയും ഇരുമ്പ് സത്ത് ഗുളികകളുടെ വിതരണവും അനുബന്ധവും പോഷകാഹാര വിദ്യാഭാസത്തിന്റേയും ശാക്തീകരണത്തിന്റെയും ആവശ്യകതയുമാണ്.

തന്ത്രങ്ങൾ

1. ഐഎംഎൻസിഐ (IMNCA) നിർവ്വഹണം ഉറപ്പാക്കി കുട്ടികൾക്കിടയിലെ തീവ്ര ന്യൂനപോഷണം ഒഴിവാക്കുക
2. ശിശു സൗഹൃദ ആശുപത്രി നടപടികൾ വഴി സമ്പൂർണ്ണ മുലയൂട്ടൽ പ്രോത്സാഹിപ്പിക്കുക
3. ശിശുപോഷണ പരിപാടിയിലെ (IYCF)പ്രധാന സന്ദേശങ്ങൾ പ്രചരിപ്പിക്കൽ

കർമ്മ പദ്ധതി

1. ഗർഭിണികളുടെ പോഷണാരോഗ്യം (തൂക്കവർദ്ധന) നിരീക്ഷിക്കുകയും ആരോഗ്യവകുപ്പ് ഐസിഡിഎസ് പ്രവർത്തനങ്ങളിൽ അപകട സാധ്യതയുള്ള ഗർഭിണികൾക്ക് പ്രത്യേക പരിരക്ഷ ഉറപ്പാക്കുകയും ചെയ്യുക

2. ഗർഭിണികളുടെ ഭാരപുരോഗതിയും കുട്ടികളുടെ ജനനഭാരവും, തുടർ വികസനവും പരസ്പരം ബന്ധപ്പെട്ട കാര്യമാണെന്ന് കുടുംബ വിദ്യാഭ്യാസം വഴി പ്രചരിപ്പിക്കുക
3. ശൈശവകാല രോഗബാധ ഇല്ലാതാക്കുന്നതിന് സമഗ്രപരിപാടികൾക്കൊപ്പം ഉചിതമായ വിരരോഗ പ്രതിരോഗവും അനുപോഷകാഹാരവും ലഭ്യമാക്കുന്നതിനുള്ള പരിപാടിയും കാര്യക്ഷമമായി നടപ്പിലാക്കുക
4. ആരോഗ്യമേഖലയിൽ റഫറൽ സേവനം ശക്തിപ്പെടുത്തുക

3. അങ്കണവാടി നിലവാരം ഉയർത്തുക

ലക്ഷ്യം - എല്ലാ അങ്കണവാടി കേന്ദ്രങ്ങളും ബാലസൗഹൃദമായി വികസിപ്പിക്കുക
സുവ്യക്ത ലക്ഷ്യങ്ങൾ

1. എല്ലാ അങ്കണവാടികൾക്കും സ്വന്തമായ കെട്ടിടം നിർമ്മിക്കുക
2. സാധ്യമാകുന്നിടത്തെല്ലാം മാതൃക അങ്കണവാടികൾ വികസിപ്പിക്കുക (ഒരു ഗ്രാമ പഞ്ചായത്തിൽ ചുരുങ്ങിയത് 2 എണ്ണം)
3. വികസന വ്യതിയാനമുള്ള കുട്ടികൾക്ക് അങ്കണവാടികൾ വഴി സേവനം ലഭ്യമാക്കുക

പട്ടിക - 4.8. അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങളുടെ നിലവാരം - നിലവിലെ അവസ്ഥ

ക്ര.നം	വിശദാംശങ്ങൾ	എണ്ണം	ശതമാനം
1	അങ്കണവാടികളുടെ എണ്ണം	3016	
2	സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾ	2288	75.86
3	താൽക്കാലിക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾ	728	24.14
4	ബാലസൗഹൃദ ടോയലറ്റുള്ള അങ്കണവാടികൾ	2438	80.84
5	ശുദ്ധജലലഭ്യതയുള്ള അങ്കണവാടികൾ	1968	65.25
6	ചുറ്റുമതിലുള്ള അങ്കണവാടികൾ	1455	48.24
7	മാതൃക അങ്കണവാടികൾ	152	5.04

ഉറവിടം - ഐസിഡിഎസ് റിപ്പോർട്ട് 2015



ചിത്രം 4.19 അങ്കണവാടികളുടെ ഗുണനിലവാര നിർണ്ണയം

അവസ്ഥാവിശകലനം

ആകെയുള്ള 3016 അങ്കണവാടികളിൽ 728 അങ്കണവാടികൾക്ക് സ്വന്തമായ കെട്ടിടം ഇല്ല.സ്വന്തമായ കെട്ടിടം ഉള്ള അങ്കണവാടികളിൽ 19%ന് ശൗചാലയങ്ങൾ ഇല്ല. താൽക്കാലിക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾക്ക് ശരിയായ ടോയലറ്റ് സൗകര്യവുമില്ല. പകുതിയോളം (52%) അങ്കണവാടികളിൽ ചുറ്റുമതിലും മൂന്നിലൊന്നിന് അങ്കണവാടികളിൽ (34.75%) സ്വന്തമായ ജലവിതരണ സംവിധാനവും ഇല്ല. താൽക്കാലിക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അങ്കണവാടികളിൽ ടോയലറ്റ് കുട്ടിവെള്ളം ചുറ്റുമതിൽ എന്നിവ ഇല്ലാത്തത് കൊണ്ട് ഈ കേന്ദ്രങ്ങളുടെ നിലവാരം കുറവായിരിക്കും.

സ്വന്തംകെട്ടിടമുള്ള അങ്കണവാടികൾക്ക് പോലും ചുറ്റു മതിലും ജലവിതരണസംവിധാനവും നൽകിയിട്ടില്ലെന്നത് ശ്രദ്ധേയമാണ്. സ്വന്തമായി കെട്ടിടമുള്ള അങ്കണവാടികളിൽ മേൽപറഞ്ഞ അത്യാവശ്യ സൗകര്യങ്ങൾ ഏർപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതുണ്ട്. മോഡൽ അങ്കണവാടികളുടെ എണ്ണം 152 ആണ് (86+7+1) ഇത് കാണിക്കുന്നത്. എല്ലാ ഗ്രാമപഞ്ചായത്തിലും മുനിസിപാലിറ്റിയിലും ചുരുങ്ങിയത് 2 മാതൃക അങ്കണവാടികൾ എങ്കിലും ആയിട്ടില്ല.മാനസീക വെല്ലുവിളി ലേരിടുന്ന കുട്ടികളെ അങ്കണവാടികളിൽ ചേർക്കുന്നതിനുള്ള നടപടികൾ ഇന്നും പൂർണ്ണമല്ല.

തന്ത്രങ്ങൾ

1. എല്ലാ അങ്കവാടികളേയും, പ്രി-സ്കൂളുകളേയും സംബന്ധിച്ച പൂർണ്ണതോതിലുള്ള പശ്ചാത്തല വിവരശേഖരണം (ഫെസിലിറ്റി സർവ്വെ) ഉറപ്പുവരുത്തുക
2. 3-5 പ്രായത്തിലുള്ള എല്ലാ കുട്ടികളും ഇസിസിഇ യിൽ പങ്കെടുക്കുന്നുവെന്ന് ഉറപ്പു വരുത്തുക

3. എല്ലാ അങ്കണവാടികളിലും വികസന സംബന്ധമായ ഉചിതമായ പഠനം പരിസ്ഥിതിയും പഠനോപകരണങ്ങളും, വിനോദോപകരണങ്ങളും ഉണ്ടെന്ന് ഉറപ്പു വരുത്തുക
4. അങ്കണവാടികളിലും, പ്രീ-സ്കൂളുകളിലും ശുചിത്വ, ജല, ശൗചാലയ സൗകര്യങ്ങൾ (വാഷ്) ഉറപ്പു വരുത്തുക

കർമ്മപദ്ധതി

1. മുഴുവൻ അങ്കണവാടി കേന്ദ്രങ്ങൾക്കും കെട്ടിടം നിർമ്മിക്കുന്നതിനുള്ള സമഗ്ര പദ്ധതി സംയോജിത പരിപാടി ജില്ലാതലത്തിൽ രൂപപ്പെടുത്തുക
2. കോർപ്പറേറ്റുകളുടെ സഹായം ഉൾപ്പടെയുള്ള സമൂഹത്തിന്റെ പിൻതുണയോടെ പ്രത്യേക അങ്കണവാടികളും മാതൃക അങ്കണവാടികളും വികസിപ്പിച്ചെടുക്കുക
3. അങ്കണവാടികൾക്ക് ചുറ്റു മതിൽ പണിയുന്നതിനായി ജില്ലാതലത്തിലുള്ള സമഗ്ര പദ്ധതി ആവിഷ്ക്കരിക്കുക
4. മുഴുവൻ അങ്കണവാടികൾക്കും സുരക്ഷിതമായ കുടിവെള്ളം ലഭ്യമാക്കുക

4 സ്കൂളുകളിൽ കുട്ടികളുടെ പ്രവേശനവും നിലനിർത്തലും

ലക്ഷ്യം- 5-14 വയസ്സുപ്രായത്തിലുള്ള എല്ലാ കുട്ടികളുടേയും സ്കൂൾ പ്രവേശനവും തുടർ പഠനവും ഉറപ്പാക്കുക

സുവ്യക്ത ലക്ഷ്യങ്ങൾ

1. സ്കൂൾ കൊഴിഞ്ഞുപോക്ക് കുറക്കുന്നതിനായി എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളിലും 5 മുതൽ14 വയസ്സുവരെയുള്ള കുട്ടികളുടെ ഡാറ്റാ ബേസ് ചിട്ടപ്പെടുത്തി പുരോഗതി വിലയിരുത്തുക.
2. എസ്എസ്എ യുമായി സഹകരിച്ച് ഭിന്നശേഷിക്കാരായ കുട്ടികൾക്കും പഠന വൈകല്യമുള്ള കുട്ടികൾക്കും ഗുണനിലവാരമുള്ള വിദ്യാഭ്യാസപദ്ധതികൾ തദ്ദേശഭരണസ്ഥാപനങ്ങൾ ഉറപ്പു വരുത്തുക

പട്ടിക -4.9 സ്കൂളിലെ കൊഴിഞ്ഞുപോക്ക് - മുടങ്ങൽ

ക്ര.നം	വിശദാംശങ്ങൾ	ആകെ	ശതമാനം
1	കുട്ടികളുടെ കൊഴിഞ്ഞുപോക്ക്	1534	0.43%
2	കുട്ടികളുടെ മുടങ്ങൽ	86	0.02%
3	എസ്സി/എസ്.ടി കൊഴിഞ്ഞുപോക്ക്	131	0.04%

അവലംഭം - ഡി ഡി എഡ്യുക്കേഷൻ റിപ്പോർട്ട്

അവസ്ഥാവിശകലനം

കുട്ടികളുടെ കൊഴിഞ്ഞുപോകൽ നിരക്ക് 0.43% എന്നത് സംസ്ഥാന ശരാശരിയേക്കാൾ മുകളിൽ ആണെന്ന് കണക്കുകൾ കാണിക്കുന്നു. നിരന്തരമായ മുടങ്ങൽ ജില്ലയിൽ 0.02% എന്ന് റിപ്പോർട്ട്

ചെയ്തിരിക്കുന്നു.പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ കൊഴിഞ്ഞുപോക്ക് (0.04 ശതമാനം) ജനറൽവിഭാഗത്തിലെ കൊഴിഞ്ഞുപോക്കിനേക്കാൾ കുറവാണ്.

പട്ടിക വിഭാഗം കുട്ടികളുടെ കൊഴിഞ്ഞുപോക്ക് കുറവായത് സ്കൂളധിഷ്ഠിത ഇടപെടലുകളുടെ ഒരു നല്ല സൂചനയായി കണക്കാവുന്നതാണ്. സ്കൂളിലെ കൊഴിഞ്ഞുപോക്കും നിരന്തരമായ മുടങ്ങലും കുട്ടികൾക്കിടയിലെ ലഹരി ഉപയോഗത്തിന് കാരണമായി ചൂണ്ടികാണിക്കുന്നതുകൊണ്ട് ഇത് പരിഹരിക്കേണ്ടതാണ്. സ്കൂൾ വിജിലൻസ് കമ്മിറ്റികൾ പലയിടങ്ങളിലും കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല.

തന്ത്രങ്ങൾ

1. എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളിലും കുട്ടികളുടെ സമഗ്ര വിവരശേഖരണം ഉറപ്പു വരുത്തുക
2. സ്കൂൾ വിജിലൻസ് കമ്മിറ്റിയും കൊഴിഞ്ഞുപോക്ക് നിയന്ത്രിക്കുന്നതിനുള്ള കമ്മിറ്റിയും ഫലപ്രദമായി പ്രവർത്തിക്കുന്നുവെന്ന് ഉറപ്പാക്കുക
3. ഭിന്നശേഷിക്കാരായ മുഴുവൻ കുട്ടികൾക്കും സംയോജിത വിദ്യാഭ്യാസം ഉറപ്പു വരുത്തുക
4. ഇതര സംസ്ഥാന തൊഴിലാളികളുടെ കുട്ടികൾക്ക് സ്കൂൾ വിദ്യാഭ്യാസം ഉറപ്പാക്കുക

കർമ്മപദ്ധതി

1. കൊഴിഞ്ഞുപോക്കും നിരന്തരമായി മുടങ്ങലും ഒഴിവാക്കുന്നതിന് എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളുടേയും സന്നദ്ധസംഘടനകളുടേയും പങ്കാളിത്തത്തോടെ ജില്ലാതല കർമ്മപദ്ധതി തയ്യാറാക്കുക

5 ആരോഗ്യകരമായ വിദ്യാലയം

ലക്ഷ്യം - എല്ലാ സ്ക്കൂളുകളിലും ആരോഗ്യകരമായ പശ്ചാത്തലവും പരിസ്ഥിതിയും (വിദ്യാഭ്യാസ നിലവാരത്തിനുള്ള പരിസ്ഥിതി മെച്ചപ്പെടുത്തുക)

സുവ്യക്ത ലക്ഷ്യങ്ങൾ

1. എല്ലാ സ്കൂളുകൾക്കും നിയമാനുസൃത നിലവാരമുള്ള കെട്ടിടങ്ങൾ
2. എല്ലാ സ്കൂളുകളിലും ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും നിയമാനുസൃത ആനുപാതിക ടോയലറ്റ് സംവിധാനങ്ങളും പെൺസൗഹൃദ ബാത്ത് റൂമുകളും ഉറപ്പാക്കുക
3. ഹരിത വിദ്യലയ സംരംഭം വികസിപ്പിക്കുന്നതിലേക്കായി പരിസ്ഥിതി സംരക്ഷണം മാലിന്യമുക്തി, വൃത്തിയുള്ള കളിസ്ഥലം എന്നിവ ഉറപ്പാക്കുക
4. എല്ലാ വിദ്യാലയങ്ങളിലും തടസ്സവിമുക്തമായ പര്യാവരണം ഭിന്നശേഷിക്കാരായ കുട്ടികളുടെ സംയോജിത വിദ്യാഭ്യാസത്തിനായി ഉറപ്പു വരുത്തുക
5. എല്ലാ വിദ്യാലയങ്ങളിലേയും മാനദണ്ഡങ്ങൾ അനുസരിച്ചുള്ള അടിസ്ഥാന സൗകര്യങ്ങളും സ്കൂളുകളുടെ മറ്റ് സൗകര്യങ്ങളും ഉറപ്പുവരുത്തണം
6. എല്ലാ വിദ്യാലയങ്ങളും പെൺസൗഹൃദടോയലറ്റ്, നാപ്കിൻ വെന്റിംഗ്, ഡിസ്പോസൽ സംവിധാനം ഉറപ്പുവരുത്തുക
7. എല്ലാ സ്വകാര്യ, പൊതുസ്കൂളുകളുടേയും സുരക്ഷിതത്വവും സംരക്ഷണവും ഉറപ്പുവരുത്തുക

പട്ടിക - 4.10 സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങളുടെ വിശദാംശങ്ങൾ

ക്ര. നം.	വിശദാംശങ്ങൾ	എണ്ണം	ശതമാനം
1	ആകെ സ്കൂളുകളുടം എണ്ണം	1032	
2	സ്ഥിരം കെട്ടിടമുള്ള സ്കൂളുകൾ	955	92.54
3	താൽക്കാലിക കെട്ടിടമുള്ള സ്കൂളുകൾ	77	7.46
4	തടസ്സവിമുക്ത സ്കൂളുകൾ	635	61.53
5	കുടിവെള്ള സൗകര്യമുള്ള സ്കൂളുകൾ	970	93.99
6	പെൺസൗഹൃദ ടോയലറ്റുകൾ ഉള്ള സ്കൂളുകൾ	857	83.04
7	കൃഷി വ്യാപന ആഭിമുഖ്യം വളർത്തുന്ന സ്കൂളുകൾ	732	70.93

അവലംഭം - ഡി ഡി എഡ്യുക്കേഷൻ റിപ്പോർട്ട്, 2015

അവസ്ഥ വിശകലനം

93 % സ്കൂളുകൾക്കും സ്ഥിരമായ കെട്ടിടങ്ങളുണ്ടെന്ന് ഡാറ്റ സൂചിപ്പിക്കുന്നു. അതായത് 7% സ്കൂളുകൾ താൽക്കാലിക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഇവ ആധുനീകരിക്കേണ്ടതാണെന്നിരുന്നാലും ഈ സ്കൂളുകൾക്ക് ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് ലഭിക്കുന്നു. അതിനാൽ സുരക്ഷിതമായതായി പരിഗണിക്കാം. 94% സ്കൂളുകൾക്കും ജലലഭ്യത ഉണ്ട്. അതിന്റെ അർത്ഥം 6 % സ്കൂളുകളിൽ ഇപ്പോഴും സുരക്ഷിതമായ കുടിവെള്ള വിതരണസംവിധാനം ലഭ്യമല്ല . 83% വിദ്യാലയങ്ങളിൽ പെൺകുട്ടികൾക്ക് സൗഹൃദ ടോയലറ്റുകൾ ഉണ്ട്. എന്നാൽ 17% സ്കൂളുകളിൽ ടോയലറ്റുകൾ അനുപാതികമല്ല. 70% സ്കൂളുകളിലും ഹരിതവിദ്യാലയ സംവിധാനം ഉള്ളതായി കാണുന്നു. 62% സ്കൂളുകളും തടസ്സമുക്തമാണ്.



ചിത്രം 4.20 അടിസ്ഥാനപരമായ പിന്നാക്കാവസ്ഥ ഉള്ള സ്കൂളുകൾ

തന്ത്രങ്ങൾ

1. മാനദണ്ഡങ്ങൾ അനുസരിച്ചുള്ള അടിസ്ഥാന സൗകര്യങ്ങളും സ്കൂളുകളുടെ മറ്റ് സൗകര്യങ്ങളും ഉറപ്പുവരുത്തണം
2. എല്ലാ സ്വകാര്യ, പൊതുസ്കൂളുകളുടേയും സുരക്ഷിതത്വവും സംരക്ഷണവും ഉറപ്പുവരുത്തുക
3. എല്ലാ സ്കൂളുകളിലും പെൺസൗഹൃദടോയലറ്റ്, നാപ്കിൻ വെന്റിംഗ്, ഡിസ്പോസൽ സംവിധാനം ഉറപ്പുവരുത്തുക

കർമ്മപദ്ധതി

1. അടിസ്ഥാനസൗകര്യത്തിനുവേണ്ടി എംഎൽഎ, എംപി ജില്ലാപഞ്ചായത്തു വഴിയുള്ള ഫണ്ട് സ്വരൂപിക്കുക
2. കൃഷി വിദ്യാഭ്യാസ വകുപ്പിന്റെ സഹായത്തോടുകൂടി സ്കൂൾ, കൃഷി വ്യാപനത്തിന് പ്രാദേശിക സർക്കാർ തലത്തിൽ പ്രാധാന്യം കൊടുത്തുകൊണ്ടുള്ള ക്യാമ്പയിൻ സംഘടിപ്പിക്കുക
3. തദ്ദേശഭരണവകുപ്പിന്റെ പരിപാലന പദ്ധതി ഉൾപ്പെടുത്തി തടസ്സവിമുക്ത പശ്ചാതല സൗകര്യങ്ങൾ ഉറപ്പാക്കുക

സി. സംരക്ഷണത്തിനുള്ള അവകാശം

1. ഭിന്നശേഷിക്കാരായ കുട്ടികൾ

ലക്ഷ്യം - ഭിന്നശേഷിക്കാരായ കുട്ടികളുടെ വൈകല്യത്തിന്റെ തോത് കുറച്ചുകൊണ്ട് വരികയും ഭൗതീക പുനരധിവാസ സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്യുക

സുവ്യക്ത ലക്ഷ്യങ്ങൾ

1. കുട്ടികളിലെ വികാസ വ്യതിയാനങ്ങൾ കാലേകൂട്ടി കണ്ടെത്തുന്നതിനും ബൗദ്ധീക വെല്ലുവിളികൾ, ഓട്ടിസം, നാഡീപേശി സംബന്ധമായ വൈകല്യങ്ങൾ എന്നിവ നിർണ്ണയിക്കുന്നതിനും സംവിധാനം ലഭ്യമാക്കുക
2. മേൽ പറഞ്ഞ വിഭാഗം കുട്ടികൾക്ക് കാലേകൂട്ടിയുള്ള ശാസ്ത്രീയ ഇടപെടലുകളും പ്രചോദന സേവനങ്ങളും ഉറപ്പു വരുത്തുക
3. ഓട്ടിസം ബാധിച്ച കുട്ടികൾക്ക് സാധാരണ സ്കൂളിലോ പ്രത്യേക വിദ്യാലയങ്ങളിലോ പഠിക്കുന്ന തിന് ആവശ്യമായ പരിഷ്ക്കരിച്ച അധ്യാപന സംവിധാനങ്ങൾ ലഭ്യമാക്കുക
4. കാലേകൂട്ടിയുള്ള തിരിച്ചറിയലിനും ഇടപെടൽ സേവനങ്ങൾക്കും സംയോജിത വിദ്യാഭ്യാസത്തിനും ഭിന്നശേഷി സർട്ടിഫിക്കറ്റ് ഉറപ്പാക്കുക
5. ഭിന്നശേഷി തടയുന്നതിനായി സമഗ്രമായ പിൻതുണ സംവിധാനങ്ങൾ ഉറപ്പാക്കുക.

പട്ടിക -4.11 ഭിന്നശേഷി കുട്ടികളുടെ ജനസംഖ്യ - ഇപ്പോവത്തെ അവസ്ഥ

ക്ര. നം	വിശദാംശങ്ങൾ	പെൺ	ആകെ	Percentage out of Total CWD*
1	ശാരീരിക വൈകല്യം	1074	2748	42.85
1.1	ചലനവൈകല്യം	398	1241	19.35
1.2	ദൃശ്യവൈകല്യം	318	662	10.32
1.3	ശ്രവണവൈകല്യം	358	845	13.18
2	മാനസീക വെല്ലുവിളികൾ	1201	2838	44.20
2.1	ബുദ്ധിമാന്ദ്യം - ബൗദ്ധീകവെല്ലുവിളികൾ	733	1735	27.05
2.2	ഓട്ടിസം	117	331	5.16
2.3	സെറിബ്രൽ പാൾസി	140	314	4.90
2.4	ബഹുമുഖ വൈകല്യം	211	458	7.14
3	മറ്റുള്ളവ	331	827	12.90
3.1	മാനസീക രോഗം ബാധിച്ചവർ	292	715	1.75
3.2	മറ്റ് തരംതിരിക്കാത്തവർ	39	112	11.15
0-18 വരെ അംഗവൈകല്യമുള്ള കുട്ടികളുടെ ആകെ ജനസംഖ്യ		3807	2606	6413

*CWD with 40% disabilities

ഉറവിടം - സോഷ്യൽ സെക്യുരിറ്റി മിഷൻ സ്റ്റാറ്റിസ്റ്റിക്സ് & ഐസിഡിഎസ് റിപ്പോർട്ട്

അവസ്ഥാ വിശകലനം

കുട്ടികളുടെ മൊത്തം ജനസംഖ്യയുടെ 0.73 ശതമാനം അംഗപരിമിത കുട്ടികളാണ്. ഇവരിൽ 6413 പേർക്ക് 40% അല്ലെങ്കിൽ അതിൽ അധികം അംഗവൈകല്യമുണ്ടെന്ന സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുള്ളവരാണ്. ആകെ അംഗവൈകല്യമുള്ള കുട്ടികളിൽ 27% ബൗദ്ധീക വെല്ലുവിളികൾ ഉള്ള കുട്ടികളാണ്. ഓട്ടിസം ബാധിച്ച കുട്ടികൾ 5% സി പി 5%, എംഡി 7% എന്നിവയാണ്. ഇത്തരത്തിൽ മാനസീക വെല്ലുവിളികൾ ഉള്ള കുട്ടികൾ 30.1 % വരും. ഇത് സൂചിപ്പിക്കുന്നത് അംഗപരിമിതരായ കുട്ടികളിൽ മൂന്നിൽ ഒന്ന് കുട്ടികൾ മാനസീക വെല്ലുവിളികൾ ഉള്ളവരാണ്.



ചിത്രം 4.21 വൈകല്യങ്ങളുടെ തരം

തന്ത്രങ്ങൾ

1. വികസനവ്യതിയാനങ്ങൾ കാലേകൂട്ടി കണ്ടുപിടിക്കുക, വൈകല്യങ്ങൾ നേരത്തെ നിർണ്ണയിക്കുക, നിലവാരം തിട്ടപ്പെടുത്തുക, സർട്ടിഫിക്കറ്റ് ലഭ്യമാക്കുക, ശാസ്ത്രീയ ഇടപെടൽ തീരുമാനിക്കുക, ആവശ്യമായ സേവനങ്ങൾ വികസിപ്പിക്കുക എന്നിങ്ങനെ അംഗപരിമിതരായ കുട്ടികൾക്കും എല്ലാ സേവനങ്ങളും ഉറപ്പുവരുത്തുക
2. വൈകല്യബാധ തടയുന്നതിനുള്ള സേവനങ്ങളുടെ സംയോജനം ഉറപ്പാക്കുക

കർമ്മപദ്ധതി

1. വൈകല്യമുള്ള എല്ലാ കുട്ടികൾക്കും സ്ക്കോളർഷിപ്പും അവശ്യസഹായ ഉപകരണങ്ങളും സംയോജിതമായി വിതരണം ഉറപ്പാക്കുന്നതിനുള്ള ജില്ലാതല കർമ്മപദ്ധതി രൂപപ്പെടുത്തുക
2. തദ്ദേശഭരണസ്ഥാപനത്തിൽ ആസൂത്രണത്തിന് ആവശ്യമായ പുനരധിവാസ വിവരങ്ങൾ ഉൾപ്പെടുത്തി അംഗപരിമിതരായ കുട്ടികളുടെ സമഗ്ര വിവരശേഖരണം സൃഷ്ടിക്കുക
3. കുട്ടികളുടെ അംഗവൈകല്യം കാലേകൂട്ടി കണ്ടെത്തുന്നതിനും പരിഹരിക്കുന്നതിനും വേണ്ടി സ്വകാര്യ ഏജൻസികൾ ഉൾപ്പടെയുള്ള ഡിപ്പാർട്ടുമെന്റുതല ഏകോപനം ഉറപ്പാക്കുക
4. ശാസ്ത്രീയമായ ചെക്ക് ലിസ്റ്റ് ഉപയോഗിച്ച് വികസന വ്യതിയാനം കാലേകൂട്ടി കണ്ടെത്തുന്നതിന് ഐസിഡിഎസ് ആരോഗ്യം വിദ്യാഭ്യാസം എന്നീ വകുപ്പുകളുടെ തലത്തിൽ സംയോജിത പരിപാടി തയ്യാറാക്കുക

5. ജില്ലാതലത്തിൽ ഭിന്നശേഷി റിസോഴ്സ് സെന്റർ രൂപീകരിക്കുക

2. ഭിന്നശേഷിക്കാരായ കുട്ടികളുടെ വിദ്യാഭ്യാസം

ലക്ഷ്യം - അനുയോജ്യമായ സംവിധാനങ്ങൾ ലഭ്യമാക്കി ഭിന്നശേഷിക്കാരായ മുഴുവൻ കുട്ടികൾക്കും സാർവ്വത്രിക വിദ്യാഭ്യാസം ഉറപ്പു വരുത്തുക

സുവ്യക്ത ലക്ഷ്യം

1. ഭിന്നശേഷിക്കാരായ എല്ലാ കുട്ടികൾക്കും അംഗീകൃത നിരക്ക് അനുസരിച്ച് കാലാകാലങ്ങളിൽ തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള സ്ക്കോളർഷിപ്പ് സ്റ്റൈപ്പന്റുകൾ എന്നിവ ലഭിക്കുന്നു എന്ന് ഉറപ്പു വരുത്തുക
2. അർഹരായ മുഴുവൻ അംഗപരിമിതരായ കുട്ടികൾക്കും മെഡിക്കൽ ഓഫീസറുടെ സാക്ഷ്യപ്പെടുത്തൽ അനുസരിച്ച് ഉപകരണങ്ങൾ ലഭ്യമാക്കുക
3. സംയോജിത വിദ്യാഭ്യാസം സാധ്യമല്ലാത്ത ഇടങ്ങളിൽ അംഗപരിമിതരായ കുട്ടികൾക്ക് ബഡ്സ് സ്കൂൾ ഏർപ്പെടുത്തുക

പട്ടിക - 4.12 ഭിന്നശേഷി കുട്ടികളുടെ വിദ്യാഭ്യാസം

ക്ര.നം	വിശദാംശങ്ങൾ	ആൺ	പെൺ	ആകെ	ശതമാനം
1	തദ്ദേശഭരണസ്ഥാപനങ്ങളിൽ നിന്നുമ സ്കേളർഷിപ്പും, സ്റ്റൈപന്റും ലഭിക്കുന്ന കുട്ടികൾ	2648	1826	4474	69.8*
2	മറ്റു സ്കേളർഷിപ്പുകൾ ലഭിക്കുന്നവർ	376	306	682	10.6*
3	അംഗപരിമിതർക്കുള്ള സഹായ ഉപകരണങ്ങൾ ലഭിച്ചവർ	287	204	491	7.7*
4	പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന ഭിന്നശേഷിക്കാരായ കുട്ടികൾ			1942	45.4
5	സ്പെഷ്യൽ സ്കൂളിൽ പഠിക്കുന്ന കുട്ടികൾ			2335	54.6

ഉറവിടം - തദ്ദേശ സ്വയം ഭരണ വകുപ്പുകളിൽ നിന്നും ശേഫരിച്ച വിവരങ്ങൾ

- മൊത്തം അംഗപരിമിതരായ കുട്ടികളുടെ ശതമാനം

അവസ്ഥാ വിശകലനം

വൈകല്യമുള്ള 4474 കുട്ടികൾക്ക് സ്ക്കോളർഷിപ്പ് ലഭിക്കുന്നുണ്ട്, ഇത് വൈകല്യമുള്ള കുട്ടികളുടെ 69.8% ആണ്. ഈ രേഖ കാണിക്കുന്നത് അംഗപരിമിത കുട്ടികളിൽ 45% സാധാരണ സ്കൂളിലും 55% സ്പെഷൽ സ്കൂളിലുമാണ് പഠിക്കുന്നു എന്നതാണ്. സഹായ ഉപകരണങ്ങൾ ലഭിക്കുന്ന കുട്ടികളുടെ എണ്ണം 7.7 ശതമാനമാണ്. ഈ കുട്ടികൾക്ക് സർവ്വശിക്ഷ ആഭിയാൻ, കെഎസ്എസ്എം, വികലാംഗർ കോഓപ്പറേഷൻ, റോട്ടറി ക്ലബ്ബ്, ലയൺസ് ക്ലബ്ബ് തുടങ്ങിയ ഏജൻസികളിൽ നിന്ന് സഹായ ഉപകരണങ്ങൾ ലഭിക്കുന്നുണ്ട്



ചിത്രം 4.22 ബാല, വികലാംഗ പ്രശ്നപരിഹാര സംവിധാനങ്ങൾ

തന്ത്രങ്ങൾ

1. ഭിന്നശേഷിക്കാരായ കുട്ടികളെ സംബന്ധിച്ച വിവരശേഖരം തദ്ദേശഭരണ സ്ഥാപനങ്ങളിൽ നടത്തുക
2. അംഗപരിമിതരായ എല്ലാ കുട്ടികൾക്കും സാമ്പത്തിക പിൻതുണ, യാത്രാസൗകര്യം, ഉപകരണങ്ങൾ, പരിഹാര പരിശീലനം തുടങ്ങിയവ ലഭ്യമാക്കി വിദ്യാഭ്യാസം ഉറപ്പുവരുത്തുക
3. സംയോജിത വിദ്യാഭ്യാസം സാധ്യമല്ലാത്ത സാഹചര്യത്തിൽ പ്രത്യേക വിദ്യാഭ്യാസം നൽകുന്നതിനായി മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് ബഡ്സ് സ്കൂൾ ആരംഭിക്കുക
4. സ്കോളർഷിപ്പുകൾ വിദ്യാഭ്യാസ വർഷാരംഭത്തിൽ ലഭ്യമാക്കുക.

കർമ്മ പദ്ധതി

1. ഭിന്നശേഷി കുട്ടികളുടെ വിവരശേഖരണം നടത്തുകയും പുതുക്കുകയും ചെയ്യുക
2. എല്ലാ ബ്ലോക്ക് പ്രദേശത്തും ഒരു ബഡ്സ് സ്കൂൾ സ്ഥാപിക്കുകയും പഞ്ചായത്ത് അടിസ്ഥാനത്തിൽ ബഡ്സ് പുനരധിവാസ കേന്ദ്രങ്ങൾ സ്ഥാപിക്കുകയും ചെയ്യുക
3. അംഗപരിമിത കുട്ടികൾക്കായി അവരുടെ മാതാപിതാക്കളെ ഉൾപ്പെടുത്തി സ്വയം സഹായ സംഘങ്ങളും എഡിഎസും രൂപീകരിക്കുക

3. കുട്ടികളും അപായ സാധ്യതകളും

അപായ സാധ്യതയുള്ള കുട്ടികളെ 19 വിഭാഗങ്ങളിലായി പട്ടികപ്പെടുത്തിയിരിക്കുന്നു. അനാഥരായ കുട്ടികൾ, അവിചാരിതമായി അച്ഛനമ്മമാർ നഷ്ടപ്പെട്ടവർ, വിവിധത്തിലുള്ള അപായങ്ങൾക്ക് വിധേയരായ കുട്ടികൾ എന്നിവരെല്ലാം ഈ വിഭാഗത്തിൽ ഉൾപ്പെടുന്നു.

ലക്ഷ്യം - എല്ലാ കുട്ടികൾക്കും നല്ല ജീവിതം ഉറപ്പുവരുത്തുക

സുവ്യക്ത ലക്ഷ്യം

1. കുട്ടികളെ സംരക്ഷണ സ്ഥാപനങ്ങളിൽ നിന്നും പുറത്തുകൊണ്ട് വന്ന് സുരക്ഷിത പുനരധിവാസ നടപടികൾ കൈകൊണ്ട് എല്ലാ കുട്ടികൾക്കും കടുംബസംരക്ഷണം ഉറപ്പാക്കുക
2. ബാല ഭിക്ഷാടകരെ അനുയോജ്യ പരിപാടികളിലൂടെ സമൂഹ്യ ജീവിതത്തിലേക്ക് ഉൾചേർക്കുക
3. മദ്യം മയക്കുമരുന്ന് കടത്തികൊണ്ടപോകൽ എന്നിവ നിയമാനുസരണം തടയുന്നതിനും സമൂഹത്തെ ബോധവൽക്കരിക്കുന്ന പരിപാടികൾ ആവിഷ്ക്കരിക്കുകയും ചെയ്തു കൊണ്ട് ഫലപ്രദമായി പുനരധിവാസ നടപടികൾ ഉറപ്പാക്കുക
4. സുരക്ഷിതവും സംരക്ഷിതവുമായ സ്കൂൾ മേഖലകൾ ഉറപ്പുവരുത്തുക
5. സ്കൂൾ ആരോഗ്യ പരിപാടി കൗമാര ആരോഗ്യം നൈപുണി വിദ്യാഭ്യാസം സുരക്ഷിത കൗമാരം തുടങ്ങിയവ ഉറപ്പു വരുത്തുക
6. ഒരു ശൈശവ വിവാഹവും നടക്കുന്നില്ലെന്ന് ഉറപ്പു വരുത്തുക
7. അപായാവസ്ഥ നേരിടുന്ന എല്ലാ കുട്ടികൾക്കും ശ്രദ്ധാപൂർവ്വമുള്ള പ്രത്യേക പിൻതുണ നൽകി അനുയോജ്യമായ പുനരധിവാസ നടപടികൾ ഉറപ്പു വരുത്തുക

പട്ടിക 4.13 കുട്ടികളുടെ അപായ സാധ്യത അവസ്ഥ -(0-18 വയസ്സുവരെയുള്ള കുട്ടികളുടെ എണ്ണം 881888)

ക്ര. നം	വിശദാംശങ്ങൾ	കുട്ടികളുടെ എണ്ണം	ശത മാനം
1	അനാഥാലയങ്ങളിലെ കുട്ടികളുടെ എണ്ണം	6002	0.68
2	പ്രി-മെട്രിക്ക് ഹോസ്റ്റലുകളിൽ കുട്ടികളുടെ എണ്ണം	193	0.02
3	കാണാതായ കുട്ടികളുടെ എണ്ണം	49	0.005
4	ബാലനീതി നിയമത്തിനു കീഴിൽ ശിക്ഷക്ക് വിധേയരായ കുട്ടികളുടെ എണ്ണം	21	0.002
5	സംരക്ഷണ സമിതിയുടെ കീഴിലുള്ള കുട്ടികളുടെ എണ്ണം	21	0.002
6	പോക്സോ കേസുകളിൽ ഉൾപ്പെട്ടിട്ടുള്ള കുട്ടികളുടെ എണ്ണം	113	0.01
7	അവശതയനുഭവിക്കുന്ന കുട്ടികളുടെ എണ്ണം	347	0.03
8	ദത്തെടുക്കപ്പെട്ട കുട്ടികളുടെ എണ്ണം	218	0.02
9	മറ്റു കുടുംബസംരക്ഷണം/സ്പോൺസർഷിപ്പിനുകീഴിലുള്ള കുട്ടികളുടെ എണ്ണം	52	0.005
10	റോഡ് അപകടങ്ങളിൽപ്പെട്ട കുട്ടികളുടെ എണ്ണം	81	0.009
11	ദുരന്ത ബാധിതരായ കുട്ടികളുടെ എണ്ണം	1	-
12	അനാഥരായകുട്ടികളുടെ എണ്ണം	942	0.10
13	എച്ച്ഐവി ബാധിതരായ കുടുംബങ്ങളിലെ കുട്ടികളുടെ എണ്ണം	18	0.002

14	ഇതരസംസ്ഥാന തൊഴിലാളികളുടെ മക്കളുടെ എണ്ണം	628	0.07
15	സ്കൂളിൽപോകാൻ കഴിയാത്ത കിടപ്പുരോഗികളായ കുട്ടികളുടെ എണ്ണം	276	0.03
16	ബാലവേലയിൽപ്പെട്ട കുട്ടകളുടെ എണ്ണം	21	0.002
17	18 വയസ്സിന് മുമ്പേ വിവാഹിതരായ പെൺകുട്ടികൾ	23	0.002
18	അവിവാഹിതരായ അമ്മമാർ	17	0.001
19	കുട്ടികൾക്കെതിരെ റിപ്പോർട്ട് ചെയ്ത കുറ്റകൃത്യങ്ങൾ (ശാരീരികം, മാനസീകം, ലൈഗീകത, മറ്റുള്ളവ)	89	0.01
	അപായകരമായ അവസ്ഥയിലുള്ള മൊത്തം കുട്ടികൾ	9112	1.03

അവലംഭം - തദ്ദേശഭരണസ്ഥാപനങ്ങളിലെ സെക്കണ്ടറി ഡാറ്റ

അവസ്ഥാ വിശകലനം

135 അനാഥാലയങ്ങൾ കുടുംബ സംരക്ഷണം കുറഞ്ഞകുട്ടികൾക്കായി ജില്ലയിൽ പ്രവർത്തിക്കുന്നു. ജില്ലയിൽ പോക്സോ കേസിന് വിധേയരായ കുട്ടികളുടെ എണ്ണം 113 ആണ്. ആവശ്യമായ കുടുംബസംരക്ഷണം ലഭിക്കാതെയുള്ള കുട്ടികൾക്കായി ജില്ലയിൽ 135 ൽ പരം അനാഥ മന്ദിരം പ്രവർത്തിക്കുന്നുണ്ട്. കുട്ടികളുടെ ജനസംഖ്യയിൽ 0.68% പേർ അനാഥാലയങ്ങൾക്ക് കീഴിൽ കഴിയുന്നുണ്ട്. ഇത് ഭൂരിഭാഗവും സർക്കാരിതര സംവിധാനങ്ങളാണ്. കാണാതായ കുട്ടികൾ, നിയമലംഘനം നടത്തുന്ന കുട്ടികൾ, അവിവാഹിതരായ അമ്മമാരുടെ കുട്ടികൾ, ബാലവിവാഹം, ബാലവേല, ഒറ്റമുറിയിൽ താമസ്സിക്കുന്ന കുട്ടികൾ, ഇതര സംസ്ഥാന തൊഴിലാളികളുടെ കുട്ടികൾ എന്നിവരെല്ലാം ഈ വിഭാഗത്തിൽ ഉൾപ്പെടുന്നു.ഉദ്ദേശം 1.03 % കുട്ടികൾ അപായാവസ്ഥ നേരിടുന്നതായി കണക്കാക്കപ്പെടുന്നു

തന്ത്രം

1. സുരക്ഷിതവും സംരക്ഷിതവുമായ സ്കൂൾ മേഖലകൾ ഉറപ്പുവരുത്തുക
2. സ്കൂൾ ആരോഗ്യ പരിപാടി കൗമാര ആരോഗ്യം നൈപുണി വിദ്യാഭ്യാസം സുരക്ഷിത കൗമാരം തുടങ്ങിയവ ഉറപ്പു വരുത്തുക
3. ഒരു ശൈശവ വിവാഹവും നടക്കുന്നില്ലെന്ന് ഉറപ്പു വരുത്തുക
4. അപായാവസ്ഥ നേരിടുന്ന എല്ലാ കുട്ടികൾക്കും ശ്രദ്ധാപൂർവ്വമുള്ള പ്രത്യേക പിൻതുണ നൽകി അനുയോജ്യമായ പുനരധിവാസ നടപടികൾ ഉറപ്പു വരുത്തുക

കർമ്മപദ്ധതി

1. ജില്ലയിൽ അനാഥാലയങ്ങളിലെ നിലവാരങ്ങൾ ക്രമപ്പെടുത്തുന്നതിനുള്ള പ്രത്യേക പരിപാടികൾ ബന്ധപ്പെട്ട തദ്ദേശഭരണസ്ഥാപനങ്ങൾ സ്വീകരിക്കണം.
2. കുട്ടികളുടെ അപായാവസ്ഥ ഒഴിവാക്കുന്നതിനായി എല്ലാ തദ്ദേശഭരണസ്ഥാപനത്തിലും സ്കൂളുകളിലും ജാഗ്രതാസമിതിയും വിജിലൻസ് കമ്മിറ്റികളും ശക്തിപ്പെടുത്തുക

3. ദുർഘടാവസ്ഥയിലുള്ള കുട്ടികളുടെ പുനരധിവാസം സ്പോൺസർമാർ/പൊതു സ്വകാര്യപങ്കാളിത്തത്തിന്റെ സഹായത്തോടെ ഉറപ്പു വരുത്തുക
4. കുട്ടികൾക്കായുള്ള സ്ഥാപനങ്ങളിൽ കൗൺസലിംഗ് പരിപാടികൾ സംഘടിപ്പിക്കുക
5. അനാഥത്വം ഇല്ലാത്ത തദ്ദേശ ഭരണസ്ഥാപനങ്ങൾ

ഡി) പങ്കാളിത്തത്തിനുള്ള അവകാശം

1 കുട്ടികൾക്കായുള്ള പങ്കാളിത്ത സംവിധാനങ്ങൾ

ലക്ഷ്യം - പത്ത് വയസ്സിന് മുകളിൽ പ്രായമുള്ള എല്ലാ കുട്ടികളും സ്കൂളുകളിലും പൊതു ഇടങ്ങളിലും ലഭ്യമായ സംവിധാനങ്ങളിൽ ഫലപ്രദമായി പങ്കെടുക്കുന്നുവെന്ന് ഉറപ്പു വരുത്തുക

സുവ്യക്ത ലക്ഷ്യങ്ങൾ

1. എല്ലാ വിദ്യർത്ഥികളും സ്കൂൾ ക്ലബ്ബുകളിലും മറ്റു സമിതികളിലും സജീവ അംഗമായി നേതൃത്വപരമായ ഗുണങ്ങൾ, കഴിവുകൾ, ശാസ്ത്ര അഭിരുചികൾ എന്നിവ വികസിപ്പിക്കുന്നതിനായി പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പാക്കുക
2. കുട്ടികൾ അവരുടെ വീടുകൾക്ക് സമീപം ബാലസഭ എജി ക്ലബ്ബുകൾ എന്നിവയുടെ പ്രവർത്തനങ്ങളിൽ പങ്കാളിത്തം ഉറപ്പാക്കുകയും നേതൃത്വവികസനത്തിനും സാമൂഹിക ഇടപെടലിനും പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുക
3. പ്രാദേശിക ജനാധിപത്യത്തിലും പങ്കാളിത്ത ആസൂത്രണത്തിലും തീരുമാനമെടുക്കുന്നതിലും പങ്കാളികളാക്കുന്നതിനും കുട്ടികളുടെ ഗ്രാമസഭയിൽ എല്ലാ കുട്ടികളുടേയും ഹാജർ ഉറപ്പു വരുത്തുക
4. ബാലസഭകളും ബാലവികസനസമിതികളും സ്ഥിരമായി ശരിയായ രീതിയിൽ സംഘടിപ്പിക്കുക.
5. എല്ലാ അയൽകൂട്ടങ്ങൾക്ക് കീഴിലും ബാലസഭകളും എഡിഎസിന് കീഴിൽ ബാല സമിതികളും സംഘടിപ്പിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുക

പട്ടിക 4.14 കുട്ടികൾക്കായുള്ള പങ്കാളിത്ത വ്യവസ്ഥ

ക്ര.നം	വിശദാംശങ്ങൾ	എണ്ണം	ശതമാനം
1	തദ്ദേശഭരണസ്ഥാപനത്തിന്റെ കീഴിലുള്ള ബാലസഭ	3229	30
2	ബാലപഞ്ചായത്ത്	186	-
3	അഡോളിസെന്റ് ഗേൾസ് ക്ലബ്ബ്	1915	63.49
4	അഡോളിസെന്റ് ബോയ്സ് ക്ലബ്ബ്	222	7.36
5	സ്പെഷൽ ഗ്രാമസഭ	172	-
6	വർക്കിംഗ് ഗ്രൂപ്പിലെ കുട്ടികളുടെ പങ്കാളിത്തം	16	17.20
7	വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ സ്കൂൾ ക്ലബ്ബുകൾ	1806	-
8	വിജിലൻസ് കമ്മിറ്റി	120	-
9	കുട്ടികളുടെ സോഷ്യൽ ഓഡിറ്റ് ടീം	34	-

ഉറവിടം - തദ്ദേശഭരണസ്ഥാപനങ്ങളിൽ നിന്ന് 2016 ൽ ശേഖരിച്ച ദ്വിദീയ വിവരം

അവസ്ഥാ വിശകലനം

തദ്ദേശഭരണസ്ഥാപനങ്ങളിൽ 30% ബാലസഭകൾ മാത്രമാണ് ഫലപ്രദമായി പ്രവർത്തിക്കുന്നത്. 63% അങ്കണവാടികളിലും കൗമാരക്ലബ്ബുകൾ പ്രവർത്തിക്കുന്നുണ്ട്. 17% തദ്ദേശഭരണസ്ഥാപനങ്ങളിൽ വർക്കിംഗ് ഗ്രൂപ്പുകളിൽ കുട്ടികൾക്ക് പങ്കാളിത്തം നൽകിയിട്ടുണ്ട്. 17% തദ്ദേശ സ്ഥാപനങ്ങൾ മാത്രമാണ് കുട്ടികൾക്കായി പ്രത്യേകം ഗ്രാമസഭ നടത്തുന്നുള്ളു ഇത്. മെച്ചപ്പെടുത്തേണ്ടതുണ്ട്

തന്ത്രങ്ങൾ

1. കുട്ടികളുടെ ഗ്രാമസഭകളും വികസനസഭകളും ഉറപ്പാക്കുക
2. ബാലസഭ ഫലപ്രദമായി പ്രവർത്തിക്കുന്നുവെന്നും എല്ലാ അങ്കണവാടികളിലും എജി ക്ലബ്ബ് സജീവമായി പ്രവർത്തിക്കുന്നുണ്ടെന്നും ഉറപ്പുവരുത്തുക
3. എല്ലാ അയൽകൂട്ടങ്ങളിലും ബാലസഭയും, എഡിഎസുകളിൽ ബാലസമിതിയും, സിഡിഎസ് കളിൽ ബാലപഞ്ചായത്തുകളും ഉറപ്പാക്കുക

കർമ്മപദ്ധതി

1. ഓരോ വർഷവും കുറഞ്ഞത് 2 പ്രത്യേക ഗ്രാമസഭ കുട്ടികൾക്കായി സംഘടിപ്പിക്കുക, വാർഷീക പദ്ധതി നിർദ്ദേശങ്ങൾ അംഗീകരിക്കുമ്പോൾ ഡിപിസി ഈ പ്രവർത്തനം ഉറപ്പാക്കുക
2. ബാലസഭയും ബാലപഞ്ചായത്തും ശക്തിപ്പെടുത്തുന്നതിന് പ്രത്യേക ശ്രദ്ധ നൽകണം
3. കൗമാരക്ലബ്ബുകളും സ്കൂൾ ക്ലബ്ബുകളും ശാക്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക

2 കുട്ടികളുടെ പങ്കാളിത്തത്തിനായുള്ള പൊതു ഇടങ്ങളുടെ ലഭ്യത

ലക്ഷ്യം

കുട്ടികളുടെ പങ്കാളിത്തത്തിനായി എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളിലും വായനശാല, കളിസ്ഥലം, പാർക്കുകൾ തുടങ്ങിയ പൊതുഇടങ്ങൾ ഉറപ്പുവരുത്തുക

സുവ്യക്ത ലക്ഷ്യങ്ങൾ

1. എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളിലും ബാലകേന്ദ്രീകൃത പ്രവർത്തനംസാധ്യമായ ലൈബ്രറികൾ പ്രവർത്തിക്കുന്നുവെന്ന് ഉറപ്പുവരുത്തുക
2. എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളിലും കുട്ടികളുടെ പരിശീലനത്തിനായി നീന്തൽ കുളങ്ങൾ ഉറപ്പാക്കുക
3. എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളിലും ഒരു പ്രധാന കളി സ്ഥലവും ഓരോ വാർഡിലെങ്കിലും കുട്ടികൾക്കായുള്ള ഒരു കളിസ്ഥലം ഉണ്ടായിരിക്കണമെന്നും ഉറപ്പാക്കുക
4. എല്ലാ തദ്ദേശ ഭരണസ്ഥാപനങ്ങളിലും കുറഞ്ഞത് ഒരു പാർക്കും കുട്ടികൾക്കുള്ള പാർക്കും ലഭ്യമാണെന്ന് ഉറപ്പാക്കുക

പട്ടിക 4.15. കുട്ടികൾക്ക് ലഭ്യമായ പങ്കാളിത്ത പാശ്ചാത്തല സംവിധാനങ്ങൾ

ക്ര.നം	വിശദാംശങ്ങൾ	എണ്ണം
1	പൊതുവായനശാല	258
2	കുട്ടികളുടെ വായനശാല	115
3	ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ്	1168
4	പൊതു കളിസ്ഥലം	85
5	കുട്ടികളുടെ പാർക്ക്	19
6	സ്റ്റേഡിയം	26
7	കുട്ടികളുടെ പരിശീലനത്തിനുള്ള നീന്തൽ കുളം	10

ഉറവിടം - തദ്ദേശഭരണസ്ഥാപനങ്ങളുടെ സെക്കണ്ടറി ഡാറ്റ 2016

അവസ്ഥാ വിശകലനം

തദ്ദേശഭരണസ്ഥാപനങ്ങളുടെ എണ്ണത്തേക്കാളും കൂടുതൽ കളിസ്ഥലങ്ങൾ ഉണ്ടെങ്കിലും ആകെയുള്ള 93 തദ്ദേശഭരണ സ്ഥാപനങ്ങളിൽ 42 എണ്ണത്തിന് പൊതു കളിസ്ഥലമില്ല. എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളിലും സ്വന്തം ലൈബ്രറികളോ മറ്റ് ലൈബ്രറികളോ ഉണ്ടെന്നാണ് രേഖകൾ കാണിക്കുന്നത് എന്നാൽ 70% തദ്ദേശഭരണസ്ഥാപനങ്ങൾക്കും കുട്ടികൾക്കായുള്ള ലൈബ്രറികളില്ല.കുട്ടികൾക്കായുള്ള ലൈബ്രറികൾ, പാർക്കുകൾ കളിസ്ഥലങ്ങൾ തുടങ്ങിയവ ഒരുക്കുന്നത് തദ്ദേശഭരണസ്ഥാപനങ്ങളുടെ മുൻഗണനയായി ഇനിയും മാറിയിട്ടില്ല. വ്യാപകമായികൊണ്ടിരിക്കുന്ന നഗരവൽകരണവും കെട്ടിട നിർമ്മാണവും വിനോദങ്ങൾക്കും വിശ്രമത്തിനും ആവശ്യമായ പൊതുഇടങ്ങൾ ഏറെ കുറച്ചിരിക്കുന്നു. കേരളത്തിൽ യുവാക്കളും കുട്ടികളും അടിക്കടി മുങ്ങി മരിക്കുന്നത് നീന്തൽ പരിശീലനത്തിന്റെ പ്രാധാന്യത്തെ സൂചിപ്പിക്കുന്നു

തന്ത്രങ്ങൾ

1. നിലവിലുള്ള കുളങ്ങൾ നീന്തലിനും നീന്തൽ പരിശീലനത്തിനുമായി ശുചീകരിച്ചും പുനർനിർമ്മിച്ചും സജ്ജമാക്കുക
2. നിലവിലുള്ള കളിസ്ഥലങ്ങൾ നിലവാരമുയർത്തിയും കളിസ്ഥലങ്ങൾക്കായി ഭൂമി അക്വയർ ചെയ്തും കുട്ടികൾക്ക് കളിസ്ഥലം ലഭ്യമാക്കുക

തൃശ്ശൂർ ജില്ലയിൽ വിവിധ തദ്ദേശഭരണ സ്ഥാപനങ്ങൾ സംഘടിപ്പിച്ച കുട്ടികളുടെ ഗ്രാമസഭയിൽ നിന്ന്കുട്ടികൾ ഉന്നയിച്ച പ്രശ്നങ്ങളുടേയും നിർദ്ദേശങ്ങളുടേയും സംക്ഷിപ്ത വിവരങ്ങൾ (പട്ടിക -4.16)

എ. അതിജീവനാവകാശം

പ്രശ്നങ്ങൾ

- പൊതു സ്ഥലങ്ങളിലും ജലസ്രോതസ്സുകളിലും മാലിന്യം നിക്ഷേപിക്കുന്നത് സംബന്ധിച്ച്
- വിദ്യാലയങ്ങളിലെ കുടിവെള്ള ലഭ്യതയുടെ അഭാവം
- വേദനാജനകമായ രോഗപ്രതിരോധ കുത്തിവെയ്പ്പുകൾ
- കുട്ടികൾക്കായി കൃത്യതയോടെയുള്ളതും ക്രമാനുഗതവുമായ ആരോഗ്യപരിപാലനമില്ലായ്മ

നിർദ്ദേശങ്ങൾ

1. പ്ലാസ്റ്റിക് ഉപയോഗത്തിനെതിരെയുള്ള കർശന നടപടികൾ
2. വേദനാരഹിതമായ കുത്തിവെയ്പ്പ് സംവിധാനം ഒരുക്കുക

ബി. വികസനാവകാശം

പ്രശ്നങ്ങൾ

- വിദ്യാലയങ്ങളിലെ ആനുപാതിക ശൗചാലയ സൗകര്യങ്ങളുടെ അഭാവം
- പൊതുനിരത്തുകളിലും വിദ്യാലയങ്ങളിലുമുള്ള വിളക്കുകളുടെ അഭാവം
- പഠന നിലവാരത്തിൽ മികവു പുലർത്തുന്ന കുട്ടികൾക്ക് മാത്രം അദ്ധ്യാപകർ നൽകുന്ന പ്രത്യേക പരിഗണന
- വിദ്യാലയങ്ങളിലെ പാഠ്യേതര പ്രവർത്തികളുടെ അഭാവം
- വിദ്ഗ്ദരായ അദ്ധ്യാപകരുടെ കുറവ്
- ഗുണമേന്മയുള്ള ഉച്ചഭക്ഷണമില്ലായ്മ
- സഞ്ചാരദുർഘടമായ റോഡുകൾ
- സിലബസ്സിന് പുറത്തു നിന്നുള്ള ചോദ്യങ്ങൾ പരീക്ഷയിൽ ഉൾപ്പെടുത്തുക

നിർദ്ദേശങ്ങൾ

1. പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നൽകുന്ന പഠനോപകരണങ്ങൾ എല്ലാ വിഭാഗം കുട്ടികൾക്കും ലഭ്യമാക്കുക
2. തൊഴിൽപരമായ നൈപുണീ പരിശീലനങ്ങൾക്കൊപ്പം മൃദുലനൗപുണീ പരിശീലനം കൂടി ഉൾപ്പെടുത്തുക
3. എല്ലാ വിദ്യാലയങ്ങളും ബാലസൗഹൃദമാക്കുക

സി. സംരക്ഷണാവകാശം

പ്രശ്നങ്ങൾ

- മാതാപിതാക്കൾക്കിടയിലുള്ള ലഹരി (മദ്യം, മയക്കുമരുന്ന്) ഉപയോഗശീലം
- തെരുവു നായ്ക്കളുടെ ഉപദ്രവം
- പ്രൈവറ്റ് ബസ്സുകളിൽ വിദ്യാർത്ഥികൾ നേരിടുന്ന അനുചിത പെരുമാറ്റങ്ങൾ
- സ്ക്കൂൾ പരിസരങ്ങളിലുള്ള ലഹരി പദാർത്ഥങ്ങളുടെ ലഭ്യതയും ഉപയോഗവും
- നടപ്പാതകളുടെ അഭാവം മൂലമുള്ള യാത്രാദുരിതങ്ങൾ
- സൂചനാ ബോർഡുകളുടെ അഭാവത്താൽ വർദ്ധിച്ചുവരുന്ന റോഡപകടങ്ങൾ
- ഭിന്നശേഷി സൗഹൃദമല്ലാത്ത പൊതു ഇടങ്ങൾ
- കുട്ടികളിൽ വർദ്ധിച്ചു വരുന്ന മയക്കുമരുന്നു ദുരുപയോഗം

നിർദ്ദേശങ്ങൾ

1. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും പഠന പിൻതുണാ സംവിധാനം ഉറപ്പാക്കുക
2. കുട്ടികളുടെ അവകാശങ്ങളെ സംബന്ധിച്ച് മാതാപിതാക്കൾക്കും, അദ്ധ്യാപകർക്കും ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക
3. സ്ക്കൂൾ പരിസരത്ത് ലഹരി പദാർത്ഥങ്ങൾ വിൽക്കുന്നവർക്കെതിരെ കർശനമായ നടപടികൾ സ്വീകരിക്കുക
4. മൊബൈലിന്റേയും, ഇന്റർനെറ്റിന്റേയും ദുരുപയോഗത്തെപ്പറ്റി ബോധവൽക്കരണം നടത്തുക
5. ഭിന്നശേഷിക്കാരായ കുട്ടികൾക്ക് പ്രത്യേക പരിഗണന നൽകുക ഉദാ- യാത്രാസൗകര്യങ്ങൾ, റാമ്പ് തുടങ്ങിയവ
6. വിദ്യാർത്ഥികൾക്ക് കൗൺസലിംഗിനുള്ള സൗകര്യം ഒരുക്കുക
7. സ്കൂളുകളിൽ കുട്ടികൾക്കു നേരേയുള്ള അനുചിത പെരുമാറ്റങ്ങളിൽ ശരിയായ നടപടികൾ സ്വീകരിക്കുക
8. പ്രൈവറ്റ് ബസ്സുകളിൽ കുട്ടികൾക്കു നേരെയുള്ള വിവേചനങ്ങളേയും അനുചിത പെരുമാറ്റങ്ങളേയും സംബന്ധിച്ച് ബസ്സുടമകളുമായി ചർച്ചകൾ നടത്തി പ്രശ്നപരിഹാരം ഉണ്ടാക്കുക
9. കുട്ടികൾക്കുള്ള പൊതു വായനശാലകളുടെ നിലവാരം ഉറപ്പുവരുത്തുക
10. ബാലപീഢനങ്ങളിൽ നിന്ന് കുട്ടികളെ സംരക്ഷിക്കാൻ ഉതകുന്ന പ്രത്യേകമായ പ്രവർത്തനങ്ങൾ ഏറ്റെടുക്കുക
11. കുടുബങ്ങളിൽ നിന്നുള്ള പീഢനങ്ങളിൽനിന്നും കുട്ടികൾക്ക് സംരക്ഷണം നൽകുക
12. വിദ്യാലയ പരിസരങ്ങളിൽ കുട്ടികൾക്കായി സുരക്ഷിതാന്തരീക്ഷം സൃഷ്ടിക്കുക

ഡി. പങ്കാളിത്താവകാശം

പ്രശ്നങ്ങൾ

- കുട്ടികൾക്കുള്ള കളിസ്ഥലങ്ങളുടെ അഭാവം
- പെൺകുട്ടികൾക്ക് സ്വീകാര്യമായ കളിസ്ഥലമില്ലായ്മ
- ഭിന്നശേഷി സൗഹൃദമല്ലാത്ത പൊതു ഇടങ്ങൾ
- പ്രവർത്തന ക്ഷമമല്ലാത്ത സ്കൂൾ ക്ലബ്ബുകൾ
- കായിക പരിശീലനങ്ങളുടെ അഭാവം
- ബാലസഭകളുടെ നിർജ്ജീവാവസ്ഥ
- ബാലസൗഹൃദമല്ലാത്ത പൊതു ഇടങ്ങൾ

നിർദ്ദേശങ്ങൾ

1. സ്കൂൾ ക്ലബ്ബുകളുടെ പ്രവർത്തനം ശാക്തീകരിക്കുക
2. കുട്ടികൾക്ക് സ്വീകാര്യമായ വായനശാലകൾ ലഭ്യമാക്കുക
3. പൊതു ഇടങ്ങളിൽ എല്ലാ കുട്ടികൾക്കും ബാലസൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുക
